Date of publication:
9 ഏപ്രിൽ 2014 / വോള്യം 7 /ലക്കം 4/വില 15 ₹

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## തെരഞ്ഞെടുപ്പ് -
## സ്ത്രീകളുടെ ദേശീയ നയപ്രഖ്യാപനം




പ്രിയവായനക്കാർക്ക് വിഷു - ഈസ്റ്റർ ആശംസകൾ!

# സംഘടിത

ഏപ്രിൽ 2014 |വോള്യം 7|ലക്കം 4

## ഉള്ളടക്കം




5

തെരഞ്ഞെടുപ്പ് – സ്ത്രീക
ളുടെ ദേശീയ നയപ്രഖ്യാപനം
പരിഭാഷ : **രജനി.ബി**



7

അഴിമതിക്കെതിരേ...
**അനിതാപ്രതാപ്/ജ്യോതിനാരായണൻ**



21

ആദിവാസി മുന്നേറ്റങ്ങ
ളിലെ സ്ത്രീ സാന്നിധ്യം –
**സി.കെ ജാനു**

10. ലോക്സഭാ തെരഞ്ഞെടുപ്പിനെക്കുറിച്ച് ചില ചോദ്യങ്ങൾ
*പ്രതികരണങ്ങൾ:*
11. **ശാരദാമണി**
13 **ജ്യോതിനാരായണൻ**
15. **ഫൗസിയ ഷംസ്**
18. തിരഞ്ഞെടുപ്പ് റിയാലിറ്റിഷോയും കുറേ പ്രവാസചിന്തകളും – **ലിജി ഷംനാദ്**
26. ഇരിക്കൽ സമരപ്രഖ്യാപനം –**സ്മിത.കെ.ബി**
31. മുഖ്യമന്ത്രിക്കൊരു കത്ത്
33. സലോമിയുടെ രക്തസാക്ഷിത്വത്തിനു മുമ്പിൽ – **ഗീത**
34. ഇനിയെങ്കിലും നമുക്ക് നന്മക്കായി വോട്ടുചെയ്യാം...–**അജിത. കെ**
35. വാസ്തവം – **ഡോ.ജാൻസി ജോസ്**
36. എന്റെ പെൺകവിത – **ആതിര മുരളീധരൻ**
37. നീയും മനസ്സിലാക്കുക – **ജഗതി**
38. ദൈവവിളിയുടെ സ്നേഹ സാന്ത്വനങ്ങൾ–**ഡോ.ഷീജ.ആർ.എസ്**
43. ഇത്തിരി കാറ്റും വെളിച്ചവും... – **നിഫ്സ**
47. ചതിക്കപ്പെട്ട ഒരു പെൺകുട്ടിയുടെ കഥ – **സ്മിത.കെ.ബി**
49. കളിപ്പാവകൾ – **ദീക്ഷ.സി**
52. അർത്ഥാന്തരന്യാസം – **സരിത കൊമ്മാടത്ത്**
53. അഭയം – **രാജലക്ഷ്മി**
55. ഭൗമദിനങ്ങൾ ഓർമ്മിപ്പിക്കുന്നത്... – **സീമ ശ്രീലയം**
57. പുസ്തകപരിചയം
58. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം



| | | |
|---|---|---|
| എഡിറ്റർ | : | സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : | കെ.അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി.കെ.എം. |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**


അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com




## എഡിറ്റോറിയൽ




*സാറാജോസഫ്*

പ്രിയപ്പെട്ട സഹോദരിമാരേ,

രാജ്യം പതിനാറാമത് ലോകസഭാതെരഞ്ഞെടുപ്പിന്റെ പടിവാതില്ക്കലാണ്. ഇത്തവണ നമുക്ക് തെറ്റുപറ്റാതിരിക്കട്ടെ. രാഷ്ട്രീയത്തെ വെറുത്തതുകൊണ്ടോ മാറി മാറി വോട്ട് ചെയ്ത് തിന്മയെ അവരോധിച്ചതുകൊണ്ടോ വോട്ടു ചെയ്യുന്നില്ല എന്നുപറഞ്ഞ് മാറിനിന്നതുകൊണ്ടോ നമുക്ക് നമ്മുടെ രാജ്യത്തെ രക്ഷിക്കാനാകില്ല.

അഴിമതിയും വർഗ്ഗീയതയും കുടുംബവാഴ്ചയും അക്രമ-കൊലപാതക രാഷ്ട്രീയവും ജനാധിപത്യത്തെ ഛിന്നഭിന്നമാക്കിയിരിക്കുകയാണ്. അഞ്ചുകൊല്ലത്തിലൊരിക്കൽ വോട്ടുചെയ്യാനുള്ള അധികാരത്തിനുവേണ്ടിയല്ല, നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്ന ജനാധിപത്യത്തിലെ പരമാധികാരികളായ ജനങ്ങളായിത്തീരാൻ വേണ്ടി ചിന്തിച്ചുറപ്പിച്ച് വോട്ടു ചെയ്യുക!

സ്നേഹപൂർവ്വം
*സാറാടീച്ചർ*



പരിഭാഷ : **രജനി.ബി**

*കമല ഭാസിൻ, കരുണാ നന്ദി, സുനീതാ ധർ, അഖില ശിവദാസ്, ദേവകി ജെയ്ൻ, ഉർവ്വശി ബുട്ടാലിയ, ജൂഹി ജെയ്ൻ, റിതു മേനോൻ, കവിത കൃഷ്ണൻ, ശ്വേതാ ഗോസ്വാമി, കവിത ശ്രീവാസ്തവ, ഷീബ ജോർജ്ജ്, സ്വർണ്ണ രാജഗോപാലൻ, ആയിഷ കിദ്വായ്, പ്രബ്ലീൻ തുട്ടേജ, ജാനകി നായർ, കിരൺ ഷാഹിൻ, അനിത ഘലായ്, ആത്രേയീ സെൻ ഷീബ ചാച്ചി, ലളിത രാംദാസ്, റംലത്ത് കാവിൽ, ഗീതാഞ്ജലി ഗാംഗോലി, അനുരാധ കപൂർ തുടങ്ങിയ വ്യക്തികളും ഇന്ത്യൻ വിമൻ തിയോളജിഷ്യൻസ് ഫോറം, ആൾ ഇന്ത്യ പ്രോഗ്രസ്സീവ് വിമൻസ് അസോസിയേഷൻ, ഇന്ത്യൻ ക്രിസ്ത്യൻ വിമൻസ് മൂവ്മെന്റ്, അസ്മിത, ലേബിയ തുടങ്ങിയ സംഘടനകളും സംയുക്തമായി തയ്യാറാക്കിയ ദേശീയ വുമനിഫെസ്റ്റോ ആണ് താഴെ കൊടുത്തിരിക്കുന്നത്.*

# തെരഞ്ഞെടുപ്പ് – സ്ത്രീകളുടെ ദേശീയ നയപ്രഖ്യാപനം

**സ്ത്രീസ്വാതന്ത്ര്യത്തിനു** വേണ്ടിയുള്ള ശ്രമങ്ങൾക്ക് വീര്യം കൂടിയിരിക്കുന്നു. തലമുറകളായി അടിച്ചമർത്തപ്പെട്ട കോടിക്കണക്കിനു സ്ത്രീകളും പെൺകുട്ടികളും സമത്വത്തിനായി വാദങ്ങൾ നിരത്താൻ തുടങ്ങിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട അധികാരികളോട് മാറ്റങ്ങൾക്ക് വേണ്ടി അവരിൽ അധിഷ്ഠിതമായ മാർഗ്ഗങ്ങളും ഇച്ഛാശക്തിയും പ്രയോഗിക്കാൻ വോട്ടർമാർ ആവശ്യപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യത്തിനും സുരക്ഷക്കും സമത്വത്തിനും വേണ്ടിയുള്ള ഒരു 6 പോയിന്റ് വുമനിഫെസ്റ്റോ ഞങ്ങൾ മുന്നോട്ടു വെക്കുന്നു. 2014 ലോകസഭയിലേക്കുള്ള എല്ലാ സ്ഥാനാർത്ഥികളും താഴെ പറയുന്ന ആവശ്യങ്ങൾ ഉൾക്കൊള്ളണം.

**1) സമത്വത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം**: ലിംഗപരമായ വിവേചനത്തിനും അക്രമണത്തിനുമെതിരായ സമഗ്രമായ ഒരു പൊതുവിദ്യാഭ്യാസപരിപാടി ഞങ്ങൾ നടപ്പിലാക്കും. എസ്.എം.എസ്, റേഡിയോ, ടിവിയിലുള്ള പൊതുതാൽപര്യ പ്രചരണങ്ങൾ എളുപ്പത്തിൽ ലഭ്യമാവുന്ന ലെസ്സൻ പ്ലാനുകൾ, ടീച്ചർമാർക്ക് പരിശീലനം നൽകുന്ന മൊഡ്യൂളുകൾ, ഡോക്ടർമാർ പോലുള്ള പ്രൊഫഷണലുകൾക്ക് സഹായകമാവുന്ന പരിശീലന പരിപാടികൾ എന്നിവ ഉപയോഗിച്ചു ഒരു പാഠ്യപദ്ധതി ഞങ്ങൾ തയ്യാറാക്കും. ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും സ്ത്രീപുരുഷന്മാരേയും



വിദ്യാർത്ഥികളേയും ഇതിനായി ബോധവത്കരിക്കും.

**2. നിയമസാധൂകരണം :** ഓരോ സർക്കാർ ഏജൻസിയും നിയമങ്ങൾ നടപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനുമായുള്ള കാര്യപരിപാടികൾ തയ്യാറാക്കണം. ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾ അതു ഫണ്ടു ചെയ്യും. സംസ്ഥാനസർക്കാറുകളുമായി ഒത്തു പ്രവർത്തിച്ച് സ്ത്രീകൾക്ക് പ്രത്യേകിച്ചും പീഡനത്തിനിരയായ സ്ത്രീകൾക്ക് സാമ്പത്തിക സഹായവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്രൈസിസ് സെന്ററുകളും സേഫ് ഷെൽട്ടറുകളും എല്ലാ ജില്ലകളിലും സ്ഥാപിക്കും. കുട്ടികളുടെ ലൈംഗിക ചൂഷണം തടയുന്നതിനും നഗരങ്ങളിലും ഗ്രാമങ്ങളിലും കുട്ടികൾക്കുള്ള സുരക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും രക്ഷിതാക്കളെയും കുട്ടികളെയും ബോധവത്കരിക്കുവാനുള്ള ശ്രമങ്ങളും നടത്തും, 1,000,000 ജനങ്ങൾക്ക് 40 ജഡ്ജുകൾ എന്ന അനുപാതം കൊണ്ടുവരുന്നതിനായി ശ്രമിക്കും. ബലാത്സംഗം പോലുള്ള പീഡനങ്ങൾക്കിരയായവർക്ക് സർക്കാറുകളുടെ ഭാഗത്തു നിന്നുള്ള ധനസഹായവും നിയമസഹായവും മറ്റു സുരക്ഷാ നടപടികളും ഉറപ്പാക്കും.

**3. ജനങ്ങളുടെ പോലീസ് :** സ്ത്രീകൾക്കെതിരെയുള്ള കുറ്റങ്ങളെ സംബന്ധിക്കുന്ന ഒരു പ്രൊട്ടോക്കോൾ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. പോലീസ് സേനയിലും പ്രോസിക്യൂട്ടർ നിയമനങ്ങളിലും സ്ഥാനക്കയറ്റങ്ങളിലും ശിക്ഷാനടപടികളിലും ലിംഗവ്യത്യാസങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ടെങ്കിൽ അതിനായി നിയമഭേദഗതി കൊണ്ടുവരും. പുതിയ നിയമങ്ങളെ എതിർക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**4. സ്ത്രീകൾക്ക് അധികാരം നൽകും:** ലോക്സഭയിൽ സ്ത്രീസംവരണബില്ലിനെ ഞങ്ങൾ പിന്താങ്ങും. എല്ലാ കൗൺസിലുകളിലും കമ്മിറ്റികളിലും ദ്രുതകർമ്മസേനകളിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കും. സ്ത്രീവിരുദ്ധ പ്രസ്താവനകളോ ആക്രമ സംഭവങ്ങളിലോ പ്രതി ചേർക്കപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്ന ഒരു നിയമാവലി തയ്യാറാക്കുവാൻ ഞങ്ങൾ ശ്രമിക്കും. സദാചാരപോലീസിങ്ങിനെ തീർച്ചയായും എതിർക്കും.

**5. സത്വര ഉറപ്പുള്ള നീതി :** സ്ത്രീകൾക്കും സെക്ഷ്വൽ മൈനോറിറ്റി കൾക്കും എതിരെയുള്ള ആക്രമങ്ങളെ തടയുന്ന പുതിയ നിയമങ്ങൾ കൊണ്ടുവരും. മതങ്ങളുടെ പേരിലും ജാതിയുടെ പേരിലും സ്ത്രീത്വത്തിന്റെ പേരിലും പ്രായത്തിന്റെ പേരിലും സാമ്പത്തിക സ്ഥിതിയുടെ പേരിലും അംഗ വൈകല്യത്തിന്റെ പേരിലും മറ്റുമുള്ള വിവേചനങ്ങളെ ദൂരീകരിക്കുവാൻ ഞങ്ങൾ ശ്രമിക്കും. Pre-conception and Pre-Natal Diagnosis Technique Act നടപ്പിലാക്കും.

> സ്ത്രീകൾക്കും സെക്ഷ്വൽ മൈനോറിറ്റികൾക്കും എതിരെയുള്ള ആക്രമങ്ങളെ തടയുന്ന പുതിയ നിയമങ്ങൾ കൊണ്ടുവരും.

വിവാഹത്തിനുള്ളിലുള്ള ബലാത്സംഗം കണക്കിലെടുക്കാത്ത marital rape exemption, section 377 IPC എന്നിവ എടുത്തുകളയാൻ ഞങ്ങൾ ശ്രമിക്കും. സമ്മതത്തോടെ ലൈംഗികബന്ധത്തിലേർപ്പെടുന്ന പതിനാറും പതിനേഴും വയസ്സുള്ളവരെ നിയമനടപടികളിൽ നിന്നും ഒഴിവാക്കുവാൻ ശ്രമിക്കും. Armed forces special power act ന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള കസ്റ്റഡിയിലുള്ള ബലാത്സംഗങ്ങൾക്കെതിരെ നിയമഭേദഗതി കൊണ്ടുവരും. ദളിത് സ്ത്രീകൾക്കും ആദിവാസി സ്ത്രീകൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്ന ആക്രമണങ്ങളും തടയുവാൻ ശ്രമങ്ങൾ നടത്തും.

**6. സാമ്പത്തിക മുന്നേറ്റം –** സ്ത്രീകൾക്ക് ഞങ്ങൾ ഉറപ്പുള്ള, മാന്യമായ, നല്ല പ്രതിഫലമുള്ള തൊഴിലുകൾ ഉറപ്പാക്കും. എല്ലാ സെക്ടറിലും തൊഴിൽ–കൂലി സമത്വം കൊണ്ടുവരും. ക്രെഷുകളും അതുപോലെയുള്ള സഹായങ്ങളും MNREGA തൊഴിലാളികൾക്കും നൽകും; സംഘടിത അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും ആദരവും കൂലിയും ഉറപ്പാക്കും. ആശ തൊഴിലാളികൾക്കും അംഗൻവാടി തൊഴിലാളികൾക്കും അതുപോലെ ഓണറേറിയും മാത്രം കൈപ്പറ്റുന്ന ജോലികളിലേർപ്പെടുന്ന എല്ലാ സ്ത്രീകൾക്കും സർക്കാർ തൊഴിലാളി പദവി നൽകും. തൊഴിൽ സ്ഥലത്തെ പീഡന വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കും. സർവ്വസ്ത്രീകൾക്കും വാർദ്ധക്യ പെൻഷൻ ഉറപ്പാക്കും. പെൺകുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കും.

കുടുംബസ്വത്തിന്മേലുള്ള അവകാശം സ്ത്രീകൾക്കും ബാധകമാക്കും. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരകൾ നിർമ്മിക്കും. സ്ത്രീ സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള ഗതാഗത സൗകര്യങ്ങൾ കൊണ്ടുവരും.



# അഴിമതിക്കെതിരേ...

അനിതാപ്രതാപ്/
ജ്യോതിനാരായണൻ

**എറണാകുളത്ത്** നിന്ന് ആം ആദ്മി പാർട്ടി (AAP)യുടെ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന അറിയപ്പെടുന്ന പത്രപ്രവർത്തക 'അനിതാപ്രതാപ്' നെ സംഘടിതക്കുവേണ്ടി ഇന്റർവ്യൂ ചെയ്യാൻ രണ്ടു മൂന്ന് കൂട്ടുകാരികളോടൊപ്പമാണ് ഞാൻ പോയത്. പത്രക്കാരുടേയും ചാനലുകാരുടേയും ചോദ്യോത്തരങ്ങൾക്കിടയിൽ ഞങ്ങളെ കണ്ടപ്പോൾ തന്നെ 'അടുത്ത ദിവസം ഞാൻ പത്രിക നൽകാൻ പോകുമ്പോൾ നിങ്ങളൊക്കെ ഉണ്ടാകണം. നമ്മൾ ഒന്നിച്ചുനിന്നാൽ പലതും മാറ്റിയെടുക്കാൻ കഴിയും." എന്നാണ് നിറഞ്ഞ ചിരിയോടെ ആദ്യം പറഞ്ഞത്. കൂടെയുണ്ടായിരുന്ന മിനി, മാഡം എന്ന് വിളിച്ച് ഞങ്ങളെ പരിചയപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവർ തിരുത്തി "മാഡം അല്ല, 'ചേച്ചി'. ചേച്ചീന്ന് വിളിച്ചാൽ മതി." നിരവധി ഫോൺകോളുകൾക്കിടയിലാണ് ഞങ്ങൾക്ക് സംസാരിക്കാൻ കഴിഞ്ഞത്. കുറേ കാലങ്ങളായി കേരളത്തിൽ നിന്ന് മാറി നിന്നതു മൂലം ചില പ്രയോഗങ്ങൾക്ക് അല്പം തടസ്സം വന്നെങ്കിലും ഞങ്ങൾ സംസാരിച്ചത് മുഴുവൻ മലയാളത്തിലായിരുന്നു.



*ഒരു രാഷ്ട്രീയപാർട്ടിയിൽ അംഗമാകുമെന്നും തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നും ഇതിന് മുമ്പ് എപ്പോഴെങ്കിലും ചിന്തിച്ചിരുന്നോ?*

ഒരിക്കലുമില്ല. ഞാൻ ഒരു പത്രപ്രവർത്തകയാണ്. അതാണ് എന്റെ ഉത്തരവാദിത്വം എന്നാണ് ഞാൻ വിശ്വസിച്ചിരുന്നത്. പത്തുമുപ്പതുവർഷത്തിലധികം ഞാൻ എഴുതി. പക്ഷേ നമ്മുടെ നാട്ടിലെ അവസ്ഥ. ഇവിടുത്തെ അഴിമതിയും സ്ത്രീകളോടുള്ള അവഗണനയും അക്രമവും നീതിനിഷേധവും കണ്ട് നിരാശയായി. അപ്പോഴാണ് ആം ആദ്മി പാർട്ടി ഒരു നിമിത്തമായത്. അഴിമതിക്കെതിരെ അതിൽ ചേർന്ന് പ്രവർത്തിക്കാനും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും തയ്യാറായത്.

*'സ്വരാജ്' ആണ് എഎപിയുടെ അടിസ്ഥാനമായി പറയുന്നത്. സ്വാശ്രയഗ്രാമങ്ങളെക്കുറിച്ച് പറയുന്ന ഗാന്ധിജിയുടെ കോൺഗ്രസ്സിലോ ഏറ്റവും ദരിദ്രരായ മനുഷ്യർക്ക് വേണ്ടി നിലകൊള്ളുന്നതെന്ന് പറയുന്ന ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിയിലോ ചേരാതിരുന്നത് എന്തുകൊണ്ടാണ്?*

ഉ : ആ പാർട്ടികൾ ഉണ്ടായപ്പോൾ നിങ്ങൾ ആദ്യം പറഞ്ഞ മൂല്യങ്ങൾ ഉണ്ടായിരുന്നിരിക്കാം. പക്ഷേ ആ പാർട്ടികളൊക്കെ ഇപ്പോൾ എന്താണ് ചെയ്യുന്നത് എന്ന് നിങ്ങൾകാണുന്നില്ലേ? സാധാരണ ജനങ്ങൾ എന്തുമാത്രം കഷ്ടപ്പെടുന്നു. അഴിമതി നിറഞ്ഞ സമൂഹത്തിൽ എത്ര നല്ല നിയമം ഉണ്ടാക്കിയാലും ഗുണമില്ല. സർക്കാർ എത്ര പണം ചെലവഴിച്ചാലും ജനങ്ങൾക്ക് കിട്ടുന്നില്ല. അതുകൊണ്ടാണ് അഴിമതിക്കെതിരെ പ്രവർത്തിക്കുന്ന പാർട്ടിയിൽ ചേരാൻ തീരുമാനിച്ചത്.

*കേരളത്തിൽ നിന്ന് എല്ലാ തെരഞ്ഞെടുപ്പിലും 20 എം.പിമാർ മത്സരിച്ച് ജയിച്ച് പോയിക്കൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെ പോയിക്കൊണ്ടിരിക്കുന്നവരിൽ നിന്ന് എന്തുവ്യത്യാസമാണ് ജനങ്ങൾക്ക് പ്രതീക്ഷിക്കാവുന്നത്?*

ഇപ്പോൾ നമ്മുടെ നാട്ടിൽ എല്ലാ സുഖസൗകര്യങ്ങളും ഉള്ള കുറച്ചാളുകൾ ഉണ്ട്. ഒട്ടും സൗകര്യങ്ങൾ ഇല്ലാത്തവരും ഉണ്ട്. അതുകൊണ്ട് സാധാരണക്കാർക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ട്. ഇതൊക്കെ പരിഹരിക്കപ്പെടണമെന്ന് ആഗ്രഹവും അറിവും കഴിവുള്ളവരുമുണ്ട്. ഇവരുടെ ഇടയിൽ ഒരു ബ്രിഡ്ജ് വേണം. ഇപ്പോൾ രാഷ്ട്രീയരംഗത്തു നിൽക്കുന്ന പലരും ഇതിന് തടസ്സമാണ്. എനിക്ക് ജീവിക്കാനുള്ളത് ഞാൻ അധ്വാനിച്ചുണ്ടാക്കിയിട്ടുണ്ട്. എനിക്ക് പത്രപ്രവർത്തക എന്നനിലയിൽ ആവശ്യത്തിന് പ്രശസ്തിയുമുണ്ട്. ഞാൻ ഈ രംഗത്ത് വരുന്നത് ജനങ്ങൾക്ക് വേണ്ടിയാണ്. അധികാരം എന്നെ ഏൽപിക്കുന്നത് ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കാനാണ് യഥാർത്ഥത്തിൽ ബുദ്ധിമുട്ടുകൾ സഹിച്ച് ഞാൻ ഈ രംഗത്ത് പ്രവർത്തിക്കാൻ വന്നത് എന്റെ കൊച്ചുമക്കളോടുള്ള ഉത്തരവാദിത്വമാണ്. അധികാരത്തിനോടും പണത്തിനോടും ഭ്രമമില്ലാത്ത എനിക്ക് ഡൽഹിയിലായാലും കേരളത്തിലായാലും അഴിമതിക്കെതിരേയും ജനങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കാൻ കഴിയും.

*എം.പി.ആയാൽ മുൻഗണന എന്തിനായിരിക്കും?*

ഏതെങ്കിലും ഒരു കാര്യം പറയാനാവില്ല. ഇന്ന് നമ്മുടെ സ്ത്രീകളുടെ സ്ഥിതി എന്താണ്? കേരളത്തിൽ സ്ത്രീകൾക്ക് മുമ്പ് ഉണ്ടായിരുന്ന തന്റേടവും സ്വാതന്ത്ര്യവും സൗകര്യങ്ങളും കൂടി ഇല്ലാതായിരിക്കുന്നു. അതിനേക്കാൾ മോശമാണ് ചെറുപ്പക്കാർ. അവർക്ക് ജോലിയില്ല. മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു. പ്രായമായവരുടെ അവസ്ഥ ദയനീയമാണ്. നമ്മുടെ പ്രകൃതി വിഭവങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയക്കാരുടേയും ഉദ്യോഗസ്ഥരുടേയും പിൻബലത്തോടെ എന്തും ചെയ്യാം. നമ്മൾ ഒന്നിച്ചുനിന്നാൽ നമുക്കിതെല്ലാം മാറ്റമുണ്ടാക്കാൻ കഴിയും.

*പത്രപ്രവർത്തക എന്ന അനുഭവം തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ എത്ര സഹായകമാണ്.*

എനിക്ക് ഒരുപാട് രാജ്യങ്ങൾ സന്ദർശിക്കാനും അവിടത്തെ വികസനവും ജനങ്ങളുടെ ജീവിതരീതിയും എല്ലാം കാണാനും കഴിഞ്ഞിട്ടുണ്ട്. നല്ലതും ചീത്തതും തിരിച്ചറിയാനും തെരഞ്ഞെടുക്കാനും കഴിയും. എനിക്ക് ഒന്നിനും പേടി തോന്നുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പറയാൻ കഴിയും എന്ന ആത്മവി

ശ്വാസം ഉണ്ട്.

*കുടുംബത്തിന്റെ നിലപാട്?*

ഭർത്താവിന്റേയും മകന്റേയും പൂർണസഹകരണം ഉണ്ട്. നിലവിലുള്ള രാഷ്ട്രീയ സംവിധാനം മോശമാണെന്നും അതുകൊണ്ട് വലിയ 'റിസ്ക്' ഉണ്ടെന്നും അവർ എന്നെ ഓർമ്മിപ്പിക്കുന്നു. വരുന്ന തലമുറയോടുള്ള ഉത്തരവാദിത്വമായി ഞാൻ ഇത് ഏറ്റെടുക്കുന്നു. ഇപ്പോൾ ഇത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഇനി ഒരിക്കലും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല.

*ഇന്ത്യ മുഴുവൻ യാത്ര ചെയ്യുന്ന ആളും, ഡൽഹിയിൽ ആയിരുന്നിട്ടും കേരളത്തിൽ കൊച്ചിയിൽ മത്സരിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്?*

ഉ: ഇത് എന്റെ സ്വന്തം നാടാണ്. എന്റെ ഹോം സിറ്റിയാണ്. ഇവിടുത്തെ ആളുകളോട് എനിക്ക് വൈകാരികമായ ഒരു അടുപ്പവും ഇഷ്ടവുമുണ്ട്. ഇത്രയും ഹൃദയം തുറന്ന് മറ്റെവിടെയാണ് സംസാരിക്കാൻ കഴിയുക!

*വോട്ടർമാരോട് എന്താണ് പറയാനുള്ളത്?*

ജനങ്ങളുടെ കയ്യിലുള്ള ഏറ്റവും വലിയ ശക്തിയാണ് അവരുടെ വോട്ട്. അത് ബുദ്ധിപൂർവ്വം ഉപയോഗിക്കുക. ഇപ്പോൾ നടക്കുന്നത് തുടരണമോ ഒരു മാറ്റം വേണമോയെന്ന് ചിന്തിക്കുക. ഞാൻ സാധാരണക്കാർക്കൊപ്പമുണ്ടാകുമെന്ന് ഉറപ്പുതരുന്നു. ഇന്നത്തെ അഴിമതിക്കും അക്രമങ്ങൾക്കും മാറ്റമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ വോട്ട് ചെയ്ത് എന്നെ വിജയിപ്പിക്കുക.

●

**ജനങ്ങളുടെ കയ്യിലുള്ള ഏറ്റവും വലിയ ശക്തിയാണ് അവരുടെ വോട്ട്. അത് ബുദ്ധിപൂർവ്വം ഉപയോഗിക്കുക. ഇപ്പോൾ നടക്കുന്നത് തുടരണമോ ഒരു മാറ്റം വേണമോയെന്ന് ചിന്തിക്കുക. ഞാൻ സാധാരണക്കാർക്കൊപ്പമുണ്ടാകുമെന്ന് ഉറപ്പുതരുന്നു.**





എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs.....................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം.....................................................................................................................

.................................................................................................................പിൻ........................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



*വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ ചില പ്രമുഖ രാഷ്ട്രീയ വനിതാനേതാക്കൾക്കും സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീസുഹൃത്തുക്കൾക്കും വ്യാപകമായി അയച്ചുകൊടുത്ത ഒരു ചോദ്യാവലിയാണ് താഴെ കൊടുത്തത്. വളരെ കുറച്ചുപേർ മാത്രമേ ഇതിനോട് പ്രതികരിച്ചുള്ളൂ.*

*- സംഘടിത.*

## ലോക്സഭാ തെരഞ്ഞെടുപ്പിനെക്കുറിച്ച് ചില ചോദ്യങ്ങൾ

1. ഈ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നമ്മുടെ നാട്ടിലെ രാഷ്ട്രീയ സാഹചര്യങ്ങൾ എന്താണ്? ദേശീയതലത്തിലും സംസ്ഥാനതലത്തിലും?
2. ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും റിലയൻസ് പോലുള്ള എണ്ണക്കുത്തകകൾക്കും വിധേയരാകുന്ന കോൺഗ്രസ്സിന്റെ ഇത്തവണത്തെ ദേശീയ സാദ്ധ്യത എന്ത്? കേരളത്തിലെ സാദ്ധ്യതയെന്ത്?
3. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഹിന്ദുത്വത്തിന്റെ പ്രതീകമായ നരേന്ദ്രമോദിയുടേയും ബി.ജെ.പിയുടേയും സാദ്ധ്യത എന്ത്?
4. ദേശീയതലത്തിലും സംസ്ഥാനതലത്തിലും വളരെ ആഴത്തിൽ വേരുപിടിച്ച അഴിമതിയുടെ അർബുദ സമാനമായ സംസ്ക്കാരത്തിനെതിരെ എല്ലാ മുഖ്യധാരാ രാഷ്ട്രീയ സമവാക്യങ്ങളേയും ഭേദിച്ചുകൊണ്ട് വളർന്നുവരുന്ന ആം ആദ്മി പാർട്ടിയേയും ശ്രീ.അരവിന്ദ് കേജ്രിവാളിനെയും കുറിച്ച് താങ്കളുടെ അഭിപ്രായമെന്ത്?
5. മേധാപട്കർ, മല്ലികാസാരാഭായ്, സാറാജോസഫ്, ഉദയകുമാർ, അമ്പലത്തറ കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ എ.എ.പിയുടെ സ്ഥാനാർത്ഥികളായി മത്സരിക്കുന്നു. ജനകീയ സമരങ്ങളുടെ പ്രതീകങ്ങളായ ഈ മഹദ്വ്യക്തികളുടെ സാന്നിദ്ധ്യം തെരഞ്ഞെടുപ്പു വേദിയിൽ എന്തുസ്വാധീനമാണുണ്ടാക്കാൻ പോകുന്നത്?
6. കൂടംകുളം ആണവനിലയം, ആറന്മുള എയർപോർട്ട്, പശ്ചിമഘട്ടസംരക്ഷണം, ആദിവാസി-ദലിത് ഭൂപ്രശ്നം, സ്ത്രീകളുടെ നേർക്ക് അതിഭീകരമായി വളർന്നുകൊണ്ടിരിക്കുന്ന അക്രമങ്ങൾ ഇല്ലായ്മ ചെയ്യൽ തുടങ്ങിയവയെക്കുറിച്ച് താങ്കളുടെ നിലപാടെന്താണ്?
7. ലൈംഗിക കുറ്റവാളികളെന്ന് ആരോപിക്കപ്പെടുന്ന രാഷ്ട്രീയ നേതാക്കളെ സ്ഥാനാർത്ഥികളാക്കുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?





**ശാരദാമണി**

**മുമ്പെങ്ങുമില്ലാത്ത** വിധം വോട്ടർമാർ ഉണർന്നു പ്രവർത്തിക്കണമെന്നും വോട്ടവകാശം ബോധപൂർവം ഉപയോഗിക്കണമെന്നുമുള്ള സന്ദേശം എവിടെയും തങ്ങിനിൽക്കുന്നു. അതോടൊപ്പം വോട്ടർമാരുടെ വ്യക്തിത്വത്തിലും അവകാശങ്ങളിലും കാതലായ മാറ്റങ്ങൾ വരുന്നുവെന്നും . പക്ഷെ, തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവകാശമുള്ള ഒരു കൂട്ടരും അവരെ ജയിപ്പിക്കാൻ പണിയെടുക്കേണ്ട 'അണികളും.' എന്ന യാഥാർത്ഥ്യം തുടരുന്നുമുണ്ട്.

കേരളത്തിൽ കോൺഗ്രസ്സും സി.പി.എമ്മും നേതൃത്വം കൊടുക്കുന്ന രണ്ടു മുന്നണികളാണ് കുറേക്കാലമായി അധികാരം കയ്യാളിയിരുന്നത്. ഇവർ രണ്ടുകൂട്ടരും തുടങ്ങിയത് കടുത്ത ആദർശ ധീരത, തികച്ചും നിസ്വാർത്ഥമായ ജനസേവനം എന്നിവയിൽ ഉറച്ചു നിന്നുകൊണ്ടു തന്നെയാണ്. എന്ന് എന്തുകൊണ്ട് അവ നഷ്ടമായി എന്നത് അന്വേഷിക്കേണ്ടതാണ്.

ഇപ്പോൾ ബി.ജെ.പി അക്കൗണ്ടു തുറക്കാൻ കച്ചകെട്ടി നിൽക്കുകയാണ്. അവർക്കും മേൽകണ്ട ഗതി വരില്ല എന്നു പറയാൻ സാധ്യമല്ല.

ഇത് വിശദമായ ചർച്ച ആവശ്യപ്പെടുന്ന വിഷയമാണ്. ഇവിടെ ഹ്രസ്വമായി ചില കാര്യങ്ങൾ ചർച്ചചെയ്യാം. സ്വാതന്ത്ര്യത്തിനു ശേഷം സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ മാറ്റവും പുരോഗതിയും നേടാനുള്ള പദ്ധതികളിൽ ഏറ്റവും മുന്നിലുണ്ടായിരുന്നവ സമ്പത്ത്, വരുമാനം ഇവയിലുള്ള അന്തരം കുറയ്ക്കുക, ദാരിദ്ര്യം ഇല്ലാതാക്കുക എന്നിവയായിരുന്നു. ഇന്ന് നാം എന്താണ് കാണുന്നത്? പണ്ടു കേട്ടിട്ടില്ലാത്ത കോടീശ്വരന്മാരും ശതകോടീശ്വരന്മാരും തലപൊക്കി നിൽക്കുന്നു. കേരളവും പുറകിലല്ല. അവരുടെ പടവും അവരെപ്പറ്റിയുള്ള വാർത്തകളും പുരോഗമനമെന്ന് വിശേഷണമുള്ള മാധ്യമങ്ങളിൽ പോലും നിരന്തരം പ്രത്യക്ഷപ്പെടുന്നു. മറുവശത്ത്, ദരിദ്രരും തൊഴിൽ രഹിതരും അശരണരും എണ്ണത്തിൽ വർദ്ധിക്കുന്നു; അവർ അദൃശ്യരുമാകുന്നു.

ഈ മാറ്റത്തിനു തുടക്കം കുറിച്ചത് 1990 കളിൽ മൻമോഹൻ സിംഗ് ഭരണകാലത്തു തുടങ്ങിയ ആഗോളവൽക്കരണം എന്നു പരക്കെ അറിയപ്പെടുന്ന സാമ്പത്തിക ക്രമീകരണത്തോടെയാണ്.

**കോർപ്പറേറ്റ്സ് എന്നു പരക്കെ അറിയപ്പെടുന്ന ദേശീയ-വിദേശീയ കുത്തകകൾ ഇന്ത്യൻ സമ്പദ്ഘടനയുടെ മേൽപിടി മുറുക്കുന്നത് രാഷ്ട്രീയ പാർട്ടികളും നമ്മളും എന്തുകൊണ്ടു മനസ്സിലാക്കിയില്ല.?**

വിദേശമൂലധനം, വിദേശകമ്പനികൾ എന്നിവയ്ക്കു വലിയ സ്വീകരണമാണ് കിട്ടിയത്. കോർപ്പറേറ്റ്സ് എന്നു പരക്കെ അറിയപ്പെടുന്ന ദേശീയ-വിദേശീയ കുത്തകകൾ ഇന്ത്യൻ സമ്പദ്ഘടനയുടെ മേൽ പിടി മുറുക്കുന്നത് രാഷ്ട്രീയ പാർട്ടികളും നമ്മളും എന്തുകൊണ്ടു മനസ്സിലാക്കിയില്ല.?

ഒരു പ്രധാന കാരണം വികസനം എന്ന വാക്കിനു ലഭിച്ച പ്രചാരവും സ്വീകാര്യതയുമാണ്. കേരളത്തിനെ മാത്രം എടുത്ത് ചെറുതായൊന്നു പരിശോധിക്കാം. വീതിയുള്ള റോഡുകൾ, നിർത്താതെ പായുന്ന വാഹനങ്ങൾ, അംബരചുംബികളായ ഫ്ളാറ്റുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ, പുതിയ മാളുകൾ എന്നിങ്ങനെ പലതും കൊണ്ടു കൊച്ചു കേരളം നിറഞ്ഞു. നമ്മുടെ ശാന്തസുന്ദരമായ ഗ്രാമങ്ങളും വലിയൊരു ശതമാനം സ്ത്രീകൾക്കു തൊഴിലും നമുക്ക് ആഹാരവും തന്നിരുന്ന നെൽവയലുകളും നഷ്ടമാകുന്നത് വൻതോതിൽ പ്രതിഷേധമുണർത്തിയില്ല. വികസനം പുരോഗതി, ആധുനികത എന്നിവയുടെ പര്യായമായി. ഈ വികസനത്തിന്റെ പേരിൽ ഏത്രകോടി, ആര് ഇറക്കുന്നു എന്നിവയിൽ വേണ്ടത്ര ശ്രദ്ധയുണ്ടായില്ല. പലപ്പോഴായി പ്രതിഷേധശബ്ദം ഉയർന്നുവെങ്കിലും വികസനം തുടർന്നു, കടലും കായലും മലയും മണലും ആക്രമിച്ചുകൊണ്ട്. ഫലമോ? അങ്ങനെ കേരളം ഒരു കമ്പോളമായി മാറി. ഈ മാറ്റത്തിനു പുറകിൽ അറിഞ്ഞോ അറിയാതെയോ സ്ത്രീകൾ പ്രവർത്തിച്ചിട്ടുണ്ട്. ഇത്രയും വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ, തുടങ്ങിയവ അത്യാവശ്യമുള്ളപ്പോൾ മാത്രമാണോ പലരും വാങ്ങുക? ആർഭാടം തന്നെ സർവ്വത്ര. ഷോപ്പിംഗ് ദിവസേനയും. ആ സാധനങ്ങളുടെ മിക്കവാറും ദ്രവിക്കാത്ത, പാക്കിംഗ് മെറ്റീരിയൽ എവിടെയാണ് കളയുക?അത് അവരുടെ ജോലിയല്ല. സാമ്പത്തികശേഷി കുറഞ്ഞവർക്കു ഇതൊന്നും ആഗ്രഹിക്കാൻ പാടില്ലയെന്നു നിയമമില്ല. അവരിൽ കുറേപ്പേർ അതിനുള്ള മാർഗം കണ്ടുപിടിച്ചു. കേരളത്തിലെ വൻപ്രചാരം ലഭിച്ച തട്ടിപ്പിനും വെട്ടിപ്പിനും അനുബന്ധ നാടകങ്ങൾക്കും പിറകിൽ വികലമായ വികസന സങ്കൽപങ്ങളും നടത്തിപ്പുമുണ്ട്.

വികസനത്തിന്റെ പേരിൽ ഇവിടെ നടക്കുന്ന കാര്യങ്ങൾ കേരളജനതയെ കൂടുതൽ സമൃദ്ധരും, സന്തുഷ്ടരും ആക്കിയോ? കേരള സമൂഹം കൂടുതൽ കെട്ടുറപ്പുള്ളതായോ? മൊത്തത്തിൽ ഇല്ലയെന്നു പറയാം.

സമ്പത്ത് സന്തോഷം കൊണ്ടുവരണമെന്നില്ല. വികസനത്തിന്റെ പേരിൽ കിടപ്പാടം, തൊഴിൽ ഇവ നഷ്ടപ്പെട്ടവരും ജോലി, കാരണം എന്തു തന്നെ ആയാലും, കിട്ടാത്തവരും സന്തോഷിക്കണമെന്ന് വിചാരിക്കുന്നത് ക്രൂരതയാണ്. മാത്രമല്ല, ഭോപ്പാൽ, എൻഡോസൾഫാൻ, പ്ലാച്ചിമട തുടങ്ങിയ ഭീകരതകളും കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കൊന്ന ഇറ്റാലിയൻ നാവികരോട് സർക്കാർ കാണിച്ച ദാക്ഷിണ്യം. ഇതെല്ലാം കാണുന്നവരാണ് ജനങ്ങൾ.

നാം എന്തുകൊണ്ട് ഇതെല്ലാം അനുവദിച്ചു? കാര്യങ്ങൾ മനസ്സിലാക്കാനും വേണ്ടപ്പോൾ പ്രതികരിക്കാനും പ്രതിഷേധിക്കാനും ഉള്ള കുത്തകാവകാശം നാം രാഷട്രീയ നേതൃത്വത്തിനു വിട്ടു. 'കാലം മാറി, നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല, എന്ന പല്ലവി നമ്മളും മുറുകെ പിടിച്ചു. വൈകിയിട്ടില്ല നമുക്ക് സംശയങ്ങൾ ചോദിക്കാം. അഭിപ്രായം പറയാം. ബദലുകൾ മുന്നൊട്ടു വയ്ക്കാം. ആം ആദ്മി പാർട്ടി ഉൾപ്പെടെ എല്ലാവരോടും സംവദിക്കാം..

●



## അഴിമതിക്കെതിരെ എന്ന പോലെ തന്നെ ലൈംഗിക കുറ്റവാളികളേയും തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കരുത് എന്നത് തന്നെയാണ് അഭിപ്രായം.



**ജ്യോതിനാരായണൻ**

**2013ലെ** ദില്ലി തെരഞ്ഞെടുപ്പ് വരെ ഇന്ത്യാമഹാരാജ്യം കോൺഗ്രസ്സ് ഭരിക്കണോ ബിജെപിയെ ഭരണമേൽപ്പിക്കണോ എന്ന സാദ്ധ്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വദേശ-വിദേശ കുത്തകകൾക്കായി ഐ.എം.എഫ്, വേൾഡ് ബാങ്ക് തുടങ്ങിയവയുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങി ഇന്ത്യൻ ജനതയെ കൊള്ളയടിക്കാൻ നിയമപരമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്ന സാമ്പത്തിക വികസന നയങ്ങൾ നടപ്പിലാക്കുകയും ശവപ്പെട്ടി മുതൽ ആദർശ് ഫ്ളാറ്റ്, 2 ജി സ്പെക്ട്രം കല്ക്കരിപ്പാടം എന്നിങ്ങനെ ഒരു ജന്മം കൊണ്ട് എണ്ണി തീർക്കാൻ കഴിയാത്തത്ര കോടി രൂപയുടെ അഴിമതി നടത്തുകയും സാധാരണക്കാരന്റെ സബ്സിഡികൾ വരെ എടുത്തുകളയുകയും ചെയ്തുകൊണ്ടിരിക്കുന്ന കോൺഗ്രസ് പാർലമെന്റ് സ്തംഭിപ്പിക്കലല്ലാതെ വലിയ വ്യത്യാസമൊന്നുമില്ലാത്ത സാമ്പത്തിക വികസനനയങ്ങളും ഒരു പടികൂടി കടന്ന് ദാരിദ്ര്യവും അനിശ്ചിതത്വവും ആർഭാടപ്രിയവുമായ ജനങ്ങളുടെ മതവിദ്വേഷം ഉപയോഗിച്ച് അധികാരം കയ്യേറുന്ന ബി.ജെ.പിയും കേരളമടക്കം മൂന്നു സംസ്ഥാനത്തിനപ്പുറം ഒരു സീറ്റ് പോലും 60 വർഷം കഴിഞ്ഞിട്ടും നേടാൻ കഴിയാത്ത ഇടതുപക്ഷ പാർട്ടികളും അഴിമതിക്കും വികസനങ്ങൾക്കും അഭിപ്രായവ്യത്യാസമില്ലാത്ത താല്ക്കാലികമായി തട്ടിക്കൂട്ടുന്ന മൂന്നാംമുന്നണിയുമായ ജനങ്ങൾക്ക് മുമ്പിലാണ് ആം ആദ്മി പാർട്ടി രൂപം കൊള്ളുന്നത്.

ലോകശ്രദ്ധ പിടിച്ചുപറ്റിയ വാൾസ്ട്രീറ്റ് സമരത്തിന്റെ അനുഭവങ്ങളും 'അന്നാഹസാരെ' യുടെ അഴിമതി വിരുദ്ധസമരവും (ലോക്പാൽബില്ലിനുവേണ്ടി), ജ്യോതി എന്ന പെൺകുട്ടിയെ ബസ്സിൽ വെച്ച് അതിദാരുണമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ 'നിർഭയ' സംഭവത്തിനെതിരായി നടന്ന സമരവും സോഷ്യൽമീഡിയയുടെ ഉപയോഗവും ഒക്കെ മദ്ധ്യവർഗ്ഗത്തേയും വിദ്യാസമ്പന്നരേയും യുവാക്കളേയും രാഷ്ട്രീയ പൊതുരംഗത്തേക്ക് ആകർഷിച്ചു. ദില്ലി തെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടി ശ്രദ്ധേയമായ വിജയം നേടുകയും

കോൺഗ്രസിന്റെ പിന്തുണയോടെയാണെങ്കിലും കേജരിവാളിന്റെ നേതൃത്വത്തിൽ ദില്ലിയിൽ അതുവരെ കാണാത്തരീതിയിൽ ഭരിച്ചതും തങ്ങൾ പറഞ്ഞതുപോലെ ഭരിക്കാൻ കഴിയാതെ വന്നപ്പോൾ അധികാരം വലിച്ചെറിഞ്ഞ് രാജിവെച്ചുപോന്നതും ജനങ്ങൾക്ക് പ്രതീക്ഷയായി. അധികാരത്തിലിരുന്ന സമയം സാധാരണക്കാർക്ക് കുടിവെള്ളം, ഇലക്ട്രിസിറ്റി, കിടപ്പാടം തുടങ്ങിയവക്കു വേണ്ടിയും ആർഭാടത്തിനെതിരെ ശക്തമായ നടപടികൾ കൈകൊള്ളുകയും ഗ്യാസിന്റെ വിലവർദ്ധനവിന് കാരണക്കാരായ റിലയൻസിനെതിരെ നടപടി എടുക്കുകയും ചെയ്തു. ദേശീയ രാഷ്ട്രീയത്തിൽ ശീലിച്ചു വന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്ന AAP അഴിമതി കണ്ടുമടുത്തവർക്ക് ഒരു പ്രതീക്ഷയാണ്. എത്രനാൾ? എങ്ങനെ പാർട്ടി പ്രവർത്തനം തുടരും? എന്നൊന്നും ഇപ്പോൾ പ്രവചിക്കാനാവില്ല. പ്രത്യേകിച്ച് അഴിമതിയും ആർഭാടവും ശീലിച്ച രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ വൃന്ദവും, ദരിദ്രരായ മനുഷ്യരും ആർഭാടമായ സമൂഹവും വ്യത്യസ്തജാതി മതവിശ്വാസങ്ങളും നിലനിൽക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ AAP പോലുള്ള ഒരു പരീക്ഷണപ്രസ്ഥാനത്തിന്റെ പരിമിതികൾ ചിന്തിക്കുമ്പോഴും തീർച്ചയായും പ്രതീക്ഷക്ക് വക നൽകുന്നു.

ദേശീയ രാഷ്ട്രീയത്തിൽ നിന്ന് അല്പം വേറിട്ടതാണ് കേരള രാഷ്ട്രീയം. കോൺഗ്രസ്സും ബിജെപിയും എന്നതിനു പകരം കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ് ഉം മാർക്സിസ്റ്റ് പാർട്ടിയുടെ (CPIM) നേതൃത്വത്തിലുള്ള എൽ.ഡി.എഫ് മുന്നണിയും മറ്റ് പാർട്ടികളൊക്കെ ഓരോ സാഹചര്യത്തിൽ മുന്നണി മാറിയിട്ടുണ്ട്. മാണ് മാറിമാറി ഭരിച്ചുകൊണ്ടിരിക്കുന്നത്. മൂന്നാംമുന്നണിയായ, ബി.ജെ.പി പാർട്ടി എന്ന നിലയിലല്ല വേരുപിടിച്ചിരിക്കുന്നത്. എല്ലാവരിലും ഒരു വിശ്വാസമായിട്ടാണ്. ജാതിമതങ്ങൾ LDF-UDF മുന്നണിക്കുള്ളിൽ തന്നെയാണ് കളിക്കുന്നത്. ലാറ്റിൻ സമുദായക്കാരൻ മത്സരിക്കണോ ഈഴവൻ വേണോ നായർ വേണോ നാടാർ വേണോ മുസ്ലിം വേണോന്ന് ഇടതുപക്ഷവും വലതുപക്ഷവും കൃത്യമായി ഉപയോഗിക്കുന്നു. തെരഞ്ഞെടുപ്പ് കാലാമായാൽ എല്ലാ പ്രത്യയശാസ്ത്രവും മറന്ന് മതസമുദായ നേതാക്കൾക്കു മുമ്പിൽ രാഷ്ട്രീയ നേതൃത്വത്തിലുള്ളവർ ഓച്ഛാനിച്ചു നിൽക്കുന്നതും സമരങ്ങൾ പോലും അവർക്കനുസരിച്ച് രൂപപ്പെടുത്തുന്നതും മലയാളിക്ക് പുതുമയല്ല. പരോക്ഷമായ ജാതിമത ഇടപെടൽ പോലെ തന്നെ കേരളരാഷ്ട്രീയത്തിലെ അടിയൊഴുക്കുകളും പ്രത്യക്ഷമല്ല. പ്രത്യേകിച്ച് ചെറുപ്പക്കാരുടേയും സ്ത്രീകളുടേയും പ്രൊഫഷണലുകളുടേയും ഇടയിലെ മാറ്റങ്ങൾ ഇവരൊക്കെ തെരഞ്ഞെടുപ്പ് ചർച്ചചെയ്യപ്പെടുന്നു എന്നത് ആശാവഹമാണ്.




അഴിമതിക്കെതിരെ എന്ന പോലെ തന്നെ ലൈംഗിക കുറ്റവാളികളേയും തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കരുത് എന്നത് തന്നെയാണ് അഭിപ്രായം.

ദേശീയ തലത്തിലായാലും കേരളത്തിലായാലും കൂടംകുളം പദ്ധതി ആറന്മുള വിമാനത്താവളം പോലുള്ള പദ്ധതികളാണ് രാഷ്ട്രപുരോഗതിക്ക് പകരം നാടിന്റെ വികസനം എന്ന പേരിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സാധാരണ ജനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെട്ടില്ലെന്ന് മാത്രമല്ല, വെള്ളം, വായു, കിടപ്പാടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം തുടങ്ങിയ മേഖലയിൽ കിട്ടിക്കൊണ്ടിരുന്ന സൗകര്യങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്നു. ആദിവാസി, ദളിത് പ്രശ്നങ്ങൾ ഇപ്പോഴും മുഖ്യധാരപ്രശ്നമായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ ആണ് മല്ലികാസാരാഭായ്, മേധാപട്കർ, സാറടീച്ചർ തുടങ്ങിയവർ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. രാഷ്ട്രീയമെന്നത് മറ്റു പണിയൊന്നുമില്ലാത്തവർക്ക് അഴിമതിക്കും ആർഭാടത്തിനുമുള്ള വേദി എന്ന വിശ്വാസം മാറ്റാൻ കഴിയും. ഇവരൊക്കെ ഒന്നിച്ച് അധികാരത്തിൽ വന്നാൽ സമൂഹത്തിൽ ഒരു മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മുഖ്യധാരാരാഷ്ട്രീയത്തിന്റെ അഴിമതികണ്ട് ഇറങ്ങിപ്പോന്നവരും ചോദ്യം ചെയ്തതിന്റെ പേരിൽ ഇറക്കിവിട്ടവർക്കും ചെറിയ പാർട്ടികളും ട്രൂപ്പുകളും വ്യക്തികളുമായി നില്ക്കുന്നവർക്കും ഇതൊരവസരമാണ്. സ്ത്രീകളെ അക്രമിക്കുന്നവർക്കും പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നവർക്കും അഴിമതി നടത്തുന്നവർക്കുമെതിരെ യഥാർത്ഥ രാഷ്ട്രീയശക്തികളായി ഒന്നിച്ച് നിന്ന് ഇവരെ വിജയിപ്പിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമായി ഞാൻ കരുതുന്നു. കേരളത്തിൽ സാറടീച്ചർ, അനിതപ്രതാപ് തുടങ്ങിയവരെ വിജയിപ്പിക്കാനുള്ള ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അഭ്യർത്ഥിക്കുന്നു.

* മറ്റ് പേരുകൾ തീരുമാനമാകുന്നതേയുള്ളൂ. ആരൊക്കെ മത്സരിക്കുമെന്നറിയില്ല.



**ഫൗസിയ ഷംസ്**
സബ് എഡിറ്റർ, ആരാമം മാസിക



*ഏറ്റവും വലിയ അഴിമതിരാജ്യം ഇന്ത്യയാണെന്നും അഴിമതിപാർട്ടി കോൺഗ്രസ്സാണെന്നും സോഷ്യൽ മീഡിയയിലെ സെർച്ച് എഞ്ചിനായ ഗൂഗിൾ പരതിയാൽ കാണാം. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്ക് വേണ്ടി നിരന്തരം ഭരണവർഗത്തോട് കലഹിച്ചുകൊണ്ടിരിക്കാനാണ് പൗരന്റെ വിധി.  ദലിത് പിന്നോക്ക ന്യൂനപക്ഷങ്ങൾ എല്ലാ നിലക്കും അരക്ഷിതരാണ്.*

**പതിനഞ്ചാം** ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി അധികാരത്തിനു വേണ്ടി പുതിയ പുതിയ രാഷ്ട്രീയ സമവാക്യങ്ങൾ രൂപപ്പെട്ടുവരുന്നതാണ് നാം കാണുന്നത്. താരതമ്യേന മെച്ചപ്പെട്ടതെന്ന് പറയപ്പെടുന്ന വ്യവസ്ഥിതിയാണ് ജനാധിപത്യമെങ്കിലും ആ ജനാധിപത്യത്തിൽ ഭരിക്കാൻ ഭാഗ്യമുള്ളവൻ മാത്രമാണ് വിജയി എന്ന യാഥാർഥ്യത്തെ ശരിവെക്കുന്നതാണ് വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയാവസ്ഥ.

1) ഇന്ത്യൻ ജനാധിപത്യത്തെ നാണക്കേടിലാക്കുമാറ് കുരുമുളക് സ്പ്രേക്കും കത്തിവീശൽ പ്രയോഗത്തിനു പോലും സാക്ഷ്യം വഹിച്ചുകൊണ്ടാണ്പതിനഞ്ചാം ലോക്സഭ പിരിഞ്ഞത്. പക്ഷേ ഇതൊന്നും കരുത്തുറ്റ ഭരണവ്യവസ്ഥക്കുവേണ്ടിയോ ജനാധിപത്യത്തെ പോഷിപ്പിക്കാനോ ആയിരുന്നില്ല. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, സ്ത്രീപീഡനം എന്നിവക്ക് യാതൊരു കുറവുമുണ്ടായില്ലെന്ന് മാത്രമല്ല ഇക്കാര്യങ്ങളിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ നാണക്കേടുണ്ടാക്കുന്ന തരത്തിലാണ് നമ്മുടെ രാജ്യത്തിന്റെ അവസ്ഥ. ജനലോക്പാൽ ബില്ല്, സ്ത്രീ സംവരണ ബില്ല് എന്നിവയൊന്നും പാസാക്കാനായില്ല. എന്നാൽ അഴിമതി കൂടിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ അഴിമതിരാജ്യം ഇന്ത്യയാണെന്നും അഴിമതിപാർട്ടി കോൺഗ്രസ്സാണെന്നും സോഷ്യൽ മീഡിയയിലെ സെർച്ച് എഞ്ചിനായ ഗൂഗിൾ പരതിയാൽ കാണാം. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്ക് വേണ്ടി നിരന്തരം ഭരണവർഗത്തോട് കലഹിച്ചുകൊണ്ടിരിക്കാനാണ് പൗരന്റെ വിധി.  ദലിത് പിന്നോക്ക ന്യൂനപക്ഷങ്ങൾ എല്ലാ നിലക്കും അരക്ഷിതരാണ്. അവന്റെ ദേശക്കൂറ് ബോധ്യപ്പെടുത്താനുള്ള തത്രപ്പാടിനിടയിൽ സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയുന്നില്ല. വർഗീയതയും ഫാഷിസവും കോർപറേറ്റ് താൽപര്യങ്ങൾക്ക് തിടം വെപ്പിക്കുന്നിടത്ത് നവോത്ഥാനമൂല്യങ്ങളെ പിറകോട്ടടിച്ചുകൊണ്ട് ആൾദൈവങ്ങൾ അരങ്ങുവാഴുകയാണ്. അന്ധവിശ്വാസങ്ങൾക്കും ആൾദൈവ സംസ്കാരത്തിനുമെതിരെ പോരാടി നവോത്ഥാന മൂല്യങ്ങൾ തിരിച്ചുപിടിച്ചുവെന്ന് പറയുന്ന കേരളം പോലും ഇതിന്റെ പിടിയിലാണ്. ജനാധിപത്യത്തിന്റെ ഏല്ലാ തൂണുകളും തുരുമ്പെടുത്ത വേളയിലാണ് നാം മറ്റൊരു തെരഞ്ഞെടുപ്പിനെ കുറിച്ച് ആലോചിക്കുന്നത്.

2) എണ്ണക്കമ്പനികൾക്കും കുത്തക കമ്പനികൾക്കും വിധേയരാവുക എന്ന്പറയുന്നതിനെക്കാൾ രാഷ്ട്രീയ പാർട്ടികളും  ഭരണകൂടവും  തന്നെയും കുത്തകക്കമ്പനിയായി മാറി എന്ന് പറയുന്നതാവും  ശരി.  ഇന്ന് ജീവിതമാർഗത്തിനുള്ളൊരു ബിസിനസ്സാണ് രാഷ്ട്രീയ പ്രവർത്തനം. നമ്മുടെ ജനാധിപത്യത്തിനും വോട്ടിനും ലക്ഷങ്ങളുടെ 'വില'യാണ്. കോടികൾ മറിയുന്ന ബിസിനസ്സ് കേന്ദ്രം പോലെ നമ്മുടെ പാർലമെന്റ് അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കുടുംബസ്വത്ത് കൈമാറുന്നതുപോല താവഴിയായി അധികാരം മക്കളിൽനിന്ന് മക്കളിലേക്ക് കൈമാറിക്കൊണ്ടിരിക്കുന്നത്.  ഇത് കോൺഗ്രസ്സിനെയും ബി.ജെ.പിയെയും മാത്രമല്ല, ഇടതുപക്ഷ പ്രസ്ഥാനങ്ങളെ വരെ ബാധിച്ച വല്ലാത്തൊരു പ്രശ്നമാണ്. ജനങ്ങളിൽ നിന്ന് ബക്കറ്റ് പിരിവിലൂടെ കിട്ടുന്ന നാണയത്തുട്ടുകളല്ല ഇന്ന് പാർട്ടികളുടെ ആസ്തി. അവിഹിതമായ മാർഗത്തിലൂടെ സമ്പാദിച്ച പണം കൊണ്ടാണ് പാർട്ടികൾ ചാനലും പത്രവും നടത്തുന്നത്. അതുകൊണ്ടാണ് ജനങ്ങളെ ബോധ്യപ്പെടുത്താതെ ഏത് പുത്തൻ പണക്കാർക്കു മുമ്പിലും

അത് വിൽക്കാനും അവർക്ക് കഴിയുന്നത്. സാമൂഹ്യ സേവന വിദ്യാഭ്യാസ രംഗങ്ങളിലെ എല്ലാതരത്തിലുള്ള സബ്സിഡികളും എടുത്തുമാറ്റി കോർപറേറ്റ് താൽപര്യങ്ങൾക്ക് അടിയറവു പറയുകയാണ് സർക്കാർ. സാമ്പത്തിക വളർച്ച നേടിയെന്നാണ് സർക്കാർ അഭിമാനിക്കുന്നത്. എന്നാൽ അതിനെക്കാൾ വേഗത്തിൽ വളർന്നത് കള്ളപ്പണത്തിന്റെ വളർച്ചയാണ്. സാമ്പത്തിക വളർച്ച നേടിയെന്നത് തന്നെ തെറ്റായ പ്രയോഗമാണ്. അത് പണക്കാരനെ കൂടുതൽ പണക്കാരനാക്കാൻ മാത്രമേ സഹായിക്കൂ. പാവപ്പെട്ടവന് സഹായകമാവണമെങ്കിൽ സമ്പത്തിന്റെ പുനർവിതരണമാണ് നടക്കേണ്ടത്. ഉൽപാദനാധിഷ്ഠിതമല്ലാത്ത ഉപഭോഗസാമ്പത്തിക വളർച്ച കാണിക്കുന്ന സമ്പദ് വ്യവസ്ഥ വെച്ചുകൊണ്ടാണ് സർക്കാർ ജനങ്ങളെ സമീപിക്കാൻ തയ്യാറാകുന്നത്. ഞാൻ കൂടുതലെന്തെങ്കിലും പറഞ്ഞാൽ കേരളത്തിന് താങ്ങാനാവില്ല എന്നാണ് സരിത എസ് നായർ പറഞ്ഞത്. ഉദാരസാമ്പത്തിക നയങ്ങൾ പിന്തുടരുന്ന, വിപണിതാൽപര്യം സംരക്ഷിക്കുന്ന കേരള കേന്ദ്രഗവൺമെന്റുകൾ അധികാരത്തിൽ വരിക എന്നത് എണ്ണക്കമ്പനികളുടെ ആവശ്യമാണെങ്കിലും ജീവിതഭാരം താങ്ങാൻ കഴിയാത്ത സാധാരണക്കാർക്ക് ഇനിയും ഈ ഗവൺമെന്റിനെ ഭരണത്തിലേറ്റാൻ കഴിയില്ല. കേരളത്തിലേതടക്കമുള്ള ജനങ്ങൾ മാറിച്ചിന്തിക്കുമെന്നാണ് വിശ്വാസം.

3) തികഞ്ഞ ഫാഷിസ്റ്റായ നരേന്ദ്രമോദിയുടെയും ഫാസിസ്റ്റ് സംഘടനയായ ബി.ജെ.പിയുടെയും വിജയസാധ്യത ചർച്ചചെയ്യുന്നു എന്നതുതന്നെ ഇന്ത്യൻ മതേതരത്വത്തിന് കളങ്കമാണ്. സ്വന്തം മക്കളെ കൊന്ന് ആത്മഹത്യ ചെയ്യുന്ന ഗുജറാത്തിലെ അമ്മമാരുടെ ഏറിയ കണക്കുകൾക്ക് മുകളിലിരുന്നാണ് നാം ഗുജറാത്ത് വികസനം ചർച്ചചെയ്യുന്നത്. ജനങ്ങളോടുള്ള അക്രമമാണിത്. കോർപറേറ്റ് താൽപര്യങ്ങൾക്ക് ഇത്രമേൽ വണങ്ങുന്ന ഒരാളെ ഇനി കിട്ടാനില്ലായെന്ന തിരിച്ചറിവായിരിക്കാം അത്തരക്കാർ അദ്ദേഹത്തെ ഭാവി പ്രധാനമന്ത്രിയായും വികസന നേതാവായും ഉയർത്തിക്കാട്ടുന്നതിനു പിന്നിൽ. ഗുജറാത്തിൽ രക്തം ഉറഞ്ഞുപോയ കശാപ്പു നടത്തിയ അദ്ദേഹത്തിനും പാർട്ടിക്കും തന്നെയാണ് ഇന്ത്യ നടുങ്ങിയ പല സ്ഫോടനങ്ങളുടെയും ഉത്തരവാദിത്വം എന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വലിയൊരു ന്യൂനപക്ഷത്തിന്റെ ദേശക്കൂറിനെ ചോദ്യം ചെയ്തും അവരിലെ യുവാക്കളെ ജയിലിലടച്ചും വർഗീയ ഫാസിസം നടപ്പിലാക്കുകയാണവർ. അദ്ദേഹത്തിന്റെ പാർട്ടി യു.പി ഭരിച്ചപ്പോഴാണ് ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായി ബാബറിപള്ളിയുടെ താഴികക്കുടങ്ങൾ വീണുടഞ്ഞത്. അമേരിക്കൻ മുതലാളിത്തത്തിന് ദാസ്യവേല ചെയ്യുന്ന വിദേശനയം നടപ്പിലാക്കിയവരാണവർ. നവോത്ഥാന മൂല്യങ്ങളെയും മതേതര ചിന്തയെയും ജനാധിപത്യ അവകാശങ്ങളെയും തള്ളിപ്പറഞ്ഞ് സാമ്രാജ്യത്ത ഫാഷിസ്റ്റ് ചിന്തകൾക്കടിമപ്പെട്ടവർക്ക് രാജ്യത്തെ ഏൽപ്പിച്ചുകൊടുക്കുക എന്നത് രാജ്യത്തെ ഒറ്റിക്കൊടുക്കുന്നതിന് സമമാണ്. രാഷ്ട്രീയ ലാഭത്തിനു വേണ്ടി ആ പാർട്ടിയോട് ചേർന്ന് മൃദുഹിന്ദുത്വ സമീപനം നടപ്പിലാക്കാൻ ഇതര പാർട്ടികൾ എത്രതന്നെ ശ്രമിച്ചാലും മതേതരത്വത്തെയും ജനാധിപത്യത്തെയും വെല്ലുവിളിക്കുന്ന ബി.ജെ.പിയെ പിന്തുണക്കാൻ മതേതര ഇന്ത്യക്കാവില്ലെന്ന് വിശ്വസിക്കുന്നു.

> തികഞ്ഞ ഫാഷിസ്റ്റായ നരേന്ദ്രമോദിയുടെയും ഫാസിസ്റ്റ് സംഘടനയായ ബി.ജെ.പിയുടെയും വിജയസാധ്യത ചർച്ചചെയ്യുന്നു എന്നതുതന്നെ ഇന്ത്യൻ മതേതരത്വത്തിന് കളങ്കമാണ്. സ്വന്തം മക്കളെ കൊന്ന് ആത്മഹത്യ ചെയ്യുന്ന ഗുജറാത്തിലെ അമ്മമാരുടെ ഏറിയ കണക്കുകൾക്ക് മുകളിലിരുന്നാണ് നാം ഗുജറാത്ത് വികസനം ചർച്ചചെയ്യുന്നത്.

4) മുഖ്യധാരാ രാഷ്ട്രീയ സമവാക്യങ്ങൾ തെറ്റിച്ചുകൊണ്ട് അഴിമതിക്കെതിരെ വളർന്നുവന്ന ആം ആദ്മി പാർട്ടിയും അതിനെ നയിക്കുന്ന അരവിന്ദ് കേജരിവാളും ബദൽ രാഷ്ട്രീയ സമവാക്യങ്ങളുടെ സാധ്യതയാണ് സൂചിപ്പിപ്പിക്കുന്നത്. ഡൽഹി പെൺകുട്ടിയുടെ മരണവും ലോക്പാൽബില്ലും മുൻനിർത്തിയാണ് ആം ആദ്മി പാർട്ടി വേരോട്ടം നേടിയത്. നമ്മുടെ മാധ്യമങ്ങളും ബുദ്ധിജീവികളും ഉദ്യോഗസ്ഥവൃന്ദവും വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ പുത്തൻ പ്രതീക്ഷയായാണ് ഇതിനെ കാണുന്നതെന്നു തോന്നുന്നു. ഇന്ത്യൻ ജനാധിപത്യത്തിനുള്ളിൽ ഇത്രനാളും കരുത്താർജ്ജിച്ചുവന്ന പല സമരങ്ങളെയും നമ്മുടെ മാധ്യമബുദ്ധിജീവി വർഗം കണ്ടില്ലെന്നുകൂടി ആംആദ്മിയുടെ ആഘോഷിക്കലുകൾ സൂചിപ്പിക്കുന്നുണ്ട്. മുഖ്യധാരാ രാഷ്ട്രീയ

പാർട്ടികളുടെ പിൻബലമില്ലാതെ രൂപംകൊണ്ട ജനകീയസമരങ്ങൾക്ക് രാജ്യത്തിന്റെ പല ഭാഗങ്ങളും സാക്ഷിയായിട്ടുണ്ട്. സിംഗൂർ, നന്ദിഗ്രാം, പ്ലാച്ചിമട, നർമദ, കൂടംകുളം, ധാബോളിലെ എൻറോണിനെതിരെയുള്ള സമരം, പോസ്കോ, സുരക്ഷാസംവിധാനങ്ങൾക്ക് നൽകിയ അമിതാധികാരങ്ങൾ ജനജീവിതം ചവിട്ടിമെതിച്ചതിനെതിരെ ഇറോം ശർമിളയും സോണി സോറിയും വർഷങ്ങളായി നയിക്കുന്ന സമരങ്ങൾ. ഇങ്ങനെയുള്ള എണ്ണിയാൽ തീരാത്തത്ര സമരങ്ങൾ മത-ജാതി-വംശ-ലിംഗ ഭേദമില്ലാതെ ഇന്ത്യൻ ഗ്രാമങ്ങളിൽ നടക്കുന്നുണ്ട്. ഇവരുന്നയിക്കുന്ന പ്രശ്നങ്ങളെ ആം ആദ്മി അഭിസംബോധന ചെയ്യുന്നില്ല. നഗരകേന്ദ്രീകൃത വികസനത്തിന്റെ ഇരകളായ പിന്നോക്ക ദലിത് ന്യനപക്ഷങ്ങളാണ് ഇത്തരം ജനാധിപത്യ പ്രക്ഷോഭങ്ങൾ നയിക്കുന്നതും. ഇത്തരം പ്രശ്നങ്ങളോടുള്ള ആം ആദ്മിയുടെ നിലപാട് ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന ഗാന്ധിജിയുടെ നിലപാടുമായി യോജിച്ചുപോകുന്നതല്ല. അതുപോലെ തീവ്രവാദത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന വലിയ ന്യൂനപക്ഷ വിഭാഗമാണ് മുസ്‌ലിംകൾ. പുനരന്വേഷണം ആവശ്യപ്പെടുന്ന പല കേസുകളിലും ആം ആദ്മിയുടെ നിലപാടുകൾ വിപരീതമാണ്. ഇവരൊക്കെയും അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ നിഴലിലാണ്. അവരിലൂടെ ഇന്ത്യൻ ഗ്രാമങ്ങളെയും അടിസ്ഥാന വർഗത്തെയും ഉൾക്കൊള്ളാനും ആം ആദ്മിക്കായിട്ടില്ല. പലരെയും സ്ഥാനാർഥികളാക്കിയ ആം ആദ്മി ഛത്തീസ്ഘട്ടിലെ സോണി സോറിക്ക് ടിക്കറ്റ് നൽകിയിട്ടില്ല. ഇന്ത്യയുടെ അടിസ്ഥാനവർഗം പ്രതീക്ഷകളർപ്പിച്ച ഇടതുവലതു മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കൊന്നും സാമൂഹ്യവും സാമ്പത്തികവും പാരസ്ഥികവുമായി തങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സാധിക്കില്ലായെന്നും കോർപറേറ്റുകൾക്ക് വിടുപണി ചെയ്യുന്ന സമീപനമാണവരുടേതെന്നുമുള്ള തിരിച്ചറിവിൽ നിന്നാണ് ബഹുജനാടിത്തറയുള്ള പ്രാദേശികവും ഗ്രാമീണവുമായ ബദൽ ജനാധിപത്യപോരാട്ടങ്ങൾ രൂപപ്പെട്ടത്. കേന്ദ്രീകൃതമായ ജനാധിപത്യത്തെ വഴിതിരിച്ചുവിടാൻ ഇവർക്കായിട്ടുണ്ട്. ഈ പ്രശ്നങ്ങളോടുള്ള സമീപനത്തെ മുൻനിർത്തിയായിരിക്കും ഇന്ത്യൻ ജനാധിപത്യത്തിൽ ആം ആദ്മി പാർട്ടിയുടെ ഭാവി. അഴിമതി ഏറ്റവും വലിയ അർബുദമാണ്. പക്ഷേ ആ ഒരൊറ്റ സമസ്യമാത്രം കാണാതെ വൈജാതീയ ഇന്ത്യൻ സാമൂഹ്യസാഹചര്യത്തിൽ സാധാരണജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ കാണാൻ പറ്റിയെങ്കിൽ മാത്രമേ ആം ആദ്മി പാർട്ടിക്ക് ഭാവിയുള്ളൂ. ഇന്ത്യ എന്നത് വെറും നഗരവൽകൃത സമൂഹമല്ല.

5. നമ്മുടെ പാർലമെന്ററി ജനാധിപത്യത്തിൻ കീഴിൽ മുഖ്യാധാരാ രാഷ്ട്രീയപാർട്ടികൾ തുടങ്ങിവെച്ച സാമൂഹികവും പ്രകൃതിപരവും സാമ്പത്തികവുമായ നയങ്ങളുടെ പേരിൽ ഇരകളാക്കപ്പെട്ടവരുടെ കൂടെ ജനകീയസമരങ്ങളിൽ നിലയുറപ്പിച്ചവരും നേതൃത്വം നൽകിയവരുമാണ് ഉദയകുമാർ. മല്ലികാ സാരാബായി സാറാജോസഫ് തുടങ്ങിയവർ. മധ്യവർഗങ്ങളുടെ ആവലാതികളും വേവലാതികളും മാത്രമല്ല ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രശ്നം എന്ന് ഇവരുടെ സമരങ്ങൾ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ആം ആദ്മിയുടെ നേതൃനിരയിലുള്ള രാരും തന്നെ ഇത്തരം ജനകീയ സമരങ്ങളിൽ ഇടപെട്ടിട്ടില്ലായെന്നതും നേരാണ്. പാർലമെന്ററി പ്രാതിനിധ്യമുള്ള ഒരൊറ്റ പാർട്ടിയുടേയും പിൻബലമില്ലാതെ നടന്ന സമരങ്ങൾക്ക് നേതൃപരമായ പങ്കുവഹിച്ചവർ ആംആദ്മിയിൽ ചേരുന്നതോടെ ഇത്തരം പ്രശ്നങ്ങൾക്ക് ഗുണപരമായ മാറ്റം പ്രതീക്ഷിക്കുന്നത്പോലെ തന്നെ ഇത്തരം പ്രശ്നങ്ങൾ നഗരവത്കൃത സാമൂഹ്യപ്രശ്നങ്ങളാൽ ഹൈജാക്ക് ചെയ്യപ്പെടരുതെന്നാണഭിപ്രായം.

6. ഇത്തരം പ്രശന്ങ്ങളിലൊന്നും സർക്കാർ പ്രതിനിധീകരിച്ചത് അതനുഭവിക്കുന്ന ജനങ്ങളുടെ വികാരമല്ലെന്നും നിക്ഷിപ്ത താൽപര്യമാണെന്നതും വസ്തുതയാണ്.പ്രദേശവാസികൾ തള്ളിക്കളഞ്ഞപദ്ധതികളാണിതൊക്കെയും. ആണവനിലയങ്ങളിൽ നിന്നും വൈദ്യുതിഉൽപ്പാദനം വികസിത രാജ്യങ്ങൾപോലും തള്ളിക്കളഞ്ഞ പദ്ധതിയാണെന്നിരിക്കെ അതിനുവേണ്ടി മെനക്കിട്ടറങ്ങുന്നതിന്റെ ലക്ഷ്യം ജനക്ഷേമകരമല്ല.

കക്കൂസും മൂത്രപ്പുരയും വേണ്ടത്രയില്ലാത്ത നാട്ടിലാണ് സർക്കാർ മുക്കിന് മുക്കിന് എയർപോർട്ട് തുടങ്ങാൻ മെനക്കെടുന്നത്. പരിസ്ഥിതി ലോല പ്രദേശങ്ങൽ സംരക്ഷിക്കുന്നതിനായുള്ള കസ്തൂരി രംഗൻ കാർഗിൽ കമ്മിറ്റി റിപ്പോർട്ടുകളെ തള്ളിപ്പറയാനും ഇടതുവലതു പാർട്ടികളെ പ്രേരിപ്പിക്കുന്നത് വിലകുറഞ്ഞ വോട്ടുബാങ്ക് രാഷ്ട്രീയമാണ്. തെരഞ്ഞെടുപ്പ് വരും മുമ്പെ കരടുവിജ്ഞാപനം തയ്യാറാക്കാൻ വനം പരിസ്ഥിതി മന്ത്രാലയത്തെ സമീപിച്ച സർക്കാർ നടപടി ഇതാണ് തെളിയിക്കുന്നത്. ചെങ്ങറയിലും മുത്തങ്ങയിലും ദലിത് ആദിവാസികളോട് സർക്കാർ ചെയ്തത് നാം കണ്ടതാണ്. റിയൽ എസ്റ്റേറ്റ് മാഫിയക്കുവേണ്ടി ആദിവാസി ദലിതുകളെ കുടിയറിക്കി. അവിവാഹിതരായ അമ്മമാരും വർധിച്ചുവരുന്ന നവജാത ശിശുമരണവും പട്ടിണിയും. കുറെ കഞ്ചാവും കള്ളും നൽകി എന്നതിനപ്പുറം അവർക്കൊന്നും ഒരു സർക്കാറും ഒന്നും നൽകിയിട്ടില്ല. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ സുരക്ഷിതരല്ലാ എന്ന ആശങ്കപരത്തുന്ന റിപ്പോർട്ടാണ് വനിതാദിനത്തിൽ നമുക്ക് ലഭിച്ചത്. ഇന്ത്യൻ മനസ്സ് പുരുഷാധിപത്യ സവർണതയിലൂന്നിയതാണ്. അതുകൊ

ശേഷം പേജ് 42

# തിരഞ്ഞെടുപ്പ് റിയാലിറ്റിഷോയും കുറേ പ്രവാസചിന്തകളും



ലിജി ഷംനാദ്

**16-ാമത്** തിരഞ്ഞെടുപ്പ് റിയാലിറ്റിഷോക്കുള്ള സെലക്ഷ്ൻ റൗണ്ട് കഴിഞ്ഞു. ടിവി റിയാലിറ്റിഷോകളിൽ സെലിബ്രിറ്റി ജഡ്ജുമാരും എസ്.എം.എസ് വോട്ടിംഗുമാണ് വിജയിയെ നിർണ്ണയിക്കുന്നതെങ്കിൽ ഈ 'റിയൽ' റിയാലിറ്റിഷോയിൽ സെലിബ്രിറ്റി ജഡ്ജുമാരില്ല എന്ന വ്യത്യാസം മാത്രം. അഭിപ്രായ ഭിന്നതകളും രൂക്ഷമായ ചേരിപ്പോരും കീറാമുട്ടികളായെങ്കിലും ഒട്ടുമിക്കപാർട്ടികളും തങ്ങളുടെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു കഴിഞ്ഞു. കഴിഞ്ഞ ഒരു ദശാബ്ദമായി തുടർച്ചയായി ഇന്ത്യാമഹാരാജ്യം ഭരിച്ചു(മുടിച്ചു) കൊണ്ടിരുന്ന യു.പി.എ ഗവൺമെന്റ് തങ്ങളുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി രാഹുൽകുമാരനെ മുന്നിൽ നിർത്തി പടയൊരുക്കം തുടങ്ങിയെങ്കിലും പെയ്ഡ് മീഡിയയുടേയും സോഷ്യൽ മീഡിയയുടേയും സൃഷ്ടിയായ 'ബ്രാൻഡ് മോദി' എഫക്ടിൽ തിളങ്ങി നിൽക്കുന്ന ബി.ജെ.പി പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്രമോദിക്കാണ് ആദ്യറൗണ്ടിൽ പോയിന്റ് നിലകൂടുതലെന്ന് എക്സിറ്റ് പോൾ ഭൂതങ്ങൾ പ്രവചിക്കുന്നു. എങ്കിലും ഒരു വൈൽഡ് കാർഡ് എൻട്രിയിലൂടെ റിയാലിറ്റിഷോയിൽ നേരിട്ട് പ്രവേശനം ലഭിച്ച ജനപ്രിയനായകൻ കേജരിവാളിന് ഈ രണ്ട് പേരുടേയും പോയിന്റ് നിലയിൽ വ്യതിയാനം വരുത്താനാകുമെന്ന് വിശ്വസിക്കപ്പെടുന്നു.

എന്താണ് ഈ തിരഞ്ഞെടുപ്പിലെ മുഖ്യഅജണ്ട? ഏത് വാഗ്ദാനത്തിൽ വീണാണ് നാമിവരെ വിജയിപ്പിക്കുക? ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾ മുൻനിർത്തി നൽകിയിരുന്ന വാഗ്ദാനങ്ങൾ പഴങ്കഥയായിട്ട് വർഷങ്ങളായി. നിയമസഭാതിരഞ്ഞെടുപ്പായിരുന്നെങ്കിൽ 5 വർഷം ഭരിച്ച ഗവൺമെന്റിന്റെ അഴിമ



ടിവി റിയാലിറ്റിഷോകളിൽ സെലിബ്രിറ്റി ജഡ്ജുമാരും എസ്.എം.എസ് വോട്ടിംഗുമാണ് വിജയിയെ നിർണ്ണയിക്കുന്നതെങ്കിൽ ഈ 'റിയൽ' റിയാലിറ്റിഷോയിൽ സെലിബ്രിറ്റി ജഡ്ജുമാരില്ല എന്ന വ്യത്യാസം മാത്രം.

തിയും കെടുകാര്യസ്ഥതയും മടുത്ത് അടുത്തപാർട്ടിക്ക് അവസരം കൊടുക്കുന്ന പതിവാണ് മലയാളിക്കുള്ളത്. ഇടതിനും വലതിനും മാറി മാറി ഭരിക്കാനും (?) നാമവസരം കൊടുക്കുന്നു. ദേശീയതലത്തിലേക്കെത്തുമ്പോൾ ഈ മാനദണ്ഡങ്ങൾ മാറുന്നു. കേന്ദ്രഗവൺമെന്റിന്റെ ഭരണത്തിന്റെ മാർക്കിടൽ മാത്രമല്ല, തങ്ങളുടെ സംസ്ഥാനം ഭരിക്കുന്നവരോടുള്ള താത്പര്യവും വോട്ടിംഗിൽ സ്വാധീനം ചെലുത്തുന്നു. പ്രാദേശിക പാർട്ടികൾ പൊട്ടിമുളക്കുകയും നിർണ്ണായകസ്വാധീനം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ചെലുത്തുകയും ചെയ്യുമ്പോൾ (തൃണമൂൽ, തെലുഗുദേശം, ടി.ആർ, എസ് തുടങ്ങിയ ഉദാഹരണങ്ങൾ) കേരളം പോലുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ പരമ്പരാഗത പാർട്ടികളിൽ വിശ്വാസമുറപ്പിച്ചു നിൽക്കുന്നു. ഇന്ത്യഭരിച്ച പാർട്ടിയാണെങ്കിലും ബി.ജെ.പിക്ക് നിയമസഭയിലോ ലോക്സഭയിലോ അക്കൗണ്ട് തുറക്കാൻ സാധിക്കാത്ത ഏകസംസ്ഥാനമാണ് സാക്ഷരകേരളം.

കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി ബ്രാൻഡ് മോദി വിജയകരമായി പ്രചരിപ്പിച്ചുവെന്ന് കരുതിയ ബിജെപിക്കും രാഷ്ട്രീയപക്വതയോ കരിസ്മയോ ഇല്ലാത്ത രാഹുലിനെ പൊലിപ്പിച്ച് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന കോൺഗ്രസിനും ഏറ്റ ഇരുട്ടടിയാണ് അരവിന്ദ് കേജരിവാളെന്ന ആം ആദ്മി. ഇന്ദ്രപ്രസ്ഥത്തിലെ മൂടിചൂടാമന്നിയായിരുന്ന ഷീലാദീക്ഷിതിനെ കേരളത്തിലേക്ക് വനവാസത്തിനയച്ച ഘടോൽക്കചനാണ് (കാട്ടാളനാണല്ലോ ആദ്യത്തെ ആം ആദ്മി) കേജരിവാൾ.

കേജരിവാളിന്റെ അപ്രതീക്ഷിത വിജയം മനസ്സിലാക്കിതരുന്നത് വികസനമോ തേനും പാലുമൊഴുക്കുമെന്ന പ്രഖ്യാപനമോ രാമക്ഷേത്രമോ ഹിന്ദുത്വവാദമോ അല്ല സാധാരണ പൗരനെ സ്വാധീനിക്കുന്നത് എന്നാണ് അവനെ ഏറെ അസ്വസ്ഥനാക്കുന്നത് അഴിമതിയാണ്. യു.പി.എ. യിലേയോ എൻ.ഡി.എയിലേയോ നേതാക്കന്മാർ ഭൂരിഭാഗവും പിന്നെ അവരുടെ സ്പോൺസർമാരായ കോർപ്പറേറ്റ് ഭീമൻമാരും മത്സരിച്ച് അഴിമതികാണിക്കുകയും നാട് പങ്കിട്ടെടുക്കുകയും ചെയ്യുമെന്ന് ഏത് കൊച്ചുകുട്ടിക്കും അറിയാം. അപ്പോഴാണ് ഇവർക്കൊക്കെ പരസ്യമായി എതിർപ്പ് പ്രഖ്യാപിച്ച് ജനലോക്പാലിലൂടെ പിച്ച വച്ച് കേജരിവാൾ വന്നത്. ഉന്നതോദ്യോഗം വലിച്ചെറിഞ്ഞ് സാധാരണക്കാരന്റെ ഭാഷയും വേഷവുമിട്ട കേജരിവാളിന്റെ മുഖത്തെ ആത്മാർത്ഥത ഡൽഹി വോട്ടർമാർ തിരിച്ചെറിഞ്ഞു. ഐ.ഐ.ടി ഉത്പന്നമായ കേജരിവാൾ ടീം സോഷ്യൽമീഡിയയെ നന്നായി ഉപയോഗപ്പെടുത്തുകയും ചെയ്തു. മുഖ്യമന്ത്രി പദത്തിൽ ദിവസങ്ങളേ ഇരുന്നുള്ളൂവെങ്കിലും കുറേ നല്ല കാര്യങ്ങൾ ചെയ്യാനും ചില വാഗ്ദാനങ്ങളെങ്കിലും പാലിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. വ്യത്യസ്തനായൊരു മുഖ്യമന്ത്രിയാണ് താനെന്ന് ജനങ്ങളെ മനസ്സിലാക്കിച്ചുവെങ്കിലും വിവാദപ്രസ്താവനകളുടെ പേരിൽ മാധ്യമങ്ങൾ അദ്ദേഹത്തിനെ വിടാതെ പിടികൂടുന്നുണ്ട്. വിമർശനങ്ങൾക്ക് മറുപടി നൽകാൻ ആപ്പിനിപ്പോൾ പ്രത്യേക വക്താവിനെ നിയോഗിക്കേണ്ട അവസ്ഥയായി. എന്തൊക്കെയായാലും അംബാനിമാരെപ്പോലും ശത്രുക്കളാക്കിയ ധീരത, അഴിമതിക്കാർക്കെതിരെയുള്ള കർക്കശനടപടികൾ തുടങ്ങിയവ കേജരിവാളിനെ യുവതലമുറയുടെ ഹീറോ ആക്കി മാറ്റിയിരിക്കുന്നു. വിഭിന്നദേശക്കാരായ യുവ ഐ.റ്റി വിദഗ്ദർക്കൊപ്പം ജോലി ചെയ്യുന്ന ഒരാളെന്ന നിലക്ക് കേജരിവാളിന്റെ നടപടികളോടുള്ള അവരുടെ ആഭിമുഖ്യം നേരിട്ട് മനസ്സിലായിട്ടുണ്ട്. യുവാക്കൾക്കിടയിൽ കേജരിവാൾ കഴിഞ്ഞാൽ മോദിയും നിതീഷുമൊക്കെയാണ് ഹീറോകൾ. സോഷ്യൽമീഡിയയുടെ സ്വാധീനം യുവതലമുറയിൽ വ്യക്തമായുണ്ട്.

കുംഭകർണ്ണസേവയിലാണ്ട ഇടതുപാർട്ടികളാകട്ടെ ഇതുവരെ ഉണർന്നിട്ടില്ല. ബംഗാളിൽ നിന്ന് നിഷ്കാസിതരായി. മറ്റു സംസ്ഥാനങ്ങളിൽ സ്വാധീനം പണ്ടേയില്ല. ഇപ്പോൾ കേരളം മാത്രമാവും ഒരാശ്രയം. ഒരു പക്ഷേ മമതയുടെ മർക്കടമുഷ്ടി തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ ബംഗാളിൽ ഇന്ന് അരവിന്ദ് കേജരിവാൾ ഉയർത്തുന്ന പ്രശ്നങ്ങളൊക്കെ ഇതിനുമുൻപേ ഉയർത്തിയിരുന്നവരായിരുന്നു ഇടതുപക്ഷക്കാർ. പക്ഷേ ഇവയൊന്നും ഫലപ്രദമായി ഉപയോ

കേജരിവാളിന്റെ അപ്രതീക്ഷിത വിജയം മനസ്സിലാക്കിതരുന്നത് വികസനമോ തേനും പാലുമൊഴുക്കുമെന്ന പ്രഖ്യാപനമോ രാമക്ഷേത്രമോ ഹിന്ദുത്വവാദമോ അല്ല സാധാരണ പൗരനെ സ്വാധീനിക്കുന്നത്. അവനെ ഏറെ അസ്വസ്ഥനാക്കുന്നത് അഴിമതിയാണ്.

ഗിക്കാൻ അവർക്ക് കഴിഞ്ഞില്ല. പാർട്ടിയുടെ കടുംപിടുത്തവും ചിലപ്പോഴെങ്കിലുമുള്ള കൈയൂക്ക് രാഷ്ട്രീയവും പ്രാദേശികപാർട്ടികളുമായുള്ള സഖ്യശ്രമങ്ങളും കോർപ്പറേറ്റ് ഭീമന്മാരെ മൊത്തത്തിലെതിർക്കാനോ കൂടെ നിർത്താനോ കഴിയാത്തതും സോഷ്യൽമീഡിയയുടെ സ്വാധീനം തിരിച്ചറിയാത്തതുമൊക്കെ തിരിച്ചടിയായി. അല്ലെങ്കിൽ ഇപ്പോൾ എഎപിയുടെ സ്ഥാനം ഇടതിന് നേടാൻ കഴിഞ്ഞേനെ. കൊച്ചുകേരളത്തിലാകട്ടെ ഉമ്മൻചാണ്ടി സർക്കാറിന്റെ കെടുകാര്യസ്ഥതയും മുന്നണിയുടെ കെട്ടുറപ്പില്ലായ്മയും ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചില്ല. ആറൻമുള വിമാനത്താവളം, കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയ മുഖ്യധാരാ പരിസ്ഥിതി പ്രശ്നങ്ങളിലും ഇടപെട്ടതായി ജനത്തിനെ മനസ്സിലാക്കിക്കാൻ കഴിഞ്ഞിട്ടില്ല. മലയോര മേഖലകളിലെങ്കിലും കസ്തൂരിയിൽ തടഞ്ഞു ചിലരെങ്കിലും വീഴാൻ സാധ്യതയുണ്ട്.

കേരളത്തിൽ സാമൂഹികപാരിസ്ഥിതിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട് വരുന്ന ശ്രീമതി സാറാജോസഫ്, ഉദയകുമാർ, അമ്പലത്തറ കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥികളായി അങ്കത്തിനിറങ്ങിയിട്ടുണ്ട്. ഭരണപ്രതിപക്ഷ ഭേദമന്യേ സാമൂഹികപ്രശ്നങ്ങളിൽ ഇടപെട്ടവരാണ് ഇവരെല്ലാം. ഏറെക്കാലമായി കേരളം ഇവരുടെ വാക്കുകൾക്ക് ചെവിയോർക്കാറുണ്ട്. എങ്കിലും കേരളീയന്റെ പൊതുസ്വഭാവമനുസ്വരിച്ച് പുതിയ ഉത്പന്നങ്ങളോട് കാണിക്കുന്ന ആഭിമുഖ്യം അവൻ പുതിയ രാഷ്ട്രീയ പാർട്ടികളോട് കാണിക്കാറില്ല. കുറെ വോട്ട് പിടിക്കുമെങ്കിലും ഈ തെരഞ്ഞെടുപ്പിൽ എഎപിക്ക് കേരളത്തിൽ വിജയസാധ്യത ഉള്ളതായി തോന്നുന്നില്ല.

ന്യൂനപക്ഷ ഭൂരിപക്ഷസമുദായ നേതാക്കന്മാരുടെ അരമനകളും അന്തഃപുരങ്ങളും കേറിയിറങ്ങി അനുഗ്രഹം വാങ്ങുന്ന നേതാക്കന്മാർ ഒരു കോടിയിലേറെ വരുന്ന പ്രവാസികളെ മറന്നു. അനുഗ്രഹം വാങ്ങാനല്ല, ഭണ്ഡാരപ്പെട്ടി നിറക്കാനായി അവരിങ്ങോട്ട് എത്തിയിട്ടുണ്ട്. പഴയപോലെ വാഗ്ദാനങ്ങളിൽ ഞങ്ങൾ ഭ്രമിക്കാറില്ല. എങ്കിലും കേരളത്തിലെ വിവിധ ബാങ്കുകളിൽ കിടക്കുന്ന 97000 കോടി രൂപ മറക്കാൻ നേതാക്കന്മാർക്കാവില്ലല്ലോ. പണ്ടത്തെപ്പോലെയല്ല തിരഞ്ഞെടുപ്പ് ചെലവ്. ഒരു മണ്ഡലത്തിന് 70 ലക്ഷം രൂപ ചെലവാക്കാമെന്നാണ് വകുപ്പെങ്കിലും ചിലവാക്കുന്നത് എത്രയോ ഇരട്ടി. ന്യൂജനറേഷൻ തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഹെലികോപ്ടറുകളും ചാർട്ടർ വിമാനങ്ങളും വാടകക്കെടുക്കണം. ഫ്ളക്സ് ബോർഡിനൊക്കെ ഇപ്പോ എന്താ ചാർജ്ജ്? (ഒരു ദേശീയപാർട്ടി കേരളത്തിൽ ഫ്ളക്സ്ബോർഡ് സ്ഥാപിക്കാൻ 1.8 കോടി നൽകിയത്രേ) പിന്നെ പോസ്റ്ററുകളിലെ കളറുപടം അടിക്കാൻ സ്പെഷ്യൽഫോട്ടോ ഷൂട്ട്, എങ്ങനെ ചിരിക്കണം, എന്തുപറയണം, എങ്ങനെ കൈകൂപ്പണം എന്നൊക്കെ പഠിപ്പിക്കുന്ന പി. ആർമാരുടെ റേറ്റ്, പ്രധാന ക്ലിപ്പിംഗ്സ് മീഡിയയിൽ എത്തിക്കാനുള്ള വകുപ്പിന്റെ ചിലവ് ഇവ കൂടാതെ സ്ഥിരം ചെലവായ മദ്യം, പണം. ഭഗവാനെ എത്ര ചെലവാക്കിയാലാണ് മോക്ഷം കിട്ടുക.



2010 ൽ പ്രവാസവോട്ടവകാശ നിയമം വന്നെങ്കിലും ആം പ്രവാസിക്ക് ഇത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. വോട്ട് ചെയ്യാൻ നാട്ടിൽ തന്നെവരണം. അതിസമ്പന്നർ പോലും ഇതിനായി നാട്ടിൽ വരുമെന്ന് തോന്നുന്നില്ല. ഇതിന് പകരം പ്രവാസി ജോലി ചെയ്യുന്ന രാജ്യത്ത് തന്നെ വോട്ട് ചെയ്യാനോ ഓൺലൈൻ വോട്ട് ചെയ്യാനോ ഉള്ള സംവിധാനം ഒരുക്കണം. സൈനികർക്ക് വോട്ടിംഗ് സൗകര്യം ലഭ്യമാകുന്നത് പോലെ പ്രവാസിക്കും ലഭ്യമാക്കിയാൽ ഞങ്ങളുടെ പണം മാത്രമല്ല, ഞങ്ങളേയും ഒഴിവാക്കാൻ സാധിക്കുകയില്ല. (എത്ര നടക്കാത്ത മനോഹരമായ സ്വപ്നം)

അഴിമതി കുറഞ്ഞ (പൂർണ്ണമായും ഇല്ലാതാവുമെന്ന് ഈശ്വരനുപോലും വിശ്വാസമില്ല), മതതീവ്രവാദത്തിനെതിരെ ശക്തമായ നടപടിയെടുക്കുന്ന, സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്ന, കൂടുതൽ തൊഴിലവസരങ്ങൾ നൽകാൻ കഴിയുന്ന, കോർപറേറ്റ് ഭീമന്മാരുടെ പോക്കറ്റിലൊതുങ്ങാത്ത ഒരു ഗവൺമെന്റാണ് ഒരു ആം ഔരത്തായ എന്റെയും സ്വപ്നം (ഏതെങ്കിലും ഒരു മണ്ഡലത്തിലെങ്കിലും നിഷേധവോട്ടെന്ന പുതുമുഖത്തിന് ഭൂരിപക്ഷം കിട്ടണമെന്നാണ് ദുരാഗ്രഹം). ●



സി.കെ ജാനു

# ആദിവാസി മുന്നേറ്റങ്ങളിലെ സ്ത്രീ സാന്നിധ്യം




**കേരളത്തിലെ** ആദിവാസികളെ പലരും പഠനവിധേയമാക്കിയിട്ടുണ്ട്. ആദിവാസികളുടെ സംസ്കാരം, ഭാഷ, ജീവിതരീതി തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങളാണ് പൊതുവിൽ നടന്നിട്ടുള്ളത്. ആദിവാസിമുന്നേറ്റങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം എത്രത്തോളമായിരുന്നെന്ന് ഒരു സമഗ്രമായ വിലയിരുത്തൽ നാളിതുവരെ നടന്നതായി തോന്നുന്നില്ല. സി. കെ. ജാനു നയിക്കുന്ന ആദിവാസി പ്രസ്ഥാനത്തെക്കുറിച്ചും അതിന്റെ ഭാഗമായി നടന്ന പ്രക്ഷോഭങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുമാണ് ഈ കുറിപ്പിൽ ചർച്ച ചെയ്യുന്നത്.

***ശിഥിലമാക്കപ്പെട്ട ആദിവാസിജീവിതം***

സ്വാതന്ത്ര്യാനന്തരകേരളം ആദിവാസികളുടെ പാരമ്പര്യസാമൂഹിക ജീവിതം സംരക്ഷിച്ചിട്ടില്ല. ഭരണഘടനാപരമായ പരിരക്ഷകൾ അവഗണിക്കപ്പെട്ടു. അതിനാൽ ആദിവാസികൾക്കെതിരെയുള്ള നാഗരിക സമൂഹത്തിന്റെ കടന്നാക്രമണം വർദ്ധിച്ചുകൊണ്ടിരുന്നു. കൊളോണിയൽ അധിനിവേശത്തിന്റെ ഇരകളാണ് കേരളത്തിലെ വനവും ആദിവാസി സമൂഹവും. ബ്രിട്ടീഷുകാർ വനത്തെയും ജൈവസമ്പത്തിനെയും വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ ഉറവിടമായി മാത്രമെ കണ്ടിരുന്നുള്ളൂ. തടി വ്യവസായത്തിനും, തോട്ടവൽക്കരണത്തിനും തിരുവിതാംകൂറിലും ബ്രിട്ടീഷ് ആധിപത്യമുള്ള മലബാറിലും വനങ്ങൾ വെട്ടി നശിപ്പിക്കപ്പെട്ടു. വൻകിട തോട്ടങ്ങൾ സ്ഥാപിക്കുന്നതോടെ വലിയൊരു വിഭാഗം ആദിവാസികൾ പാരമ്പര്യ ജീവിതത്തിൽ നിന്നും പിഴുതെറിയപ്പെട്ടു. ബ്രിട്ടീഷ് വന നിയമങ്ങൾ വനവാസികളായ ആദിവാസികൾക്ക് യാതൊരു വിധ സംരക്ഷണവും നൽകിയില്ല. സ്വാതന്ത്ര്യാനന്തര കേരളത്തിലും ഈ സമീപനം തുടരുകയാണുണ്ടായത്. 1950–കൾക്ക് ശേഷമുണ്ടായ കുടിയേറ്റങ്ങൾ ആദിവാസികളുടെ പാര



മ്പര്യജീവിതത്തിൽ കൂടുതൽ ആഘാതമേൽപ്പിച്ചുകൊണ്ടിരുന്നു. വൈദേശികമായ എല്ലാ അതിക്രമങ്ങളിലും ഇരകളാക്കപ്പെട്ടതും, അതിക്രമത്തിന്റെ ഭാരം പേറേണ്ടിവന്നതും ആദിവാസി സമൂഹത്തിലെ സ്ത്രീകളാണെന്നതാണ് യാഥാർത്ഥ്യം. വനത്തെയും കൃഷിഭൂമിയെയും ആശ്രയിച്ചുവന്ന ഗോത്രസമൂഹങ്ങളുടെ സാമൂഹിക ജീവിതം തകർക്കപ്പെട്ട സാഹചര്യത്തിൽ അടിമവർഗ്ഗം എന്ന നിലയിലേക്ക് അവർ തരം താഴ്ത്തപ്പെട്ടു. ഭൂമിയും പ്രകൃതിയുമായുള്ള ബന്ധം വിഛേദിക്കപ്പെട്ടവരിലേറെപ്പേരും ഗ്രാമീണ മേഖലകളിലും, കുടിയേറ്റ മേഖലകളിലും കൂലി തൊഴിലാളികളായി മാറി. സമൂഹത്തിന്റെ ഭൂരിപക്ഷവും നിരക്ഷരരായി. സ്ത്രീകളിൽ 100%വും നിരക്ഷരരായി. കൂലിയടിമകളെന്ന നിലയിലുള്ള ചൂഷണത്തോടൊപ്പം ലൈംഗികാതിക്രമങ്ങൾക്കും ഇരകളാക്കപ്പെട്ടുകൊണ്ടിരുന്നു. ഭൂവുടമസ്ഥത നിലനിർത്താൻ കഴിഞ്ഞവരും പരമ്പരാഗതമായ ഗോത്രഘടന നിലനിർത്താൻ കഴിഞ്ഞവരുമായ ചെറിയൊരു ശതമാനം ആദിവാസികൾക്ക് മാത്രമെ ഈ സാഹചര്യത്തിൽ നിന്നും മോചനമുണ്ടായിട്ടുള്ളൂ.

**സ്ത്രീ സാന്നിധ്യത്തിന്റെ രാഷ്ടീയ പശ്ചാത്തലം:-**

ആദിവാസി ഗോത്രസമൂഹങ്ങളുടെ കെട്ടുറപ്പിന്റെ അടിസ്ഥാനം വലിയൊരളവുവരെ സ്ത്രീ-പുരുഷ വിനിമയങ്ങളാൽ ഉദ്ഗ്രഥിക്കപ്പെട്ടതാണ്. നാഗരിക സമൂഹത്തിലെ അണുകുടുംബത്തിൽ സ്ത്രീകൾക്കുള്ള പങ്കിനേക്കാൾ വിപുലമാണത്. കുടുംബ ഘടനയ്ക്കുള്ളിലെ ഉല്പാദനത്തിന്റെയും വിനിമയത്തിന്റെയും സീമകൾക്കപ്പുറം, ഗോത്രത്തിന്റെ സാമൂഹികമായ എല്ലാ വിനിമയങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം സജീവമാണ്. ഒരു പക്ഷെ, ഇത് മറ്റ് സമൂഹങ്ങൾക്കും ബാധകമായിരിക്കാം. ഉൽപാദനത്തിലും വിനിമയത്തിലും, പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളിലും, ഗോത്രഘടന നിലനിർത്തുന്നതിലും സ്ത്രീകളുടെ സ്ഥാനം പാരമ്പര്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അത് പുരുഷാധിപത്യ ബന്ധങ്ങളിൽ അധിഷ്ഠിതമല്ല. പ്രകൃതിയുമായി ബന്ധപ്പെട്ട് ജൈവപരമായി ക്രമീകരിക്കപ്പെട്ട ഗോത്രജീവിതത്തിലേക്കുള്ള ബാഹ്യ സമൂഹത്തിന്റെ കടന്നാക്രമണം, ഗ്രാമസമൂഹത്തിന്റെ സ്വച്ഛന്ദമായ രീതികൾ തകർത്തെറിഞ്ഞു. നാഗരിക സമൂഹത്തിന്റെ കടന്നാക്രമണത്തിന്റെ ഭാരം പേറേണ്ടിവരുന്നവരും , അതിനെതിരെ അടിത്തട്ടിൽ ചെറുത്തുനിൽക്കുന്നവരും ആദിവാസി സ്ത്രീകളാണ്. ഭൂമിക്ക് വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ, വനം സംരക്ഷിക്കുന്നതിനായുള്ള ചെറുത്തുനിൽപ്പുകൾ തുടങ്ങിയവയിലെല്ലാം ആദിവാസി സ്ത്രീകളുടെ പങ്ക് പൂർണ്ണമാണ്. മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ സംരക്ഷണ വലയം തീർക്കുന്നവരും , ഭരണകൂട ശക്തികൾ വെടിയുതിർക്കുമ്പോൾ മുന്നണിയിൽ നില്ക്കുന്നവരും ആദിവാസി സ്തീകളാണ്.

**സി.കെ. ജാനുവും സ്ത്രീ ശക്തിയുടെ പ്രതിഫലനവും**

സ്വാതന്ത്ര്യാനന്തര കേരളത്തിൽ ആദിവാസികളുടെ സംഘടിത ശബ്ദം 1990-കളുടെ തുടക്കത്തിലാണ് കേട്ടു തുടങ്ങുന്നത്. കേരളത്തിൽ സർക്കാർ




നടപ്പാക്കിയ സാക്ഷരതാപ്രവർത്തനം ഗ്രാമീണമേഖലയിലെ നിരവധി സ്ത്രീകൾക്ക് വെളിച്ചം പകർന്നിരുന്നു. സംഘടിത രാഷ്ടീയ പാർട്ടികൾക്കെതിരെ കലഹിച്ച സി.കെ. ജാനു സാക്ഷരതാ പ്രവർത്തനത്തിൽ നിന്നാണ് സംഘടനാ പ്രവർത്തനത്തിലേക്ക് ഉയർന്നുവരുന്നത്. സൗത്ത് ഇന്ത്യൻ ആദിവാസി സംഗമത്തിന്റെ അദ്ധ്യക്ഷയായി

കടന്നുവന്ന സി.കെ. ജാനു ഏറെ താമസിയാതെ ആദിവാസികളുടെ ഭൂസമരപ്രക്ഷോഭങ്ങളുടെ നേതൃത്വമായി മാറി. സ്വന്തം നിലയിലുള്ള കാർഷിക വൃത്തിയിലേർപ്പെട്ടുകൊണ്ടുതന്നെ നിരവധി പ്രക്ഷോഭമുന്നണികളിൽ ജാനു സജീവമായി. അമ്പുകുത്തി, കോളിക്കംപാളി, ചീങ്ങേരി, പനവല്ലി തുടങ്ങിയ മേഖലകളിൽ നടന്ന സമരങ്ങളിൽ പങ്കെടുത്ത ആയിരക്കണക്കിനാളുകളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളായിരുന്നു. പ്രക്ഷോഭങ്ങളുടെ ആ




ദശകത്തിന് ഏറെ പ്രാധാന്യവുമുണ്ടായിരുന്നു. ഐക്യരാഷ്ട്ര സഭ സാർവ്വദേശീയതലത്തിൽ ആദിവാസികളുടെ പ്രശ്നം അഭിസംബോധന ചെയ്ത കാലഘട്ടവുമായിരുന്നു. കേരളത്തിലാകട്ടെ, ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കിട്ടാനുള്ള (1975-ലെ നിയമം നടപ്പാക്കിക്കിട്ടാൻ) വ്യവഹാരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും വലിയൊരു മുന്നേറ്റവുമുണ്ടായിരുന്നു. വ്യവഹാരത്തിന് തുടക്കം കുറിച്ചത് ഡോ: നല്ല തമ്പി തേര സമർപ്പിച്ച പൊതുതാല്പര്യ ഹർജിയോടെയാണ്. ഐക്യരാഷ്ട്ര സഭയുടെ ഭാഗമായി നടന്ന അന്തർദേശീയ സമ്മേളനത്തിൽ കേരളത്തിൽ നിന്നും സി.കെ. ജാനുവിന് പ്രതിനിധീകരിക്കാൻ കഴിഞ്ഞു. അതുവഴി ഗോത്രജനതകളിലെ ആയിരങ്ങളുടെ ശബ്ദത്തെ ജാനുവിന് പ്രതിനിധീകരിക്കാൻ കഴിഞ്ഞു. തദ്ദേശീയ ജനതകളുടെ അവകാശങ്ങളെക്കുറിച്ച് സാർവ്വദേശീയ വേദികളിൽ പ്രതിഫലിച്ച ശബ്ദത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളാൻ കേരളത്തിലെ ഭരണാധികാരികൾക്ക് കഴിഞ്ഞിരുന്നില്ല. സി.കെ. ജാനുവിനെയും നിരവധി സ്ത്രീകളേയും ജയിലിടച്ചുകൊണ്ടാണ് ഈ കാലഘട്ടത്തിലെ കേരള സർക്കാർ സ്ത്രീശക്തിയെ നേരിടാൻ ശ്രമിച്ചത്. നിയമത്തിന്റെ പരിരക്ഷയായി അവശേഷിച്ച ഒരേ ഒരു നിയമവും (1975 ലെ നിയമം) ഇടതു-വലതു മുന്നണികൾ സംയുക്തമായി ആ ദശക്കത്തിന്റെ അന്ത്യത്തിൽ (1999 ൽ) റദ്ദാക്കുകയും ചെയ്തു. എങ്കിലും, ഒരു സമൂഹത്തിന്റെ തിരിച്ചുവരവിൽ സി.കെ.ജാനുവിന്റെ നേതൃത്വത്തിൽ നടന്ന സ്ത്രീകളുടെ മുന്നേറ്റം തുടർന്നും നിലനിന്നു.

**അഭയാർത്ഥികളുടെ തിരിച്ചുവരവും മുത്തങ്ങയിലെ ചെറുത്തുനില്പും**

നിയമപരിരക്ഷകൾ റദ്ദാക്കുന്നതുവഴി ആദിവാസികളുടെ ശബ്ദം കെട്ടടങ്ങും എന്നാണ് ഭരണാധികാരികൾ വിശ്വസിച്ചത്. എന്നാൽ ഒറ്റപ്പെട്ടതെങ്കിലും ഒട്ടേറെ ശ്രദ്ധേയമായ പ്രക്ഷോഭങ്ങളുടെ ഒരു പരമ്പരയാണ് 2000 -2001 മുതൽ കേരളം കണ്ടത്. കണ്ണൂർ ജില്ലയിലെ തിരുവോണപ്പുറം, അട്ടപ്പാടി-തമിഴ്നാട് അതിർത്തി ഗ്രാമമായ തൂവൈപ്പതി ഊരിൽ നടന്ന ഭൂസമരം, വയനാട് പനവല്ലിയിലെ ഭൂസമരം, ഇടുക്കി ജില്ലയിലെ കുണ്ടളയിൽ നടന്ന ഭൂസമരം തുടങ്ങിയവയെല്ലാം നൂറുകണക്കിന് സ്ത്രീകളുടെ പങ്കാളിത്തംകൊണ്ട് ശക്തമായിരുന്നു. സർക്കാരിന്റെ നിഷ്കരുണമായ സമീപനം ഈ ദശകത്തിൽ ആദിവാസി ജീവിതത്തെ തീർത്തും അനാഥമാക്കിയിരുന്നു. 1999-2000 വർഷക്കാലയളവിൽ 157 ആദിവാസികൾ കേരളത്തിൽ പട്ടിണി മരണത്തിനിരയാക്കപ്പെട്ടു; അട്ടപ്പാടിയിലെ "ദുരൂഹ" മരണങ്ങൾ പെരുകിക്കൊണ്ടിരുന്നു; നിരവധി സ്ത്രീകൾ ലൈംഗികാതിക്രമത്തിന് ഇരകളായി. ഗത്യന്തരമില്ലാതെ ആദിവാസികൾ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കലും, സെക്രട്ടറിയേറ്റു പടിക്കലും അഭയാർത്ഥിക്കുടിലുകൾ കെട്ടി. ജനിച്ച മണ്ണിൽ അഭയാർത്ഥികളാകേണ്ടിവന്ന ജനത 48 ദിവസക്കാലം കേരളത്തിലെ ഭരണാധികാരികളെ വിചാരണയ്ക്ക് വിധേയരാക്കി. 2001 ആഗസ്റ്റ് 29 മുതൽ ഒക്ടോബർ 16 വരെ നടന്ന പ്രക്ഷോഭത്തിന്റെ അന്ത്യത്തിൽ കേരളത്തിലെ ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും കൃഷി ഭൂമി നൽകി പുനരധിവസിപ്പിക്കുമെന്നും, ഭരണഘടനാ പരിരക്ഷ നൽകി ആദിവാസി ഭൂമി സംരക്ഷിക്കാൻ നിയമനിർമ്മാണം നടത്തുമെന്നും ഒരു ഉഭയകക്ഷി കരാറിലൂടെ സർക്കാർ അംഗീകരിച്ചു. പ്രസ്തുത പദ്ധതി കേരളത്തിലെ പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി മാറുകയും ചെയ്തു. എങ്കിലും, പതിവുപോലെ വാക്കുകൾ പാലിക്കാൻ തയ്യാറാകാതെ പദ്ധതി അട്ടിമറിക്കാൻ ഭരണാധികാരികൾ തീരുമാനിച്ചു. വനഭൂമി നൽകുന്നതിൽ നിന്നും പിറകോട്ടുപോയി. ആദിവാസികൾ സ്വന്തം കോടതിയിൽ സർക്കാരിനെ കുറ്റവിചാരണ ചെയ്തു. അവകാശ സ്ഥാപന സമരത്തിന്റെ ഭാഗമായി

4000–ത്തോളം ആദിവാസികൾ മുത്തങ്ങയിൽ കുടിൽ കെട്ടി. സഹനസമരത്തിന്റെ മാതൃകയായിരുന്ന മുത്തങ്ങയിൽ ദിവസങ്ങൾ നീണ്ടുനിന്ന പോലീസ് തേർവാഴ്ചയും അതിക്രമവും നടത്തിയ ഭരണകൂടം ആദിവാസികളെ കുടിയിറക്കി. കസ്തൂരി രംഗന്റെ മറവിൽ ഇന്ന് മാഫിയ ശക്തികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കാട്ടുതീ ഒരു ദശകം മുൻപ് ആദിവാസികളെ കുടിയിറക്കാൻ മുത്തങ്ങയിൽ പരീക്ഷിച്ചു. ആയിരക്കണക്കിന് ആദിവാസികൾ കുടിയിറക്കപ്പെട്ടപ്പോൾ, അതിക്രമത്തിനിരയായവർ ബഹുഭൂരിപക്ഷവും സ്ത്രീകളായിരുന്നു. 800–ലധികം സ്ത്രീകളും കുട്ടികളും ജയിലിലടക്കപ്പെട്ടു. വെടിവെപ്പിലും മറ്റ് അതിക്രമങ്ങളിലും പരിക്കേറ്റവർ നിരവധി. ആധുനിക കേരളത്തിൽ ഇത്ര മൃഗീയമായ പോലീസ് തേർവാഴ്ച മുമ്പൊരിക്കലും കണ്ടിട്ടില്ല. ആദിവാസി സ്ത്രീകളുടെയും കുട്ടികളുടെയും പ്രക്ഷോഭത്തിലെ പങ്കും, സത്രീകൾക്ക് ഏൽക്കേണ്ടി വന്ന യാതനകളും ദേശീയ വനിതാകമ്മീഷൻ ചെയർപേഴ്സൺ പൂർണ്ണിമ അദ്വാനിയുടെ റിപ്പോർട്ടിൽ (2003) വിലയിരുത്തിയിട്ടുണ്ട്. റിപ്പോർട്ടുകളേറെയുണ്ടായിട്ടും നീതിയുടെ കതകുകൾ ആദിവാസി സ്ത്രീകൾക്കും കുട്ടികൾക്കും മുന്നിൽ കൊട്ടിയടക്കപ്പെട്ടു.

**സ്ത്രീ ശക്തിയും സഹന സമരവും**

സഹന സമര രീതിയുടെ തുടർച്ച ആദിവാസി പ്രക്ഷോഭങ്ങളിലുണ്ട്. സജീവമായ സ്ത്രീ സാന്നിദ്ധ്യമാണ് ഇതിന്റെ അടിസ്ഥാനം. പ്രക്ഷോഭത്തെ നേരിടാൻ അറസ്റ്റും മർദ്ദന മുറകളും തുറുങ്കിലടക്കലുമാണ് ഭരണകൂടം പിൻതുടർന്നതെങ്കിലും, ജയിലറകളിൽവരെ തുടർന്നുവന്ന നിരാഹാരവും സഹന സമരവും വഴി ആദിവാസികൾ അതിനെ നേരിട്ടു. 94 –95 കാലയളവിലെ ചീങ്ങേരി സമരത്തിലും പനവല്ലി സമരത്തിലും ദിവസങ്ങളോളം നീണ്ടു നിന്ന നിരാഹാര സമരം സി.കെ. ജാനുവിന് തുടരേണ്ടി വന്നിരുന്നു. ഇടുക്കി ജില്ലയിലെ കുണ്ടള സമരത്തിലും നിരാഹാര സമരം നടന്നു. 2001–ആഗസ്റ്റ് 29 മുതൽ ഒക്ടോബർ 16 വരെ സെക്രട്ടറിയേറ്റ് പടിക്കൽ നടന്ന ആദിവാസി അഭയാർത്ഥി ക്യാമ്പും സഹനസമരവേദിയായിരുന്നു. പ്രകോപനങ്ങളിലൂടെ സമരത്തെ അക്രമാസക്തമാക്കാൻ ശ്രമിച്ച സർക്കാരിന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുത്തപ്പെട്ടു. ശക്തരും അക്രമാസക്തരുമായ ഭരണകൂട സംവിധാനത്തെ നിരാകരിക്കുന്ന സമരതന്ത്രമാണ് ഇവിടെ സ്വീകരിക്കപ്പെട്ടത്. ഓരോ സമരത്തിലും ധാർമ്മികത നഷ്ടപ്പെട്ട ഭരണകൂട സംവിധാനത്തിന്റെ നിയമവിരുദ്ധമായ മുഖം തുറന്നുകാണിച്ചു കൊണ്ടിരുന്നു. ഭരണ ഘടനയെ മാനിക്കാത്ത ഭരണകൂടം, നിയമങ്ങളെയും വാഗ്ദാനങ്ങളെയും മാനിക്കാത്ത ഭരണകൂടം ..... എന്ന നിരീക്ഷണം പ്രക്ഷോഭരംഗത്തുള്ളവർക്ക് ധാർമ്മികമായ കരുത്തു നൽകി. സമാനമായ സമരരീതി തന്നെയാണ് മുത്തങ്ങയിലും തുടർന്ന് വന്നത്. സമാധാനപരമായ ഒരു അറസ്റ്റ് വഴി സ്വൈര ജീവിതം നയിക്കുന്ന ഗ്രാമവാസികളെ മുത്തങ്ങയിൽ നിന്നും ഒഴിവാക്കുക സാധ്യമായിരുന്നില്ല. അതിനാൽ തുടക്കം മുതൽ തന്നെ അക്രമാസക്തമായ രീതിയിൽ ആദിവാസികളുടെ കുടിലുകൾ അഗ്നിക്കിരയാക്കുകയും, വെടിവെപ്പിലൂടെ തുരത്തുകയും ചെയ്യുന്ന തന്ത്രമാണ് അധികാരികൾ പ്രയോഗിച്ചത്. കുട്ടികളേയും സ്ത്രീകളേയും മർദ്ദിച്ചൊതുക്കി തുറുങ്കിലടച്ച് ആദിവാസികളുടെ ആവാസ മേഖല മോചിപ്പിച്ചതായി പ്രഖ്യാപിച്ചു. ഒരു അയൽരാജ്യത്തെ കീഴടക്കുന്ന സൈനിക തന്ത്രം പോലെയായിരുന്നു അത്.

> തുടക്കം മുതൽ തന്നെ അക്രമാസക്തമായ രീതിയിൽ ആദിവാസികളുടെ കുടിലുകൾ അഗ്നിക്കിരയാക്കുകയും, വെടിവെപ്പിലൂടെ തുരത്തുകയും ചെയ്യുന്ന തന്ത്രമാണ് അധികാരികൾ പ്രയോഗിച്ചത്.

**ഗോത്രമഹാസഭ: ചിതറിപ്പോയവരുടെ തിരിച്ചുവരവ്**

1990– മുതൽ ഒരു ദശകക്കാലം നീണ്ടു നിന്ന ആദിവാസി സമരം വലിയൊരളവുവരെ ഭൂമിക്ക് വേണ്ടിയുള്ള അവകാശസമരത്തിന്റെ ഭാഗമായിരുന്നു. എന്നാൽ 2001 ൽ നടന്ന ആദിവാസി "അഭയാർത്ഥി ക്യാമ്പും" തുടർന്നുള്ള ഉയർത്തെഴുന്നേല്പും ചിതറിപ്പോയ ആദിവാസി സമൂഹത്തിന്റെ തിരിച്ചുവരവായി മാറി. സമരനേതൃത്വത്തിന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ച്, നാനാഗോത്രത്തിൽപ്പെട്ട ജനതകൾ ഒരു ഉയർത്തെഴുന്നേൽപ്പിന് തയ്യാറായി. കേരളത്തിലെമ്പാടുമുള്ള ഗ്രാമങ്ങളിൽ അവരുടെ കൂട്ടായ്മ പുനർസൃഷ്ടിക്കപ്പെട്ടു. കേന്ദ്രീകൃതമായി നയിക്കുന്ന സംഘടനകളിൽ നിന്ന് ഭിന്നമായി, ഒരു സമൂഹം എന്ന കൂട്ടായ്മയിൽ ഉദ്ഗ്രഥിക്കപ്പെട്ടു. ഭൂമിയും പ്രകൃതിയും ആവാസ വ്യവസ്ഥയേയും കൂട്ടിയിണക്കുന്ന രൂപമാണ് വളർന്ന് വന്നത്. സമത്വാധിഷ്ടിതമായ സ്ത്രീ–പുരുഷ ബന്ധത്തിൽ ക്രമീകരിച്ച ഒരു പുത്തൻ

സംഘടനാരൂപമായിരുന്നു അത്. പൗരസമൂഹത്തിൽ നാം കണ്ടുവരുന്ന കേന്ദ്രീകൃതമായ സംഘടനാ രൂപങ്ങളിൽ നിന്ന് ഭിന്നമായി, മുഖാമുഖം ജീവിക്കുന്നവരുടെ ഒരു കൂട്ടായ്മ. ട്രൈബൽ ഭരണ സംവിധാനത്തിൽ കേരള സർക്കാർ ഊര് കൂട്ടമെന്ന രീതി അംഗീകരിക്കപ്പെടുന്നതും ഈ സാഹചര്യത്തിലാണ്. വികേന്ദ്രീകൃതമായി ഗ്രാമങ്ങളിൽ രൂപപ്പെട്ട ഈ സംവിധാനത്തിന്റെ വിപുലമായ കൂട്ടായ്മക്ക് ഗോത്ര മഹാസഭ എന്ന് നാമകരണം ചെയ്യപ്പെട്ടു. പുരുഷകേന്ദ്രീകൃതവും അധികാര കേന്ദ്രീകൃതവുമായ ഘടനയെ നിഷേധിക്കുന്ന ഒരു സംഘടനാ രീതിയായിരുന്നു സ്വാഭാവികമായും ഉയർന്നുവന്നത്. സ്വന്തം ആവാസവ്യവസ്ഥയിലും പ്രകൃതിയിലും നിലനിൽക്കുന്ന ആദിവാസി ഗ്രാമസഭകളിൽ (ഊര് സഭകളിൽ) സ്ത്രീകളുടെ സാന്നിധ്യവും പങ്കാളിത്തവും പൂർണ്ണമായിരുന്നു. ഭൂമിക്ക് വേണ്ടിയുള്ള അവകാശ സമരത്തിന്റെ ആദ്യദശകത്തിൽനിന്നും ഭിന്നമായി, ആദിവാസി സമൂഹത്തിന്റെ പുത്തൻ നവോത്ഥാനത്തിന് ഇത് തുടക്കം കുറിച്ചു. ആദിവാസി പ്രസ്ഥാനത്തിന്റെ പ്രതീകമായി പൊതുവിൽ അറിയപ്പെടുന്നതും, പ്രതിനിധീകരിക്കപ്പെടുന്നതും സി.കെ. ജാനുവാണ്. എന്നാൽ നവോത്ഥാനത്തിന്റെ ദൗത്യം നിർവ്വഹിക്കുന്നവരായി നൂറുകണക്കിന് സ്ത്രീകൾ ഈ കാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്.

**പുതിയ ദശകത്തിന്റെ വെല്ലുവിളി**

ദേശീയ തലത്തിൽ വനാവകാശവും ആദിവാസി മേഖലയിലെ ഭരണവും സംബന്ധിച്ച പുതിയ നിയമ നിർമ്മാണങ്ങളും ഭരണരൂപങ്ങളും വികസിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമം ദേശീയ തലത്തിൽ നിലവിൽവന്നതോടെ ആദിവാസി മേഖലകളിൽ നടപ്പാക്കേണ്ട ആദിവാസി ഗ്രാമപഞ്ചായത്ത് നിയമം [Provisions of Panchayats [Extention to the Scheduled Areas Act, 1996]; ആദിവാസികളുടെ വനാവകാശനിയമം [Scheduled Tribes & Other forest Dwellers [Rights Recognition] Act 2006] തുടങ്ങിയ നിയമങ്ങൾ ഭരണഘടനകളുടെ 244 ാം വകുപ്പു, ഭരണഘടനകളുടെ Vാം പട്ടിക തുടങ്ങിയവയുമായി ഉദ്ഗ്രഥിക്കുന്ന നിയമങ്ങളാണ്. എന്നാൽ മേൽപറഞ്ഞ ഭരണഘടനാവകുപ്പും നിയമങ്ങളും ജനാധിപത്യ കേരളത്തിൽ ഇപ്പോഴും പ്രതിരോധിക്കപ്പെടുകയാണ്. ആയതിനാൽ, ആദിവാസികൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ നടത്തിപ്പും പാതിവഴിയിലാണ്. 2001 ലെ ആദിവാസി പുനരധിവാസ പാക്കേജ് വഴി 8000 ത്തോളം കുടുംബങ്ങൾക്ക് ഭൂമി നൽകിയിരുന്നു. തുടർനടപടിയില്ല. സംരക്ഷണ നടപടിയില്ലാത്തതുകൊണ്ട് കയ്യേറ്റക്കാർ ആദിവാസി ഭൂമിയിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്നു. 60 കുരുന്നുകൾ ഭക്ഷണമില്ലാതെ മരിച്ച അട്ടപ്പാടിയിൽ അടുത്തകാലത്ത് മാത്രം 2000 ഏക്കറിൽ ഭൂമി കയ്യേറ്റം നടന്നിരിക്കുന്നു. കയ്യേറ്റക്കാർക്ക് സർക്കാർ സംരക്ഷണം നൽകുന്നു. മുത്തങ്ങ സമരത്തെ തുടർന്ന് കേന്ദ്ര സർക്കാർ ആദിവാസികളെ പുനരധിവസിപ്പിക്കാൻ കൈമാറിയ 19,600 ഏക്കർ വനഭൂമി കയ്യേറ്റ ലോബികൾക്ക് തീറെഴുതാനാണ് സർക്കാർതല ശ്രമം നടക്കുന്നത്. പ്രസ്തുത ഭൂമിയിലേറെയും അട്ടപ്പാടിയിലെ ആദിവാസികളെ പുനരധിവസിപ്പിക്കാനാണ്. ഏഷ്യയിലെ മാതൃകാ പുനരധിവാസ മേഖലയായി കണക്കാക്കപ്പെടുന്ന ആറളം ഫാമിൽ (7500 ഏക്കർ ഭൂമി) 1500 ഏക്കറിൽ കോൺഗ്രസ്സ് നേതാക്കളുടെ ബിനാമികൾ കയ്യേറിയിരിക്കുന്നു. വിഷമാലിന്യ പ്രയോഗമുള്ള പൈനാപ്പിൾ കൃഷിയിലൂടെ കോടികളുണ്ടാക്കുന്നു. ഭൂമിക്ക് വേണ്ടിയുള്ള അവകാശ സമരത്തോടൊപ്പം, സ്വയംഭരണത്തിനും വനാവകാശത്തിനുമുള്ള ഒരു പ്രക്ഷോഭ മുന്നണി ഈ ദശകം അനിവാര്യമാക്കിയിരിക്കയാണ്. ഗോത്ര മഹാസഭ പ്രസ്ഥാനത്തിന്റെ ഗ്രാമാന്തരങ്ങളിൽ സജീവമായിരിക്കുന്ന സ്ത്രീ സാന്നിധ്യത്തെ കരുത്തുറ്റ ഒരു നേതൃത്വ ശക്തിയാക്കാൻ സി.കെ. ജാനുവിനും ഗോത്രമഹാസഭയ്ക്കും ഈ ദശകത്തിൽ കഴിയേണ്ടതുണ്ട്. ●

> ട്രൈബൽ ഭരണ സംവിധാനത്തിൽ കേരള സർക്കാർ ഊര് കൂട്ടമെന്ന രീതി അംഗീകരിക്കപ്പെടുന്നതും ഈ സാഹചര്യത്തിലാണ്. വികേന്ദ്രീകൃതമായി ഗ്രാമങ്ങളിൽ രൂപപ്പെട്ട ഈ സംവിധാനത്തിന്റെ വിപുലമായ കൂട്ടായ്മക്ക് ഗോത്ര മഹാസഭ എന്ന് നാമകരണം ചെയ്യപ്പെട്ടു.

റിപ്പോർട്ട്



സ്മിത.കെ.ബി

അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് ഇവിടൊരു യൂണിയൻ രൂപീകരിക്കപ്പെട്ടുവെന്നതും അത് തുടർച്ചയായി പ്രവർത്തിക്കുന്നുവെന്നതും, അതിന്റെ ഫലമായി നേട്ടങ്ങൾ കൈവരിക്കാൻ ആവുന്നുണ്ട് എന്നുള്ളതും ഏറ്റവും സന്തോഷകരമായ ഒരു സംഗതിയാണ്.



# ഇരിക്കൽ സമരപ്രഖ്യാപനം

*അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8ന് അസംഘടിതമേഖലയിലെ തൊഴിലാളികളുടെ ഇരിക്കാനുള്ള അവകാശത്തിനായി പെൺകൂട്ടും എ.എം.ടി.യുവും വരുന്ന മെയ് 1 ന് നടത്താനൊരുങ്ങുന്ന സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീമതി സാറാജോസഫ് നടത്തിയ പ്രസംഗം.*

**ഏറ്റവും** അഭിമാനപൂർവ്വമായ ഒരു മുഹൂർത്തമായി ഇതിനെ ഞാൻ കാണുന്നു. അതിനു രണ്ടുകാരണങ്ങൾ ഉണ്ട്. ഒന്ന് അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് ഇവിടൊരു യൂണിയൻ രൂപീകരിക്കപ്പെട്ടുവെന്നതും അത് തുടർച്ചയായി പ്രവർത്തിക്കുന്നുവെന്നതും, അതിന്റെ ഫലമായി നേട്ടങ്ങൾ കൈവരിക്കാൻ ആവുന്നുണ്ട് എന്നുള്ളതും ഏറ്റവും സന്തോഷകരമായ ഒരു സംഗതിയാണ്. മറ്റൊന്ന് 1990ൽ കോഴിക്കോട് കേന്ദ്രീകരിച്ചുകൊണ്ട് സ്ത്രീകളുടെ ദേശീയ സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. അന്ന് കോഴിക്കോട്ടെ സ്ത്രീസംഘടനായ ബോധനയിലുണ്ടായിരുന്നവർ പിന്നീട്

അവരുടെ പ്രവർത്തനങ്ങൾ എല്ലാ മണ്ഡലങ്ങളിലും വ്യാപിപ്പിച്ചു കൊണ്ട് സ്ത്രീപ്രവർത്തനം കോഴിക്കോട്ട് നിറഞ്ഞുനിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. കോഴിക്കോട് നടക്കുന്ന പ്രവർത്തനങ്ങളുടെ കേന്ദ്രമാണ് അന്വേഷി. അന്വേഷിയുടെ പ്രസിദ്ധീകരണമാണ് സംഘടിത. അന്വേഷിയുടെ മറ്റു പ്രവർത്തനങ്ങൾ, സ്ത്രീകൾക്കു വേണ്ടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മറ്റു സംവിധാനങ്ങൾ ഇതൊക്കെ കേന്ദ്രമായി ഇരിക്കുമ്പോൾ തന്നെ അന്വേഷിയിലെ മുൻ അംഗങ്ങളായിരുന്ന ഓരോരുത്തരും വിവിധ മണ്ഡലങ്ങളിൽ വളരുകയും വികസിക്കുകയും അവരവരുടെ പ്രസ്ഥാനങ്ങൾ രൂപീകരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ വേദിയിലിരിക്കുന്ന എല്ലാവരും തന്നെ അങ്ങനെയുള്ളവരാണ്. സുൽഫത്ത് കാസർകോട്ട് എൻഡോസൾഫാൻ സമരങ്ങളിൽ വളരെ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുകയും സമരം നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വലിയ സാന്നിദ്ധ്യമാണ്. അതുപോലെ തന്നെ അജിത. സിനിമയുടെ മേഖലയിലും സ്ത്രീകളുടെ മറ്റു പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഏതിടങ്ങളിലും ഉള്ള ദീദിയുടെ സാന്നിദ്ധ്യം, സ്വന്തമായ ശബ്ദം, മൗലികമായ ശബ്ദം നാം കേൾക്കുന്നുണ്ട്. അതുപോലെ സ്ത്രീ തൊഴിലാളികളുടെ സാന്നിദ്ധ്യം. ഇതിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരും തന്നെ ആ ഒരു ഊർജ്ജം കൈക്കൊണ്ട് സ്ത്രീകൾക്കു വേണ്ടി നിരന്തരം പണിയെടുക്കുന്നു എന്നുള്ളതും അദ്ധ്വാനിക്കുന്നു എന്നുള്ളതും കാരണം ഞാൻ നിശ്ചയമായും കോഴിക്കോടിനെ കേരളത്തിലെ സ്ത്രീപ്രവർത്തനങ്ങളുടെ കേന്ദ്രമെന്ന് വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നു.

രണ്ടു വർഷം മുമ്പാണെന്നു തോന്നുന്നു വിജി എന്നെ വിളിച്ചിട്ട് മിഠായിത്തെരുവിലെ സ്ത്രീതൊഴിലാളികൾക്ക് മൂത്രം ഒഴിക്കാനുള്ള യാതൊരു സൗകര്യവുമില്ല. ടീച്ചർ വരുമ്പോൾ ഞങ്ങൾ ഒരു സമരം സംഘടിപ്പിക്കുമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ വിജിയോട് ചോദിച്ചത് "വിജീ നിങ്ങൾ തയ്യാറാവുകയാണെങ്കിൽ നമുക്ക് മിഠായി തെരുവിൽ നിരന്നിരുന്ന് മൂത്രമൊഴിക്കാം. തയ്യാറാണോ" എന്നാണ്. ഞാൻ അതിന് തയ്യാറാണെന്ന് പറഞ്ഞു. കാരണം എന്താണെന്ന് ചോദിച്ചാൽ അതിന് നമുക്ക് ന്യായമായ കാരണങ്ങൾ ഉണ്ട്. നമ്മൾ സ്ത്രീകൾക്ക് മൂത്രമൊഴിക്കാൻ സൗകര്യമില്ല. ആണുങ്ങൾക്ക് എവിടെ വേണമെങ്കിലും തുണിപൊന്തിച്ച് മൂത്രമൊഴിക്കാം. സംസ്കാരമൊന്നും അവരെ തടയുന്നില്ല. മൂത്രം പിടിച്ചു നിർത്തുക എന്നത് ചെയ്യാൻ പാടില്ലാത്ത കാര്യമാണ്. അതെത്ര മാത്രം ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള തിരിച്ചറിവ് നമുക്കുണ്ട്. ഇതിനുള്ള സൗകര്യം നമുക്ക് തരേണ്ടത് തൊഴിൽദാതാക്കളാണ്. ഇതിന് സമാനമായ ഒരു സമരം തൃശൂരിലും നമ്മൾ നടത്തുന്നുണ്ട്. തൃശൂരിലെ തൊഴിലാളികൾക്കിടയിലും ഞങ്ങൾ അന്വേഷിച്ചതിൽ നിന്ന് മനസ്സിലായ ഒരു കാര്യം രംഗത്തു വരാനുള്ള ഭയം, തൊഴിൽ നഷ്ടപ്പെടുമോ എന്ന പേടി, തൊഴിലിടങ്ങളിൽ സമാധാനപരമായി ജോലി ചെയ്യാൻ ഇവർ അനുവദിക്കില്ല എന്ന ഭയം എന്നീ കാരണങ്ങളാൽ ഈ പ്രശ്നങ്ങൾ പറയാൻ തന്നെ പലരും മടിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലെടുക്കുന്ന സ്ത്രീകൾ, അതും വളരെ തുച്ഛമായ കൂലിക്ക് വേണ്ടി ജോലി ചെയ്തുകൊണ്ടിരിക്കുന്ന എണ്ണമറ്റ സ്ത്രീകൾ ഇവരുടെ ആയിരുന്ന തൊഴിൽമേഖലകളിൽ നിന്ന് മാറി ഈ പുതിയ സാമ്പത്തിക വ്യവസ്ഥയുടെ ഇരകളായി തീരുകയാണുണ്ടായത്. നമുക്കറിയാം നമ്മുടെ ഏറ്റവും വലിയ തൊഴിൽശക്തി എന്നു പറയുന്നത് കർഷകസ്ത്രീകളായിരുന്നു. അവർ നെൽവയലുകളിൽ വിളയിച്ചിരുന്ന അന്നം, അത് വിളയിക്കുന്നതിനു വേണ്ടി നിരന്തരം അവർ ചെയ്തുകൊണ്ടിരുന്ന അദ്ധ്വാനം, അവരുടെ തൊഴിൽമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉത്പാദനം ഇതൊക്കെ നമ്മുടെ സാമ്പത്തിക മേഖലയിൽ വലിയൊരു ശക്തിയായി മാറിയിരുന്നു. നിലനിന്നി

> *"വിജീ നിങ്ങൾ തയ്യാറാവുകയാണെങ്കിൽ നമുക്ക് മിഠായി തെരുവിൽ നിരന്നിരുന്ന് മൂത്രമൊഴിക്കാം. തയ്യാറാണോ" എന്ന് ചോദിച്ചു. ഞാൻ അതിന് തയ്യാറാണെന്ന് പറഞ്ഞു. കാരണം എന്താണെന്ന് ചോദിച്ചാൽ നമുക്ക് ന്യായമായ കാരണങ്ങൾ ഉണ്ട്. നമുക്ക് മൂത്രമൊഴിക്കാൻ സൗകര്യമില്ല. ആണുങ്ങൾക്ക് എവിടെ വേണമെങ്കിലും തുണിപൊന്തിച്ച് മൂത്രമൊഴിക്കാം.*

രുന്ന നമ്മുടെ രാജ്യത്തിന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വ്യവസ്ഥയായിരുന്നു. 8.50 ലക്ഷം ഹെക്ടർ നെൽവയൽ നമുക്കുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 2.50 ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. ഇതിന്റെ അർത്ഥം അത്രയും ഹെക്ടർ നിലത്തുനിന്ന് തൊഴിലാളികൾ പുറത്താക്കപ്പെട്ടിരിക്കുന്നു എന്നാണ്. നെൽവയലുകളുടെ വിസ്തീർണ്ണം ചുരുങ്ങി, നെല്ലുൽപാദനം കുറഞ്ഞു. കൃഷിയിറക്കുമ്പോൾ മുന്നൂറ്റിയറുപത്തഞ്ചു ദിവസങ്ങളും വയലിൽ പണിയെടുക്കുന്നവരാണ് സ്ത്രീകൾ. കട്ട തല്ലൽ തൊട്ട് കൊയ്യലും മെതിക്കലും കെട്ടലും പറ അളക്കലും വരെ സ്ത്രീകളുടെ തൊഴിൽമേഖലയായിരുന്നു. ഈ തൊഴിൽമേഖലയിൽ നിന്ന് ഇവർ ആട്ടിപുറത്താക്കപ്പെട്ടത് പുതിയ സാമ്പത്തിക വ്യവസ്ഥിതിയുടെ വരവോടുകൂടിയാണ്. ആ സാമ്പത്തികവ്യവസ്ഥിതി തൊഴിലിൽ വലിയൊരു മാറ്റം വരുത്തി. ഇവരൊക്കെ നഗരകേന്ദ്രിതമായ തൊഴിലിലേക്ക് വരാൻ തുടങ്ങി. വയലിലെ ചെളിയിൽ നിന്നും വെള്ളത്തിൽ നിന്നും വെയിലും മഴയും കൊള്ളുന്നതിൽ നിന്നും രക്ഷപ്പെട്ടു എന്നാണ് നാം അതിനെ സാമാന്യമായി കരുതിയത്. കർഷകന്റെ മകൻ കർഷകനാകാൻ ആഗ്രഹിക്കുന്നില്ല. കർഷകന്റെ മകനും നഗരകേന്ദ്രീകൃതമായ ഉദ്യോഗങ്ങൾ കിട്ടി മറ്റു രീതിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. ഞങ്ങളാരും നിങ്ങൾക്ക് നെല്ല് വിളയിച്ചുതരാൻ തയ്യാറല്ല എന്ന് കർഷകതൊഴിലാളി പറയുകയാണെങ്കിൽ അതിൽ വലിയ തെറ്റൊന്നുമില്ല. അവരാരും നമുക്ക് നെല്ല് വിളയിച്ചു തരാൻ ബാധ്യതപ്പെട്ടവരല്ല. കർഷകനെ നമ്മൾ എങ്ങനെ കണ്ടു. കർഷകസ്ത്രീയെ എങ്ങനെകണ്ടു, കർഷകരും മണ്ണും തമ്മിലുള്ള ബന്ധത്തെ എങ്ങനെ കണ്ടു. ജാതി വിരുദ്ധത അതിൽ എങ്ങനെ പ്രവർത്തിക്കുന്നു ഇതൊന്നും നമ്മൾ അളന്നില്ല. സ്ത്രീകൾ മുഴുവനും വയലിലെ വിശുദ്ധചെളിയിൽ നിന്ന് നേരെ പോകുന്നത് നഗരമാലിന്യങ്ങളിലേക്കായിരുന്നു. ഈ നഗരമാലിന്യങ്ങൾ കൈയ്യിട്ടുവാരുമ്പോൾ വയലിലെ ചെളി, നഗരമാലിന്യങ്ങൾ ഇവ രണ്ടും തമ്മിലുള്ള വൈരുദ്ധ്യം നമ്മൾ അളന്നില്ല. ഫ്ളാറ്റിലെ കുട്ടി വേയ്സ്റ്റ് എടുക്കാൻ വരുന്ന സ്ത്രീയെ ഇതാ അമ്മേ വേയ്സ്റ്റ് വരുന്നു എന്ന് പറഞ്ഞുകൊണ്ട് മാലിന്യത്തേയും സ്ത്രീയേയും സമീകരിക്കുന്ന ഒരവസ്ഥയിലേക്ക് ആ ഒരു സംസ്കാരം സ്ത്രീകളെ കൊണ്ടു ചെന്നെത്തിച്ചു.

സ്ത്രീശക്തി എന്നൊരുവാക്ക് ഉയർന്നുവന്നപ്പോൾ ജനകീയാസൂത്രണം, അധികാര വികേന്ദ്രീകരണം തുടങ്ങിയ സംഗതികൾ ഉയർന്നുവന്നപ്പോൾ നമ്മൊളൊക്കെ വിചാരിച്ചിരുന്നത് സ്ത്രീകളുടെ ഊർജ്ജം, അദ്ധ്വാനശേഷി തുടങ്ങിയവയൊക്കെ തന്നെ ബഹുഭൂരിപക്ഷം കാർഷികമേഖലയിലെ ഉത്പാദനമേഖലയിൽ കേന്ദ്രീകരിക്കുമെന്നും അത് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ മാറ്റമുണ്ടാക്കുമെന്നൊക്കെയായിരുന്നു. ആ സ്വപ്നം അനുദിനം തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. നമ്മൾ നമുക്ക് വേണ്ടിയാതൊന്നും ഉത്പാദിപ്പിക്കുന്നില്ല. ഒരു നാട് അതിനു വേണ്ടിയുള്ള ഭക്ഷണം പോലും ഉത്പാദിപ്പിക്കുന്നില്ലെങ്കിൽ ആ നാടിന് അന്യനാടുകളെ ആശ്രയിച്ചു വേണ്ടിവരും അന്നം കഴിക്കാൻ. അങ്ങനെ വരുമ്പോൾ വിലക്കയറ്റം തടയാനാവില്ല, ഭക്ഷ്യസുരക്ഷിതത്വം ഉറപ്പു വരുത്താൻ ആവില്ല. അതുകൊണ്ട് ഭക്ഷ്യസുരക്ഷിതത്വമില്ലായ്മയും ഭക്ഷ്യക്കമ്മിയും നമ്മെ വേട്ടയാടുന്നതിനിടയാക്കിയ വലിയ തൊഴിൽമാറ്റവും ഭൂമിയുടെ ചുരുങ്ങൽ എന്നുപറയുന്ന വല്യ വിപത്തിനെയും നമ്മുടെ രാഷ്ട്രീയനേതാക്കൾ ഇതുവരെ കണ്ടിട്ടില്ല.

നഗരമാലിന്യമെടുക്കുന്ന സ്ത്രീകൾ മാത്രമല്ല സെയിൽസ്ഗേൾസായിട്ട്, പ്രൈവറ്റ് ആശുപത്രിയിൽ നഴ്സുമാരായിട്ട് മറ്റു തരത്തിലുള്ള അസംഘടിതമേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സുരക്ഷിതത്വം എത്രമാത്രം ഉറപ്പാക്കിക്കൊണ്ടാണ് പ്രൈവറ്റ് സെക്ടർ തുച്ഛമായ കൂലിക്ക് ഇവരെ നിലനിർത്തിയിരിക്കുന്നത്. ഇന്ത്യ

കർഷകന്റെ മകൻ കർഷകനാകാൻ ആഗ്രഹിക്കുന്നില്ല. കർഷകന്റെ മകനും നഗരകേന്ദ്രീകൃതമായ ഉദ്യോഗങ്ങൾ കിട്ടി മറ്റു രീതിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. ഞങ്ങളാരും നിങ്ങൾക്ക് നെല്ല് വിളയിച്ചുതരാൻ തയ്യാറല്ല എന്ന് കർഷകതൊഴിലാളി പറയുകയാണെങ്കിൽ അതിൽ വലിയ തെറ്റൊന്നുമില്ല. അവരാരും നമുക്ക് നെല്ല് വിളയിച്ചു തരാൻ ബാധ്യതപ്പെട്ടവരല്ല.

യാകെ ആഞ്ഞടിച്ച നഴ്സുമാരുടെ സമരം അസംഘടിതമേഖലയിലെ തൊഴിലാളിസ്ത്രീകൾക്ക് മാതൃകയാക്കിയെടുക്കാവുന്നതാണ്.

ഇവിടെ തുടങ്ങിവെച്ചിരിക്കുന്ന സംഘടിതസ്ത്രീശക്തി കൊടുങ്കാറ്റുപോലെ അഴിച്ചുവിടാൻ പര്യാപ്തമായ ഒരു ബീജമാണെന്ന് ഞാൻ കരുതുന്നു. തുച്ഛമായ വേതനത്തിനുവേണ്ടി തൊഴിലെടുക്കുന്ന പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബം മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയിൽ ഉള്ളതായിരിക്കാൻ ഒരു വഴിയുമില്ല. അതുകൊണ്ടുതന്നെ അവർക്ക് കിട്ടുന്ന ശമ്പളം വിലപ്പെട്ടതാണ്. ഇതിനെന്തെങ്കിലും തരത്തിൽ കുഴപ്പം സൃഷ്ടിക്കുന്ന ഒന്നിനും ഈ പെൺകുട്ടികൾ തയ്യാറാവില്ല. പുറത്തുവരുന്നവർ എത്രയോ കുറവാണ്. ഈ പ്രശ്നങ്ങൾക്കിടയിൽ വിങ്ങി വേദനിച്ച് ഇവർക്ക് ജീവിക്കേണ്ടി വരുന്നു. രണ്ടിലധികം പ്രാവശ്യം മൂത്രമൊഴിക്കാൻ പോയാൽ 50 രൂപ ഫൈൻ ഈടാക്കുന്ന സ്ഥലം തൃശൂരിലുണ്ട്. 12 മണിക്കൂർ ജോലിചെയ്യുന്നതിനിടയിൽ രണ്ടുതവണ മൂത്രമൊഴിക്കാനാണ് ഒരു സ്ത്രീക്ക് അനുവാദം കൊടുക്കുന്നതെന്നു പറഞ്ഞാൽ ഈ മനുഷ്യാവകാശ ലംഘനത്തിനെതിരെ ഇവിടുത്തെ ആരോഗ്യവകുപ്പ്, ഡോക്ടർമാർ എന്തുകൊണ്ട് ശബ്ദമുയർത്തുന്നില്ല. ഐ.എം.എയോട് ഞാൻ ആവശ്യപ്പെടുകയാണ്, ഇത്തരത്തിലുള്ള അതിനിഷ്ഠൂരമായ കുറ്റകൃത്യം, തൊഴിൽചെയ്യുന്ന സ്ത്രീകൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ടത് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗൗരവത്തിലെടുക്കണം. അതിന്റെ ആരോഗ്യപരമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കണം. അത് തെറ്റാണെന്ന് ബോധ്യപ്പെടുത്തണം. മനുഷ്യാവകാശക്കമ്മീഷൻ നൽകിട്ടുള്ള ഉറപ്പുകൾ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് നോക്കാൻ ഇവിടുത്തെ ആരോഗ്യവകുപ്പും ഐ.എം.എയും ബാദ്ധ്യസ്ഥരാണെന്നു കരുതുന്നു. അതിനുള്ള നിർദ്ദേശങ്ങൾ അവർ ഉടനെ കൊടുക്കേണ്ടതാണെന്നുള്ളത് എന്റെ വിനീതമായ അഭ്യർത്ഥനയാണ്. മൂത്രമൊഴിക്കാനുള്ള സമരം നടത്തി കുറച്ചെങ്കിലും നമ്മൾ നമ്മുടെ അവകാശം നേടിയെടുത്തു. സുസ്ഥിരനഗരവികസനവുമായി ബന്ധപ്പെട്ടുകൊണ്ട് ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നുണ്ട്. എന്നാൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നത് സ്ത്രീകളുടെ സുരക്ഷിതത്വമോ അവരുടെ പ്രൈവസിയോ അവർക്ക് സ്വസ്ഥമായി അവിടെ പോയി കാര്യം നിർവ്വഹിക്കാനുള്ള അന്തരീക്ഷമോ ഉള്ള രീതിയിലല്ല. കുറേ ടോയ്‌ലറ്റുകൾ സ്ഥാപിക്കാൻ ഒരു പദ്ധതിയുണ്ടാക്കി ആ പദ്ധതി നടപ്പാക്കാൻ ഒരു പ്രൈവറ്റ് ഏജൻസിയെ കൊണ്ടുവന്നാൽ അവരും കോർപ്പറേഷന്റെ ഉദ്യോഗസ്ഥരും തമ്മിൽ ഗൂഢമായൊരു അഴിമതി അതിന്റെ പിന്നിൽ നടക്കാൻ ഇടയുണ്ട്. ഇവരെല്ലാം കൂടി ഉണ്ടാക്കിയ സ്ത്രീകൾക്ക് ടോയ്‌ലെറ്റ് എന്ന പദ്ധതി സ്ത്രീകൾക്ക് വിരുദ്ധവും അപകടവുമായി തീരുന്നു എന്ന രീതിയിലാണെങ്കിൽ അങ്ങനെ ഒരു പദ്ധതി കൊണ്ടുവന്നതുകൊണ്ട് എന്തുമെച്ചം. ഒരു കോർപ്പറേഷനിൽ ടോയ്‌ലെറ്റുകൾ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അവിടുത്തെ സ്ത്രീകളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി ഇതെവിടെ എങ്ങനെ സ്ഥാപിക്കണമെന്നും എങ്ങനെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും ആണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് അവരോട് ചോദിച്ച് മനസ്സിലാക്കണം. അങ്ങനെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ടോയ്‌ലെറ്റുകളിൽ ആവശ്യത്തിന് വെളിച്ചമുണ്ടോ വെള്ളമുണ്ടോ പരിരക്ഷയുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൃശൂരിൽ സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത വെളിച്ചമില്ലാത്ത സ്ഥലങ്ങൾ പത്രക്കാർ മാപ്പ് വരച്ച് അടയാളപ്പെടുത്തിയിരിക്കുകയാണ്. ഇവിടെയൊന്നും പോകരുത് എന്ന നിർദ്ദേശമാണ് സ്ത്രീകൾക്ക് തന്നിട്ടുള്ളത്. അതുപോലെ തന്നെ തൊഴിലിടങ്ങളിൽ ഇരിക്കാനും കഴിയാറില്ല. 12 മണിക്കൂർ നിന്ന് പണി ചെയ്യണം. തൃശൂരിൽ ഞങ്ങൾ അന്വേഷിച്ചപ്പോൾ ഒത്തിരിപ്രായമുള്ള ഒരു ചേച്ചി പറഞ്ഞത് രണ്ടു പെയിൻകില്ലർ വിഴുങ്ങിയിട്ടാണ് ജോലിക്ക് വരുന്നത് എന്നാണ്. 5 മണിക്കൂറൊക്കെ നിന്നു കഴിയുമ്പോൾ അവരുടെ കാല് ഉരുണ്ടുകയറാൻ തുടങ്ങും. ഭയങ്കരവേദനയാണ്. ഉരുണ്ടുകയറുന്ന കാൽ അമർത്തിപ്പിടിക്കാനൊന്നു കുനിഞ്ഞാൽ ഉടനെ ഫ്ളോർമാനേജർ എത്തും. പിന്നെ ഫൈനാണ്. എല്ലായിടത്തും ക്യാമറയുണ്ട്. അവനവന്റെ പ്രൈവസി നഷ്ടപ്പെടുത്തുന്ന അല്ലെങ്കിൽ ഒന്ന് അനങ്ങാൻ സമ്മതിക്കാത്ത വിധത്തിൽ എല്ലാ

12 മണിക്കൂർ ജോലി ചെയ്യുന്നതിനിടയിൽ രണ്ടു തവണ മൂത്രമൊഴിക്കാനാണ് ഒരു സ്ത്രീക്ക് അനുവാദം കൊടുക്കുന്നതെന്നു പറഞ്ഞാൽ ഈ മനുഷ്യാവകാശ ലംഘനത്തിനെതിരെ ഇവിടുത്തെ ആരോഗ്യവകുപ്പ്, ഡോക്ടർമാർ എന്തുകൊണ്ട് ശബ്ദമുയർത്തുന്നില്ല.

യിടത്തും സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു പക്ഷേ ബാത്ത്റൂമിലടക്കം സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറകൾ. അവരുടെയടുത്ത് നടത്തുന്ന മനുഷ്യാവകാശലംഘനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കും അവരുടെ വേതനവർദ്ധനവിനും വേണ്ടി സംഘടിതമായി സമരം ചെയ്യാൻ സാധിക്കണം. അംഗീകൃതമായ ആളുകളും അംഗീകൃതമല്ലാത്ത ആളുകളും ഇങ്ങനെ സ്ത്രീത്തൊഴിലാളികൾ രണ്ടുവിഭാഗമായി വിഭജിക്കപ്പെട്ടിട്ടുള്ള അവസ്ഥ ഇന്നുണ്ട്. ഇതിന് പരിഹാരം കാണണമെങ്കിൽ വളരെ ശക്തമായ സമര പരിപാടിയിലൂടെയേ സാധിക്കുകയുള്ളൂ. സൂപ്പർമാർക്കറ്റുകളിലും മീഡിയയെ സംബന്ധിച്ചിടത്തോളവും വമ്പൻ മുതലാളിമാരുടെ പരസ്യങ്ങൾ പ്രധാനമാണ്. ചാനലുകൾക്കായാലും പ്രിന്റിംഗ് മീഡിയക്കായാലും അവർ കൊടുത്തുകൊണ്ടിരിക്കുന്ന പരസ്യങ്ങൾ മുഖ്യമായ ഒരു വരുമാനമാണ്. അതുകൊണ്ട് ഈ പ്രശ്നം ഉന്നയിക്കുമ്പോൾ മാധ്യമമാനേജ്മെന്റ് ഏതുതരം സഹകരണമാണ് നൽകുകയെന്നത് കണ്ടറിയേണ്ടി വരും. ഇത് തൊഴിൽരംഗത്തു നിന്നു ഉയരുന്ന ശബ്ദമാണ്. തൃശൂരിൽ അത് ഏറ്റെടുത്ത് കഴിഞ്ഞു. കേരളത്തിലുടനീളം ഇത് വ്യാപകമാകും തീർച്ച. ഞങ്ങൾ തൃശൂരിൽ ഒരു പത്രസമ്മേളനം നടത്തിയതിന് കിട്ടിയ പ്രതികരണം വളരെ വലുതാണ്. പലരും സഹായം വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ യൂണിയനിലേക്ക് ഒട്ടും ശങ്കപ്പെടാതെ അംഗത്വമെടുക്കാൻ തയ്യാറാവണം. സംഘടിതശക്തിക്ക് നിശ്ചയമായും നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധിക്കും. നേട്ടങ്ങൾ വേണ്ട അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുകയെങ്കിലും വേണം. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരും ഈ യൂണിയന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ പ്രാപ്തരാണ്. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ദേശത്തിനകത്തും പുറത്തുമുള്ള കുത്തകമുതലാളിമാർ എങ്ങനെയൊക്കെയാണ് ഇന്ത്യയുടെ പണം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് നമുക്കറിയാം. ജനങ്ങളുടെ നികുതിപ്പണമായാലും അദ്ധ്വാനമായാലും വിഭവമായാലും എങ്ങനെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു എന്നതും നമുക്കറിയാം. ഇതിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണപ്രതിപക്ഷഭേദമില്ലാതെ ആളുകൾക്ക് പൊള്ളുന്നുവെന്നും മാധ്യമങ്ങൾ ഒറ്റക്കെട്ടാണെന്നും പറയുന്നു. അതുകൊണ്ടു തന്നെ ഈയൊരു സമരമുഖം പൊള്ളുന്ന ഒരു സമരമുഖമാണ്. 12 മണിക്കൂറും അദ്ധ്വാനിക്കുന്ന സ്ത്രീയുടെ അവകാശത്തിനു വേണ്ടിയുള്ള പോരാട്ടമാണ്. ആ പോരാട്ടം പാഴായി പോയാൽ ജനങ്ങൾ തോറ്റുപോകും. ജനങ്ങൾ തോൽക്കാതിരിക്കുന്ന ഒരന്തരീക്ഷത്തിന്റെ സൃഷ്ടിക്കുവേണ്ടിയാണ് കുത്തക മുതലാളിമാരുടെ അഴിമതി നിറഞ്ഞ അവസ്ഥ ചൂണ്ടിക്കാണിക്കേണ്ടത്. ഇത്തരത്തിൽ ചൂണ്ടിക്കാണിക്കുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങൾ താത്കാലികമാണ്. തീർച്ചയായും നമുക്ക് നമ്മുടേതായ രാജ്യത്ത് ജീവിക്കാനും നമ്മുടെ സമ്പത്തുപയോഗിച്ച് ഭരണം നടത്തി അധികാരം നമ്മുടെ കയ്യിൽ ഏൽപ്പിക്കാനുള്ള സംവിധാനങ്ങൾ കൊണ്ടുവരികയുമാണ് വേണ്ടത്. അങ്ങനെയാകുമ്പോൾ തീരുമാനങ്ങൾ നമ്മുടേത് തന്നെയായിരിക്കും. ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ നമ്മളോട് ആലോചിച്ചുകൊണ്ടു മാത്രമേ നമുക്ക് വേണ്ട കാര്യങ്ങൾ തീരുമാനിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സാധ്യമാവൂ. അങ്ങനെയാവുമ്പോൾ മാത്രമേ നമുക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ. വൻതോതിലുള്ള കുത്തകമുതലാളിമാരുടെ കേന്ദ്രത്തിലേക്ക് ആട്ടിയോടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് നമ്മുടെ ബുദ്ധികേന്ദ്രങ്ങളും അദ്ധ്വാനശേഷിയുള്ള തൊഴിലാളി വിഭാഗങ്ങളും. ഐ.ടി മേഖലകളിൽ വലിയ വാഗ്ദാനം നൽകി നമ്മുടെ കുട്ടികളെ, തൊഴിൽശക്തിയെ വിലക്കെടുക്കുക എന്ന സംഗതിയാണ് നടന്നുകൊണ്ടിരിക്കുന്നത്.

അന്താരാഷ്ട്ര വനിതാദിനം വളരെ ഫലപ്രദമായിട്ടാണ് ഇവിടെ ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഈയൊരു തുടക്കത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ●

ജനങ്ങൾ തോൽക്കാതിരിക്കുന്ന ഒരന്തരീക്ഷത്തിന്റെ സൃഷ്ടിക്കുവേണ്ടിയാണ് കുത്തക മുതലാളിമാരുടെ അഴിമതി നിറഞ്ഞ അവസ്ഥ ചൂണ്ടിക്കാണിക്കേണ്ടത്. ഇത്തരത്തിൽ ചൂണ്ടിക്കാണിക്കുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങൾ താത്കാലികമാണ്.



# മുഖ്യമന്ത്രിക്കൊരു കത്ത്

## ഞാൻ പഠിക്കാൻ പറ്റാതെ തടവിൽ കിടക്കുന്നു; എന്നെ നശിപ്പിച്ചവർ ജാമ്യമെടുത്ത് സുഖിക്കുന്നു.

**പെൺവാണിഭത്തിന്** ഇരകളാകുന്ന പെൺകുട്ടികൾക്ക് എന്ത് സംഭവിക്കുന്നു? നിയമനടപടികളുടെ കാലവിളംബത്തിൽ ഇരക്ക് ജീവിതം നഷ്ടപ്പെടുകയും പ്രതികൾ രക്ഷപ്പെടുകയും ചെയ്തതിന് വിതുര കേസ് ഒരു സാക്ഷ്യമാണ്. സമാന അനുഭവങ്ങളിലേക്ക് പോകുന്ന പറവൂർ കേസിലകപ്പെട്ട പെൺകുട്ടി അവളുടെ ജീവിതത്തിനുവേണ്ടി മുഖ്യമന്ത്രിക്ക് തുറന്ന കത്തെഴുതുന്നു.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാർ അറിയുന്നതിന്,

സാർ,

ഞാൻ പറവൂർ പെൺവാണിഭക്കേസിലെ പെൺകുട്ടിയാണ്. എനിക്ക് 14-15 വയസ്സുള്ള സമയത്ത് എന്റെ പിതാവും മാതാവും മറ്റു വാണിഭക്കാരും ചേർന്ന് 150 ഓളം പേർക്ക് എന്നെ വിറ്റ് കാശുവാങ്ങിയതാണ്. രണ്ടു കൊല്ലത്തോളം കണ്ണിൽ ചോരയില്ലാതെ എന്നെ ഉപദ്രവിച്ച സമയം നിസ്സഹായയായി ഞാൻ അനുഭവിച്ച വിഷമം പറഞ്ഞാൽ തീരുന്നതല്ല. 2011ൽ എനിക്ക് അസുഖം ബാധിച്ചിട്ടും എന്നെ നിരന്തരം വിൽപന നടത്തു

ന്നതിനാൽ നിവൃത്തിയില്ലാതെ പിതാവിനെതിരെ പള്ളിക്കമ്മിറ്റിയിൽ പരാതി നൽകിയതിനെ തുടർന്നാണ് പറവൂർ പോലീസ് കേസെടുത്തത്. അതിനുശേഷം, ക്രൈംബ്രാഞ്ച് കേസ് അന്വേഷിച്ചുവരുന്നു. കേസായതിനുശേഷം ഞാൻ പോലീസ് പ്രൊട്ടക്ഷനോടുകൂടി കഴിഞ്ഞുവരികയാണ്. എനിക്കിപ്പോൾ 18 വയസ്സ് കഴിഞ്ഞു. 18 വയസ്സ് കഴിഞ്ഞാൽ ഞാൻ താമസിക്കുന്ന സ്ഥലത്ത് നിയമപരമായി നിർത്താൻ പാടില്ലാത്തതാണ്. എന്നാൽ, എന്റെ സുരക്ഷ ഉദ്ദേശിച്ച് പോലീസിന്റെ നിർദ്ദേശപ്രകാരം അവർ താമസിപ്പിക്കുന്നതാണ്.

ഞാൻ പ്ലസ്ടുവിന് പഠിക്കുമ്പോഴാണ് കേസായത്. തുടർന്ന് പഠിക്കാനും സാധിച്ചില്ല. എന്റെ കാര്യങ്ങൾ നോക്കാൻ ആരുമില്ല. നല്ലവരായ പോലീസ് അങ്കിളുമാരുടെ സഹായത്താലാണ് എന്നെ ചികിത്സിച്ചതും എനിക്ക് പഠിക്കാൻ സൗകര്യം ചെയ്തുതന്നതും. പുറത്തുപോയി പഠിക്കാൻ സാഹചര്യമില്ലാത്തതിനാൽ ഞാൻ ഇവിടെയിരുന്ന് പഠിച്ച് പ്ലസ്വണിന് 60 ശതമാനത്തിനു മുകളിൽ മാർക്ക് വാങ്ങി പാസായി, പ്ലസ്ടുവിന് പഠിക്കുന്നതിന് പുസ്തകങ്ങളും മറ്റും വാങ്ങിത്തന്നത് കേസന്വേഷിക്കുന്ന അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സാറാണ്. ഇവിടെ പഠിക്കുന്നതിന് തീരെ സൗകര്യമില്ല. 40 പേർക്ക് താമസിക്കാൻ താമസിക്കാൻ സൗകര്യമുള്ള സ്ഥലത്ത് ഞങ്ങൾ 120 പേരാണ് താമസിക്കുന്നത്. സൗകര്യങ്ങളും വളരെ കുറവാണ്.

എനിക്ക് പഠിച്ച് നല്ലനിലയിൽ ജീവിക്കാനാണ് ആഗ്രഹം. സ്കൂളിലോ കോളജിലോ പോയി പഠിക്കാൻ എന്റെ സുരക്ഷ കണക്കാക്കി സാധിക്കില്ല. എന്റെ പഠിപ്പിനുള്ള ചെലവും മറ്റും വഹിക്കാൻ ആരുമില്ല. എന്നാലും, പഠിച്ച് വലിയ ആളാകാൻ വെറുതെ ആഗ്രഹിച്ചു പോകുന്നു. കേസ് തീർപ്പായാൽ മാത്രമേ എനിക്ക് സ്വതന്ത്രമായി പഠിക്കാൻ സാധിക്കുകയുള്ളൂ. രണ്ടു കൊല്ലം പ്രതികളിൽ നിന്ന് അനുഭവിച്ചതിൽ കൂടുതൽ മാനസികസംഘർഷമാണ് കോടതിയിൽ കേസ് നടക്കുമ്പോൾ അനുഭവിക്കുന്നത്. പ്രതികളുടെ വക്കീലന്മാർ എന്തൊക്കെയാണ് ചോദിക്കുന്നത്? കേസ് തീരാതെ പുറത്തിറങ്ങാനോ പഠിക്കാനോ പറ്റാതെ ഞാൻ തടവിൽ കിടക്കുന്നു. എന്നെ നശിപ്പിച്ച ആളുകൾ കോടതിയിൽ നിന്ന് ജാമ്യമെടുത്ത് സുഖമായി നടക്കുന്നു.

എനിക്ക് പഠിച്ച് നല്ലനിലയിൽ ജീവിക്കാനാണ് ആഗ്രഹം. സ്കൂളിലോ കോളജിലോ പോയി പഠിക്കാൻ എന്റെ സുരക്ഷ കണക്കാക്കി സാധിക്കില്ല. എന്റെ പഠിപ്പിനുള്ള ചെലവും മറ്റും വഹിക്കാൻ ആരുമില്ല. എന്നാലും, പഠിച്ച് വലിയ ആളാകാൻ വെറുതെ ആഗ്രഹിച്ചു പോകുന്നു.

ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് ഈ കേസ് രണ്ടു വർഷത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി വിചാരണ തീർപ്പാക്കുന്നതിന് ഡിവിഷൻ ബഞ്ചിന്റെ ഉത്തരവുണ്ടായിട്ടും കേസ് തുടങ്ങി രണ്ടുകൊല്ലം കഴിഞ്ഞിട്ടും ആറു കേസുകളാണ് ഇതുവരെ തീർപ്പായത്, അതിൽ ശിക്ഷിച്ച പ്രതികളും ജാമ്യമെടുത്ത് സുഖമായി നടക്കുന്നു. ഇനിയും 42ഓളം കേസുകൾ വിചാരണ നടത്താനുള്ളതായാണ് അറിഞ്ഞത്. ഈ രീതിയിലാണെങ്കിൽ കേസുകൾ തീരുന്നതിന് 10 –20 കൊല്ലം വേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയാണെങ്കിൽ എന്റെ അവസ്ഥ എന്താകുമെന്നാണ് എനിക്ക് പേടി. ഇപ്പോൾ ഈ രണ്ടു കേസുകളിൽ എന്നെ വിസ്തരിക്കുന്നതിനായി 27.1.14, 29.1.14 എന്നീ തീയ്യതികളിൽ കേസ് വെച്ചിരുന്നു. എന്നാൽ, കേസ് നടത്തുന്ന സ്പെഷൽ പ്രോസിക്യൂട്ടർക്ക് കഴിഞ്ഞ ആറു കേസുകളിലും പണം ലഭിക്കാത്തതിനാൽ അവർ അപേക്ഷ കൊടുത്ത് കേസ് മാറ്റി. കേസുകൾ വേഗം തീർന്നാൽ നന്നായി പഠിച്ച് നല്ല രീതിയിൽ, എന്നെ ഉപദ്രവിച്ചവരുടെ മുന്നിൽ ജീവിച്ചുകാണിക്കണമെന്നാണ് എന്റെ ആഗ്രഹം.

അതിനാൽ എനിക്ക് തുടർന്ന് പഠിക്കുന്നതിന് നല്ലരീതിയിൽ ജീവിക്കുന്നതിനും വേണ്ട സഹായം ലഭിക്കുന്നതിനും കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനും വേണ്ട മേൽനടപടികൾ സ്വീകരിച്ച് എന്നെ സഹായിക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു.

ഇതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ക്ഷമിക്കണം.

എന്ന്, ബഹുമാനത്തോടെ

*കടപ്പാട് : മാധ്യമം ദിനപത്രം*

ഉപ്പും മുളകും



ഗീത

# സലോമിയുടെ രക്തസാക്ഷിത്വത്തിനു മുമ്പിൽ

**കേരളം** അതിന്റെ മതേതരത്വത്തിലും ജനാധിപത്യത്തിലും അഹങ്കരിക്കുമ്പോൾ തീർത്തും അനഭിമതമായ ചിലതു ചുറ്റും സംഭവിക്കുന്നുണ്ട്. പ്രൊഫ.ടി.ജെ.ജോസഫിന്റെ കൈവെട്ടാൻ ധൈര്യപ്പെട്ട ഇസ്ലാംമത തീവ്രവാദം കേരളത്തിൽ ബലപ്പെട്ടുവെന്നതാണ് അതിലൊന്ന്. തീർന്നില്ല, അദ്ദേഹം ജോലി ചെയ്തിരുന്നത് ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജിലായിരുന്നു. പ്രസ്തുത സ്ഥാപനം കൈവെട്ടപ്പെട്ട അദ്ദേഹത്തെ ജോലിയിൽ നിന്നും പിരിച്ചയച്ചുകൊണ്ട് അക്രമത്തോട് ഐക്യപ്പെട്ടു. ഏതു ദൈവമാണ് അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ സഹജീവിയുടെ കൈവെട്ടാൻ മനുഷ്യരോട് നിർദ്ദേശിച്ചത്? ഏതു ദൈവത്തെ പ്രീണിപ്പിക്കാൻ മതത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം മുടക്കി ജീവിതം മുട്ടിച്ചത്?

ദൈനംദിന ജീവിതം പോലും വിഷമകരമായിത്തീർന്നു അദ്ദേഹത്തിന്. കൂടെ ജോലിയിൽ പ്രവേശിച്ച കോളേജ് പ്രൊഫസർമാർ ലക്ഷങ്ങൾ ശമ്പളം വാങ്ങിയപ്പോൾ അദ്ദേഹം റേഷനരിക്കു ക്യൂ നിൽക്കുകയായിരുന്നു. കൈവെട്ടിയപ്പോൾ അസാധാരണമായ ധൈര്യത്തോടെ അദ്ദേഹത്തോടൊപ്പം ഒട്ടി നിന്ന മനുഷ്യജീവിയുടെ പേരാണ് സലോമി.

അവർ അദ്ദേഹത്തിന്റെ ഭാര്യയായതുകൊണ്ടല്ല വർഗീയമായി ആക്രമിക്കപ്പെട്ട ഒരു വ്യക്തിയോടൊപ്പം നിന്ന മറ്റൊരു വ്യക്തിയെന്നതാണ് അവരുടെ സാമൂഹിക പ്രസക്തിയെന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടു വ്യത്യസ്ത മതവിഭാഗങ്ങൾ ഒരേ സമയം ഒരു കുടുംബത്തെ വേട്ടയാടി. അവരുടെ ജീവിതം ദുരിതപൂർണമാക്കി. ഇത്തരമൊരു പരസ്പര സഹകരണം സമൂഹമധ്യത്തിൽ ഇരുവിഭാഗങ്ങളും പരസ്യമായി പ്രഖ്യാപിക്കുകയായിരുന്നു.

2014 മാർച്ച് 31ന് റിട്ടയർ ചെയ്യാനിരിക്കെ അദ്ദേഹത്തിനനുകൂലമായ ഒട്ടേറെ ഘടകങ്ങളുണ്ടായിട്ടും ജോലിയിൽ തിരിച്ചെടുക്കപ്പെടാതിരുന്ന സന്ദർഭം സ്വാഭാവികമായും സലോമിയെ കടുത്ത മാനസികസമ്മർദ്ദത്തിലാക്കി. കഠിനമായ പരീക്ഷണങ്ങളെ അതിജീവിച്ച ഒരുവൾ അങ്ങനെ 2014 മാർച്ച് 19ന് വീട്ടിലെ കുളിമുറിയിൽ തൂങ്ങിമരിച്ചു. ഇത് ഒരു വെറും ആത്മഹത്യയല്ല. ജീവിതനൈരാശ്യം, മാനസികപിരിമുറുക്കം എന്നിങ്ങനെയുള്ള കാരണങ്ങൾ നിരത്തി കുറ്റവാളികൾക്ക് ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നു പിന്മാറാൻ അവകാശമില്ല. അവർ ഒരു സഹോദരിയെ ദാരുണമായി കൊന്നിരിക്കുന്നു. ആത്മഹത്യകൾ കൊലപാതകങ്ങളായി മാറുന്ന സന്ദർഭങ്ങളിലൊന്നാണിത്.

പൊതുസമൂഹവും പുരോഗമനപ്രസ്ഥാനങ്ങളും നൽകേണ്ടിയിരുന്ന പിന്തുണ ഒറ്റക്കൊരുവൾ നൽകുകയായിരുന്നു. പ്രസ്താവനകളും രോഷപ്രകടനങ്ങളും കൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്ന് കേരളത്തിലെ പല പ്രസ്ഥാനങ്ങൾക്കും മനസ്സിലായിട്ടില്ലെന്നു തോന്നുന്നു.

അസാമാന്യ ധൈര്യത്തോടെ പ്രൊഫ.ജോസഫിന്റെ ജീവിതം പങ്കിട്ട സലോമിയെ മാനസികസമ്മർദ്ദത്തിലാക്കാൻ ഏതെങ്കിലും മതത്തിന്റെ വക്താക്കൾക്ക് അവകാശമുണ്ടോ? അവസാനഘട്ടത്തിൽപ്പോലും പ്രൊഫസ്സറെ തിരിച്ചെടുക്കാൻ മാനേജ്മെന്റ് വിമുഖമാണെന്ന തിരിച്ചറിവാണ് അത്രയും നാൾ പ്രത്യാശയിലായിരുന്ന സലോമിയെ തകർത്തുകളഞ്ഞതെന്നു വ്യക്തം. സലോമിയുടെ ആത്മഹത്യക്കുശേഷം പ്രൊഫസർ ജോലിയിൽ തിരിച്ചെടുക്കപ്പെടുമ്പോൾ, മാർച്ച് 31ന് അദ്ദേഹം ജോലിയിൽ നിന്നും വിരമിക്കുമ്പോൾ അത് സലോമിയെന്ന സ്ത്രീയുടെ അസാമാന്യമായ രക്തസാക്ഷിത്വത്തിന്റെ കൂടി വിലയാണെന്നു നാം പെണ്ണുങ്ങളെങ്കിലും വരവുവെക്കേണ്ടതുണ്ട്. ●

പെൺപക്ഷം

അജിത. കെ



# ഇനിയെങ്കിലും നമുക്ക് നന്മക്കായി വോട്ടുചെയ്യാം...

**ഇന്ത്യ** ഇനി ആരു ഭരിക്കും എന്ന് തീരുമാനിക്കാനുള്ള ലോക്സഭാ തെരഞ്ഞെടുപ്പ് പടിവാതിൽക്കലെത്തിക്കഴിഞ്ഞു. ഇത്തവണ രാഹുൽ ഭരിക്കുമോ, അതോ നരേന്ദ്രമോദി ഭരിക്കുമോ, അറുപത്തഞ്ചുവർഷങ്ങൾ കട്ടുമുടിച്ച് രാജ്യത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും ആഗോളമൂലധന താല്പര്യങ്ങൾക്കും കോർപ്പറേറ്റുകൾക്കും തീറെഴുതിക്കൊടുത്ത് ഇന്ത്യഭരിച്ച അഴിമതിയുടെ പ്രതീകമായ കോൺഗ്രസ്പാർട്ടി ഒരു വശത്ത്, ഇന്ത്യയെ ഒരു ജനാധിപത്യ മതേതര രാഷ്ട്രമെന്ന ബഹുസ്വരതയുടെ പ്രതീകത്തിൽ നിന്നും ഒരു ഹിന്ദുരാഷ്ട്രമെന്ന ഫാഷിസ്റ്റ് മതഭീകരതയിലേക്ക് നയിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന സംഘപരിവാറിന്റെ പ്രതീകമായ നരേന്ദ്രമോദി മറുവശത്ത്. ഇതിന്റെ ഇടയിൽ ആഗോളവത്ക്കരണത്തിനെതിരായും വർഗ്ഗീയതക്കെതിരായും ഘോരഘോരം പ്രസംഗിക്കുകയും തങ്ങൾക്ക് ഒരു സുന്ദരമായ സുസ്ഥിരമായ പ്രത്യയശാസ്ത്രമുണ്ടെന്ന് ഊറ്റം കൊള്ളുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഇടതുപാർട്ടികളിൽ പ്രധാനിയായ സി.പി.എം പക്ഷേ, ദേശീയതലത്തിൽ പാപ്പരായിക്കൊണ്ടിരിക്കുകയും ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ മാത്രം ഒതുങ്ങിക്കൂടുകയും ചെയ്യുന്നു. ഇന്ത്യയിലെ ജനാധിപത്യ, മതേതര, പുരോഗമന, സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ ഇത്രയും കാലം പ്രതീക്ഷയോടെ ഉറ്റുനോക്കിയിരുന്നത് മറ്റു രണ്ടു മുഖ്യധാര രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും ഒരു യഥാർത്ഥ വെല്ലുവിളി സി.പി.എം നേതൃത്വത്തിലുള്ള ഈ ഇടതുമുന്നണി ആണെന്നായിരുന്നു. പക്ഷേ, ഓരോ തവണയും ജാതി-മത വർഗ്ഗീയശക്തികളോടും കോർപ്പറേറ്റ്ശക്തികളോടും എല്ലാ തത്വങ്ങളും കൈവെടിഞ്ഞുള്ള ഒത്തുതീർപ്പുകളും വിട്ടുവീഴ്ചകളും ചെയ്തുകൊണ്ട് ദേശീയതലത്തിൽ ഈ മുന്നണി ഒന്നുമല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് നമുക്ക് ലഭിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കട്ടപിടിച്ച കൂരിരുട്ടിൽ നിന്ന് പ്രകാശത്തിന്റെ തിരിനാളം പോലെ അരവിന്ദ് കേജരിവാളിന്റെ നേതൃത്വത്തിലുള്ള എ.എ.പി രംഗത്തുവരുന്നത്. എല്ലാകാര്യങ്ങളും തങ്ങൾ കണക്കുകൂട്ടിയതുപോലെ നീങ്ങുമെന്ന മിഥ്യാധാരണകളെ എ.എ.പി കാറ്റിൽ പറത്തിയിരിക്കുന്നു. അഴിമതിക്കെതിരേയും നരേന്ദ്രമോദി പ്രതിനിധാനം ചെയ്യുന്ന വർഗ്ഗീയതക്കെതിരേയും അംബാനി പോലുള്ള കോർപ്പറേറ്റുകൾക്കെതിരേയും ചങ്കൂറ്റത്തോടെ തലയുയർത്തിപ്പിടിച്ച് പോരാടാൻ ധൈര്യം കാണിച്ച ഈ കൊച്ചുപാർട്ടി നമുക്ക്, ഇന്ത്യൻ ജനതക്ക് നൽകുന്ന പ്രതീക്ഷയും ഊർജ്ജവും ഒട്ടും നിസ്സാരമല്ല. ചരിത്രം സൃഷ്ടിക്കുന്ന ഈ പാർട്ടി അവഗണിക്കാനാവാത്ത ഒരു ശക്തിയായി മാറട്ടെ! നമുക്കെല്ലാം നന്മയുടെ ഈ പ്രതീകത്തോടൊപ്പം നിൽക്കാം. ●



# വാസ്തവം



ഡോ.ജാൻസി ജോസ്

**തെരഞ്ഞെടുപ്പ്** തന്നെ ഒരു വിഷയമാണ്. ഈ വിഷയത്തിന്മേൽ അഭിപ്രായം പറയാനും തെരഞ്ഞെടുക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ ബുദ്ധിമോശം വന്നിരിക്കുന്ന കുറേ നേതാക്കളിൽ ആരെ തെരഞ്ഞെടുക്കുമെന്നൊരു ശങ്കയുണ്ട്. വഴിതെറ്റിക്കുന്ന തരത്തിൽ പ്രസ്താവനകൾ നടത്തുകയും ഗിന്നസ്ബുക്കിൽ കയറാൻ തക്ക നുണ വാഗ്ദാനങ്ങൾ നിറഞ്ഞ പ്രകടനപത്രിക ഇറക്കുകയും ചെയ്താൽ നന്മനിറഞ്ഞ ജനം എന്തുചെയ്യും? എല്ലാവരും കള്ളന്മാരും എല്ലാവരും നല്ലവരും ആയാൽ ജനം കുഴഞ്ഞതു തന്നെ. എന്തൊക്കെയോ തിരിച്ചറിഞ്ഞു എന്ന് അഹങ്കരിച്ചിരുന്ന ജനത്തിന്റെ മണ്ടയ്ക്കു കൊടുത്ത അടിയല്ലേ വി.എസ് സഖാവിന്റെ മലക്കം മറിച്ചിൽ. നേരും നെറിവുമുള്ള ആരെയെങ്കിലും ജയിപ്പിക്കണമെന്ന ജനത്തിന്റെ ആഗ്രഹം നടക്കാത്ത സ്വപ്നം തന്നെ. സ്വന്തം കുടുംബത്തേക്കാൾ, പാർട്ടിയേക്കാൾ വില മനുഷ്യനു നൽകുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർക്കു വേണം വോട്ടു കൊടുക്കാൻ. ജനങ്ങൾ മുഴുവൻ വിശ്വസിക്കുന്ന ഒരു കാര്യം എനിക്കറിയാം. 'ആരു ജയിച്ചാലും തങ്ങൾക്കൊന്നുമില്ല. എല്ലാം കണക്കാ'– ഇതാണാ അറിവ് എന്നിരുന്നാലും തങ്ങൾക്ക് ഒരു റോഡോ, പാലമോ (പിന്നീട് വലിക്കാത്ത) തന്ന ആൾക്ക് വോട്ടുകൊടുക്കാനും അവർ തയ്യാറാണ്. മറ്റൊരു സത്യം കൂടി പറയാതിരിക്കാൻ വയ്യ. നേതാക്കന്മാരുടെ എല്ലാവരുടേയും എല്ലാകാര്യങ്ങളും ജനങ്ങൾക്കറിയാം. ഒരു പത്രസമ്മേളനം കൊണ്ട് മായ്ച്ചുകളയാവുന്ന ഒന്നല്ല അത്. എനിക്കാശംസിക്കാനുള്ളത് പണമുള്ള പാർട്ടികൾ ജയിക്കട്ടെ എന്നല്ല. എല്ലാ പാർട്ടികൾക്കും പണമുണ്ട്. അത് ആദ്യം വാരിയെറിയാൻ പറ്റുന്ന പാർട്ടികൾ ജയിക്കട്ടെ എന്നാണ്. ജനം കൂറുള്ളവരാണ് വോട്ടുചെയ്യുന്നതിലും അവരാ നെറിവു കാണിച്ചിരിക്കും. ●

കവിത

**ആതിര മുരളീധരൻ**



# എന്റെ പെൺകവിത

എന്റെ കവിത,
അതിനെന്തുപേരിട്ടാലും
എന്റെ പേരായി മാറുന്നു...
എന്റെ ഹൃദയത്തോടൊപ്പം,
തുടിക്കുന്ന എന്റെ പെൺകവിത!

എന്റെ കവിത,
അതിന് ബാല്യമുണ്ടായിരുന്നു,
കുപ്പിവളപ്പൊട്ടുകളെയും,
മഞ്ചാടിക്കുരുക്കളെയും, പൂക്കളെയും
ചിത്രകഥകളെയും സ്നേഹിച്ച
കൊച്ചടികൾ വയ്ച്ചു പിച്ച വയ്ച്ച ബാല്യം
*   *   *   *

അതിന് കൗമാരമുണ്ടായിരുന്നു-
സൗഹൃദങ്ങളുടെ, ഇണക്കങ്ങളുടെ,
അതിലേറെ പിണക്കങ്ങളുടെ,
ഉത്തരം കിട്ടാത്ത സംശയങ്ങളുടെ
ശകാരങ്ങളുടെ, വിലക്കുകളുടെ
ആകുലതകളുടെ കൗമാരം...
പറയാൻ മടിച്ച പ്രണയത്തിന്റെ
പറഞ്ഞിട്ടും കൈവിട്ട പ്രണയത്തിന്റെ
പറയാതെ തേടിവന്ന പ്രണയത്തിന്റെ
ചൂടും ചൂരുമറിഞ്ഞ കൗമാരം...
*   *   *   *

എന്റെ കവിത,
അതിപ്പോൾ യൗവനത്തിന്റെ തീവ്രതയിലേക്ക്
സീമന്തകുങ്കുമം പോലെ,
ആലിലത്താലിപോലെ
കടലാസുതുണ്ടിൽ തെറിച്ചുവീണ
സാഫല്യത്തിന്റെ അക്ഷരകാന്തി
അതിന് അമ്മിഞ്ഞപ്പാലിന്റെ
നറുമണമുണ്ട്... മാധുര്യമുണ്ട്...
*   *   *   *

എന്നിട്ടും എന്തെന്നറിയില്ല
തിരുത്തിയിട്ടും തിരുത്തിയിട്ടും മതിവരാതെ
മറ്റാർക്കോ വേണ്ടി കറുകറുപ്പിച്ച അക്ഷരങ്ങൾ-
വായിച്ചെടുക്കാൻ പോലും കഴിയാത്തവിധം
വികൃതമായിപ്പോയിരിക്കുന്നു
ചിലയിടങ്ങളിൽ എന്റെ ഹൃദയം പോലെ
തുളവീണിരിക്കുന്നു...
മീശയുള്ള ആൺ അക്ഷരങ്ങൾ
അതിരുകളില്ലാത്ത സർഗ്ഗചക്രവാളം
കീഴടക്കി മദിച്ചുല്ലസിക്കുമ്പോൾ...
എന്റെയീ കരിമഷിയെഴുതിയ
അക്ഷരങ്ങൾ, തെല്ലുഭയമോടൊരു-
മഞ്ഞച്ചരടിൽ കാൽ കുരുങ്ങി,
പറക്കാനരുതാതെ വീണു പോവതെന്തേ...?
*   *   *   *

എന്റെ കവിത...
അതിപ്പോൾ തടവറയിലാണ്...
തടവറകൾ ഭേദിച്ച്, ആർപ്പുവിളിച്ച്
അടങ്ങാത്ത വീര്യത്തോടെ
അക്ഷരപ്പയറ്റു നടത്തിയ ആർച്ചമാർ
ഏറെയുണ്ട്... അറിയാം
ഒടുവിൽ ഭ്രഷ്ട് കൽപ്പിക്കപ്പെട്ട്,
ഉണങ്ങാത്ത മുറിവുകളുമായി
അമ്മനാട് വെടിഞ്ഞതും അറിയാം
ധീരരാണവർ...
കപട സദാചാരത്തിന്റെ
കല്ലേറുകളെ ഭയക്കാതെ
തൂലികയെ പ്രണയിച്ചവർ
*   *   *   *
ഞാനൊരു ഭീരുവാണ്
അതും അറിയാം...

എന്റെ കവിതയെ–
തടവിലാക്കാൻ കൂട്ടുനിന്നവൾ...
മന:സാക്ഷിയുടെ കണ്ണുകൾ മൂടിക്കെട്ടി,
സ്വയം ഇരുട്ടിൽ കഴിയുവോൾ...
എന്റെ പെൺകവിത....
അതെന്റെ ഉള്ളിൽ കിടന്ന്
നിലവിളിക്കുന്നു, കിടന്നുരുളുന്നു...
പുറം ലോകം കാണാനുള്ള വ്യഗ്രതയിൽ
അകമേ, കൂർത്ത നഖങ്ങളാൽ
കീറി മുറിവേൽപ്പിക്കുന്നു.
തീരാവേദനയാൽ  പുളയുകയാണ് ഞാനും.
എങ്കിലും തുറന്ന് വിടാൻ ഭയമാണ്!
കാരണം.... പാവം! എന്റെ കവിത
അതിന് മീശയില്ലല്ലോ!
ഞാനൊരാർച്ചയുമല്ലല്ലോ...!

---

**ജഗതി**

# നീയും മനസ്സിലാക്കുക



ആരാണ് നീ?
വീട്ടിൽ തളച്ചിടപ്പെട്ട
ഒരു 'മൾട്ടിപർപ്പസ്' യന്ത്രമോ?

സന്ധ്യയ്ക്കു,
വർക്കിംഗ് വിമെൻസ് ഹോസ്റ്റലിലേക്ക്
എല്ലാവരുടേയും തുറിച്ചു നോട്ടവും
ഏറ്റുവാങ്ങി ഓടിക്കയറുന്നവളോ?

അക്കരെ,
വീട്ടുകാർക്കായിട്ടക്കരെ
വിയർപ്പൊഴുക്കിയിടുന്നവളോ?

അതോ,
ഒരു കുഞ്ഞുവയറുനിറക്കാൻ
മടിക്കുത്തഴിച്ച് പലർക്കു മുന്നിലും
വേഷം കെട്ടുന്നവളോ?

ആരുമാകട്ടെ,
നീ മനസ്സിലാക്കുക!
രാഷ്ട്രീയപാർട്ടികളുടെ
കണക്കുപുസ്തകത്തിലെ
ഒരു വോട്ടാണ് നീയും.

വായനാനുഭവം



ഡോ.ഷീജ.ആർ.എസ്



# ദൈവവിളിയുടെ സ്നേഹ സാന്ത്വനങ്ങൾ

"**എന്റെ** പഴയവീട് കുന്തിരിക്കത്തിന്റെ മണം നിറഞ്ഞ ഒന്നാണ്... അടുക്കളയിൽ നിന്നുള്ള വറുത്ത ഇറച്ചിയുടെയും ഉണക്കമീനിന്റെയും മണമേറ്റ് പുറത്ത് ആലയിൽ പശുക്കൾ തലയാട്ടി നിന്നു. വീടിന്റെ മുകളറ്റത്തെ മുറിയിൽ മുന്തിരി വള്ളികൾ തളിർക്കുകയും മാതളനാരകങ്ങൾ പൂക്കുകയും ചെയ്യുന്ന ചില കൗമാര സ്വപ്നങ്ങൾ കണ്ടുകൊണ്ട് ഉച്ച നേരങ്ങളിൽ ഞാൻ ഉറങ്ങി കിടന്നു. അന്ന് എന്റെ പേര് ഷേർളി എന്നായിരുന്നു..." സിതാരയുടെ ദൈവവിളി എന്ന കഥ തുടങ്ങുന്നത് ഇങ്ങനെയാണ്.

മലയാള ചെറുകഥയുടെ മാറിവരുന്ന അനുഭവപരിസരങ്ങൾക്ക് അനുസരിച്ച് കഥപറച്ചിലിന്റെ പുത്തൻരീതികൾ സ്ത്രീ എഴുത്തുകാരികൾ നിർവ്വഹിച്ചു. ഈ വഴിമാറൽ ലളിതാംബിക അന്തർജ്ജനത്തിന്റെ സൃഷ്ടികളിലൂടെ തുടക്കം കുറിച്ചുവെന്ന് പറയാം. സ്ത്രീയ്ക്കെതിരെയുണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും നേരെ സ്ത്രീ തന്നെ ശബ്ദമുയർത്തണമെന്നും അതാണ് ഏററവും നല്ല പരിഹാരമാർഗ്ഗമെന്നും വാദിച്ച എഴുത്തുകാരിയാണ് അന്തർജ്ജനം. അവരുടെ ശക്തമായ വാക്കുകൾ പില്ക്കാല സ്ത്രീ എഴുത്തുകാരികൾക്ക് ഏറെ പ്രചോദനം നല്കി. കെ. സരസ്വതിയമ്മ, രാജലക്ഷ്മി, മാധവിക്കുട്ടി, സാറാ ജോസഫ് എന്നിവരിലൂടെ കരുത്താർജ്ജിച്ച സ്ത്രീശക്തി സിതാരയുടെയും കെ. ആർ. മീരയുടെയും ഇന്ദുമേനോന്റെയും രേഖയുടെയും രചനകളിലെത്തുമ്പോൾ വിപ്ലവാത്മകമായ രീതിയിൽ പ്രതികരിക്കുന്ന രചനകളായി മാറുന്നു. ഇന്ന് സമകാല ചെറുകഥയിൽ സ്ത്രീ

സാന്നിദ്ധ്യവും ശാക്തീകരണവും സ്വത്വബോധവും വ്യത്യസ്തമായി പ്രകടമാക്കുന്ന അനേകം രചനകൾ ഉണ്ടായിട്ടുണ്ട്.

ഭിന്ന രചനാ സമ്പ്രദായങ്ങളിലൂടെ സ്ത്രീപക്ഷചിന്തകളുടെ ആധുനിക മുഖം അവതരിപ്പിച്ച കഥാകാരികളിൽ ഒരാളാണ് സിതാര. തന്റെ അനുഭവങ്ങളോട് ശക്തവും തീവ്രവുമായ രീതിയിൽ സ്ത്രീ പ്രതികരിക്കുന്നതിന്റെ ചിത്രങ്ങൾ സിതാരയുടെ രചനകളിൽ കാണാം. സിതാരയുടെ 'അഗ്നി' യിൽ തന്നെ പീഡിപ്പിച്ച മൂന്ന് യുവാക്കൾക്കെതിരെ പീഡിതമായ ശരീരത്താൽ ആളിക്കത്തിയ അഗ്നിതുല്യമായ മനസ്സ്കൊണ്ട് നടത്തുന്ന ചെറുത്തുനില്പിനെയാണ് ആവിഷ്ക്കരിക്കുന്നതെങ്കിൽ 2002 -ൽ രചിക്കപ്പെട്ട ദൈവവിളിയിൽ പ്രണയത്തിനുമേലുള്ള ആവേശത്തിൽ സ്വന്തം മതത്തെപ്പോലും നിരാകരിച്ചു കൊണ്ട് മതംമാറി ഹിന്ദുമത വിശ്വാസിയായ ഹരിയോടൊപ്പം ജീവിതം നയിക്കുന്ന ഷേർളി എന്ന ക്രിസ്തുമത വിശ്വാസിയായിരുന്ന പെൺകുട്ടിയുടെ ജീവിതത്തിലുണ്ടാകുന്ന സമ്മർദ്ദങ്ങളും സംഘർഷങ്ങളുമാണ് പ്രമേയമാക്കിയിരിക്കുന്നത്.

ജന്മായത്തമായ മതവും ആചാരവിശ്വാസങ്ങളും ഒരു വ്യക്തിയുടെ ജീവിതത്തെ എങ്ങനെയൊക്കെ സ്വാധീനിക്കും എന്ന് ഈ കഥ വ്യക്തമാക്കുന്നു. എപ്പോഴും കൃഷിപ്പണിയിലും അടുക്കളയിലുമായി ഓടിനടന്ന് ജോലി ചെയ്യുന്ന അമ്മച്ചിയും വീട്ടുകാര്യങ്ങളിൽ സദാ വ്യാപൃതനായിരിക്കുന്ന അപ്പനും ഒരു ചേച്ചിയുമടങ്ങുന്ന നാട്ടിൻപുറത്തെ ഒരു സാധാരണ ക്രൈസ്തവ കുടുംബാംഗമായിരുന്ന ഷേർളി മതംമാറി മറ്റൊരു വ്യക്തിയായി ജിവിക്കേണ്ടിവരുമ്പോൾ മാനസികമായും ശാരീരികമായും മതപരമായും വിശ്വാസപരമായും ധാരാളം വ്യത്യസ്താനുഭവങ്ങൾ ഉണ്ടാവുക സ്വഭാവികം. ഷേർളിയുടെ ചിന്തകളിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. ക്രിസ്തുവിന്റെ ഉറച്ച വിശ്വാസിയായിരുന്നെങ്കിലും ഹരിയുമായുള്ള അഞ്ചു വർഷത്തെ പ്രണയത്തിനൊടുവിൽ ഹിന്ദുവായ അയാളെ വിവാഹം കഴിക്കാൻ മതംമാറുന്നതിനായി പ്രണയം അവളെ പ്രോത്സാഹിപ്പിച്ചു.

മതം മാറി ഒരു ഹിന്ദുവായശേഷം ഒരു തവണപോലും ഞാനെന്റെ വീട്ടിലേക്ക് പോയിട്ടില്ല.... എന്റെ ഭർത്താവ് ഹരിയുടെ അമ്മ എന്റെ അമ്മച്ചിയെപ്പോലെയേ അല്ല.... അവർ അടുക്കളയിൽ നിന്ന് മൂളിപ്പാട്ട് പാടാറോ ഷേർളി മോളേ ... എന്ന് ഈണത്തിൽ നീട്ടിവിളിയ്ക്കാറോ ഇല്ല, അവർ എന്നെ സീത എന്ന പേരാണ് വിളിക്കുന്നത്....

തന്റെ ആത്മാവിനും മനസ്സിനും ജീവിതത്തിനും ചേതമല്ലാത്ത, മറ്റുള്ളവർക്കു വേണ്ടിയുള്ള തമാശക്കളിയായി അങ്ങേയറ്റം ലാഘവത്തോടെയാണ് ഈ മതംമാററത്തെ അവൾ കണ്ടത്. ജീവിച്ചതും ശീലിച്ചതുമായ ജീവിതക്രമങ്ങൾക്ക് മതവുമായി അടിയുറച്ച ബന്ധമുണ്ടെന്ന് അവൾ തിരിച്ചറിയുന്നത് ഭർതൃകുടുംബത്തിൽ എത്തിച്ചേർന്നശേഷമാണ്. അവളോർമ്മിക്കുന്നു...

''മതം മാറി ഒരു ഹിന്ദുവായ ശേഷം ഒരു തവണപോലും ഞാനെന്റെ വീട്ടിലേക്ക് പോയിട്ടില്ല.... എന്റെ ഭർത്താവ് ഹരിയുടെ അമ്മ എന്റെ അമ്മച്ചിയെപ്പോലെയേ അല്ല.... അവർ അടുക്കളയിൽ നിന്ന് മൂളിപ്പാട്ട് പാടാറോ ഷേർളി മോളേ ... എന്ന് ഈണത്തിൽ നീട്ടിവിളിയ്ക്കാറോ ഇല്ല, അവർ എന്നെ സീത എന്ന പേരാണ് വിളിക്കുന്നത്....''

തനി ഹിന്ദുമത വിശ്വാസിയായി മാറാൻ പ്രേരിതയായ ഷേർളിയ്ക്ക് ഹിന്ദുമതത്തിലെ ആചാര വിശ്വാസങ്ങൾ അനുവർത്തിക്കാനും അവിടത്തെ ജീവിതരീതികളുമായി ഒത്തു പോകാനും ഏറെ ബുദ്ധിമുട്ടനുഭവിക്കേണ്ടി വന്നു. ഹരിയുടെ അമ്മ അവൾക്ക് നിറയെ പട്ടുസാരികളും നെറ്റിയിൽ വയ്ക്കാൻ പൊട്ടുകളും നെറുകയിലിടുന്ന സിന്ദൂരം സൂക്ഷിക്കാൻ കൊച്ചു ചെപ്പുകളും വാങ്ങി കൊടുത്തു. പൂജാമുറി വൃത്തിയാക്കി വിളക്കുവയ്ക്കേണ്ട ചുമതല അവളെ ഏല്പിച്ചതോടൊപ്പം വിളക്കുവച്ചാൽ നാമങ്ങൾ ചൊല്ലാൻ പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. ഇതാണ് ഹരിയുടെ വീട്ടിൽ നിർബന്ധമായി ചെയ്യേണ്ട കാര്യങ്ങൾ. അല്ലാതെ സാധാരണ കുടുംബങ്ങളിൽ ഉണ്ടാകുന്നു എന്ന് നാം കരുതുന്ന ഒരു പ്രശ്നങ്ങളും അവൾക്കവിടെ നേരിടേണ്ടതായില്ല. പക്ഷെ ഓർമ്മ വച്ചനാൾ മുതൽ കർത്താവിന്റെ മുൻപിൽ വീട്ടിലെ എല്ലാവരുമായി മെഴുകുതിരി കത്തിച്ച് മുട്ടിപ്പായി പ്രാർത്ഥിച്ചിരുന്ന അവൾക്ക് നാമം ചൊല്ലലും പൂജാമുറിയിലെ ദൈവങ്ങളുടെ കളർചിത്രങ്ങളും കർപ്പൂരത്തട്ടും പുതിയ അനുഭവവും അങ്ങേയറ്റം

അപരിചിതവും ഉൾക്കൊള്ളാൻ കഴിയാത്തതുമായിരുന്നു. പൂജാമുറിയിലെ വിളക്ക് യാദൃശ്ചികമായി അണഞ്ഞാൽ കർത്താവേ ..... എന്നൊരാന്തലോടെ അവളുടെ നെഞ്ചിൽ ഭയത്തിന്റെ കഫക്കട്ടങ്ങൾ കുറുകിയുറയുന്നതായി അനുഭവപ്പെടും. വല്ലാത്ത ആശങ്കകൾ ഭർതൃഗൃഹത്തിൽ അവൾക്കനുഭവപ്പെട്ടു. തികഞ്ഞ കുറ്റബോധത്തോടെയല്ലാതെ കർത്താവിനെ ഓർക്കുവാൻ അവൾക്കു കഴിയുമായിരുന്നില്ല. പക്ഷെ വൻമരങ്ങളിൽ നിന്ന് വീശുന്ന കാറ്റ് തൊട്ടാലെന്ന പോലെയാണ് കർത്താവിനെകുറിച്ചുള്ള ഓർമ്മ അവൾക്ക് കുളിർമ്മ പകരാറ്. അതേസമയം തന്നെ പൂജാമുറിയിലെ ദൈവങ്ങളുടെ തീക്ഷ്ണമുഖങ്ങൾ അവൾക്ക് ഭയത്തിന്റെ അസ്വസ്ഥതകൾ നല്കുകയും ചെയ്യുന്നുണ്ട്.

ചുമയും ശ്വാസംമുട്ടലും ഷേർളിയെ ചെറുപ്പം മുതൽ അലട്ടിയ രോഗമായിരുന്നു. കഫത്തിന്റെ നൂലുകൾ കുടുങ്ങി ശ്വാസനാളം അടഞ്ഞുപോകുന്ന രാവുകളിൽ അമ്മച്ചി, ചുക്കും കുരുമുളകും ഉള്ളിയുമിട്ട കാപ്പിയുണ്ടാക്കിക്കൊടുത്ത ശേഷം പ്രാർത്ഥനാമുറിയിലേക്ക് കൊണ്ടുപോയി മുട്ടിപ്പായി പ്രാർത്ഥിക്കും. അപ്പോൾ കർത്താവിന്റെ കരുണ നിറഞ്ഞ കണ്ണുകൾ ഒരു കുഴലായി നീണ്ടുവന്ന് നെഞ്ചിലെ കഫം മാറ്റുന്നതായി അവൾക്കനുഭവപ്പെടും. കടുത്ത ആസ്മാരോഗിയായിരുന്ന ഷേർളി മരുന്നുകൾക്കപ്പുറം ആശ്വാസം കണ്ടെത്തിയിരുന്നത് യേശുക്രിസ്തുവിന്റെ കാരുണ്യത്തിലായിരുന്നു. ലോക നന്മയ്ക്കായി സകലവേദനകളും തന്നിലേക്കാവാഹിച്ച ആ മഹത്പുരുഷനെ കുറിച്ചോർക്കുമ്പോഴേ അവൾക്ക് രോഗശമനം ലഭിച്ചിരുന്നു. പക്ഷേ വിവാഹശേഷം ഹരി പല ഡോക്ടർമാരേയും കാണിച്ചുവെങ്കിലും കർത്താവിലെ കാരുണ്യം അവരിലാരിലും അവൾക്കനുഭവപ്പെട്ടില്ല. സീതയായി പരിവർത്തിക്കപ്പെട്ടതോടെ തനിക്ക് ലഭിച്ചിരുന്ന പരിഗണനകളും ദൈവീകസാന്നിദ്ധ്യവും ശുശ്രൂഷകളും ആശ്വാസങ്ങളും നഷ്ടമായി എന്ന് ഷേർളി തിരിച്ചറിയുന്നു. രാത്രികളിൽ ഉറങ്ങുന്ന ഹരിയ്ക്കരികെ ശ്വാസംമുട്ടി കിടക്കുമ്പോൾ രോഗശാന്തിയ്ക്കായുള്ള പ്രാർത്ഥനകളൊന്നും ഫലിച്ചില്ല.

സഹപ്രവർത്തകർ ഷേർളി, സീത എന്ന് മാറി മാറി വിളിക്കുമ്പോൾ അപരിചിതമായ ഏതോ ഭാഷ കേട്ടാലെന്നപോലെ അവളുടെ ഉള്ള് പിടയുകയും ഷേർളി.... ഷേർളി എന്ന് നഷ്ടപ്പെടലിന്റെ ഭയത്തിൽ മനസ്സ് സ്വയം ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുമത്രേ. അവൾ ചുമച്ചപ്പോൾ നിറുകയിലെ സിന്ദൂരത്തിൻെറ പൊടികൾ കൈത്തണ്ടയിലേക്ക് വീണു. ഹരിയുടെ അമ്മയ്ക്ക് സിന്ദൂരം ഉപയോഗിക്കാതിരിക്കുന്നത് ഇഷ്ടമേയല്ല. മറന്നാൽ അവരുടെ കണ്ണുകളിൽ വൃത്തികെട്ടൊരു ശാസന നിറയും. മാത്രവുമല്ല ഹിന്ദുസ്ത്രീകൾക്ക് ശക്തിയുടെയും ഐശ്വര്യത്തിന്റെയും അഭിമാനത്തിന്റെയും പ്രതീകമാണ് സിന്ദൂരം എന്ന ഉറച്ച അഭിപ്രായമാണവർക്കുള്ളത്. എന്നാൽ ഷേർളിക്ക് അത് വെറും ചുവന്ന ഏച്ചുകെട്ടലായി രുന്നു.

സഹപ്രവർത്തകർ
ഷേർളി, സീത എന്ന് മാറി മാറി
വിളിക്കുമ്പോൾ അപരിചിതമായ
ഏതോ ഭാഷ കേട്ടാലെന്നപോലെ അവ
ളുടെ ഉള്ള് പിടയുകയും ഷേർളി....
ഷേർളി എന്ന് നഷ്ടപ്പെടലിന്റെ ഭയ
ത്തിൽ മനസ്സ് സ്വയം ഉരുവിട്ടുകൊ
ണ്ടിരിക്കുകയും ചെയ്യുമത്രേ.

കിഴങ്ങുഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥയായ ഷേർളി വിവാഹത്തോടെ നിർബന്ധിതമായ പെരുമാറ്റരീതികളും പരമ്പരാഗത സങ്കല്പങ്ങളും നൽകുന്ന പിരിമുറുക്കത്തിൽ നിന്ന് ആശ്വാസം കണ്ടെത്തുന്നത് സഹപ്രവർത്തകനും സുഹൃത്തുമായ മുഹമ്മദിൽ നിന്നാണ്. ഹരി തിരിച്ചറിയാതെ പോയ അവളുടെ മനസ്സ് മുഹമ്മദ് മനസ്സിലാക്കുന്നു. സൗഹൃദം പ്രണയത്തിലേയ്ക്ക് വഴിമാറുന്ന കാഴ്ച കഥാകാരിയുടെ ആഖ്യാന തന്ത്രമാണ്. ചെറുപ്പത്തിലെ ഓരോരോ വിശ്വാസങ്ങൾ ശീലിച്ചുവന്നതല്ലേ പെണ്ണുങ്ങളാവുമ്പോൾ ഇങ്ങനെ ചില്ലറ പ്രശ്നങ്ങൾ സ്വാഭാവികമാണ്. എന്ന മുഹമ്മദിൻെറ വാക്കുകൾ പലപ്പോഴും മാനസികസംഘർഷങ്ങളിൽ അയവു വരുത്താൻ അവളെ സഹായിക്കാറുണ്ട്. അവൾ മാനസികമായി കരുത്താർജ്ജിക്കുന്നത് മുഹമ്മദിലൂടെയാണ്. മുഹമ്മദിനോടൊപ്പം ഓഫീസടുത്തുള്ള കുന്നിൻെറ മുകളിലേയ്ക്ക് നടക്കുമ്പോൾ ഷെർളിയെ ശ്വാസംമുട്ടൽ വല്ലാതെ ബാധിച്ചു. ശ്വാസം ഒഴിഞ്ഞ് തൊണ്ടയിലെ പേടിപ്പിക്കുന്ന ശൂന്യതയിൽ നെഞ്ചമർത്തിപ്പിടിച്ച് കണ്ണുകളടച്ച് കർത്താവിനെ അവൾ

സ്തുതിച്ചു. കർത്താവിൻെറ ചിരിക്കുന്ന മുഖത്ത് ലളിതമായ, സ്വച്ഛമായ സ്നേഹപ്രകാശം അവൾക്കനുഭവപ്പെട്ടു. കണ്ണുകൾ തുറക്കുമ്പോൾ മുഹമ്മദി ൻെറ സ്നേഹസാന്നിദ്ധ്യം വല്ലാത്ത സാന്ത്വനമായി. അത് നഷ്ടപ്പെടുത്താ നിഷ്ടപ്പെടാത്ത തരത്തിൽ അവൾ അതിനെ ആർത്തിയോടെ വലിച്ചെടുത്തു. മുഹമ്മദിൻെറ മൊബൈൽ വാങ്ങി താൻ മതംമാറി ഷേർളി യാകാൻ തീരുമാനിച്ച തായി ഹരിയെ അറിയിക്കുന്നു. കുന്നിൻചരിവിലെ ആ ഒററയടിപ്പാതയ്ക്കരികിൽ പൊന്തകൾക്കപ്പുറം ഭൂമി പിളർന്നതു പോലൊരു വിള്ളൽ - പുരാതനമായ ചില ഓർമ്മകളിൽ നെഞ്ച് കയ്ച്, തൊണ്ടയിൽ ബാക്കിനിന്ന ഒരു കട്ടക്കഫം കാറിയെടുത്ത് ആ പിളർപ്പിലേയ്ക്ക് അവൾ തുപ്പി എന്ന് പറഞ്ഞാണ് കഥ അവസാനിപ്പി ക്കുന്നത്. തന്നെ അസ്വതന്ത്രയും രോഗാവസ്ഥയിലേക്ക് തള്ളിവിടുന്നതുമായ ഭർതൃ ഗൃഹത്തിലെ മതനിബന്ധനക ളിൽ നിന്നും ആചാരങ്ങളിൽ നിന്നും സ്വതന്ത്രയാകുന്നതാണ് നല്ലത് എന്നവൾ തീരുമാനിച്ചു.

ദൈവവിളി ഒരു തോന്ന ലാണോ? സന്ദിഗ്ദ്ധഘട്ടങ്ങളിൽ തീരുമാനമെടുക്കേണ്ടിവരുമ്പോൾ ഒരു ഉൾപ്രേരണ നമു ക്കുണ്ടാകാറുണ്ട്. അതാണ് ദൈവവിളി. അംഗീകാരവും പരി ഗണനയുമില്ലാത്ത വൈവാഹിക ജീവിതത്തിൽ കടിച്ചു തൂങ്ങിക്കിട ക്കാൻ ഷേർളി തയ്യാറാകുന്നില്ല. ജന്മനാ വ്യക്തിയിൽ അലിഞ്ഞു ചേർന്നു പോയ വിശ്വാസങ്ങൾ, മതം, ആചാരാനുഷ്ഠാനങ്ങൾ ഇവ ഒരു പരിധിവരെ നമുക്ക് ഒഴിവാക്കാനാകില്ല. ഷേർളി സീതയായപ്പോൾ ഒട്ടേറെ നിബന്ധനകൾ അവൾക്ക്മേൽ വന്നു ചേരുന്നു. മതംമാററം നിസ്സാരമായി കണ്ട ഷേർളിക്ക് അതിലെ നിബന്ധനകളും പരിഗണനകളും വിട്ടുവീഴ്ചകളും ഇല്ലാതെയുമുള്ള ദാമ്പത്യജീവിതത്തിൽ നിന്ന് സ്വതന്ത്രയാകുന്നതാണ് നല്ലത് എന്ന തോന്നൽ ത്രേതായുഗത്തിലെ സീത യല്ല, ആധുനികയുഗത്തിലെ സീത എന്ന് വ്യക്തമാക്കുന്നു.

സ്ത്രീയുടെമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന സർവ്വനിയന്ത്രണങ്ങളെയും തകർത്തെറിഞ്ഞുകൊണ്ട് സ്വയം കരുത്താർജ്ജിക്കുന്നതിൻെറയും തൻെറതായ ആശ്വാസകേന്ദ്രം

> ത്രേതായുഗത്തിലെ സ്ത്രീസ്വത്വത്തിന് സംഭവിച്ച അനുഭ വങ്ങൾ മറ്റൊരു വിധത്തിൽ ഷേർളി യിലും സംഭവിക്കുന്നതുകൊണ്ടു തന്നെ സീത എന്ന നാമകരണം കഥാ കൃത്ത് ബോധപൂർവ്വം സ്വീകരി ച്ചതായിരിക്കും.

കണ്ടെത്തുന്നതിൻെറയും ചിത്രമാണിതിലു ള്ളത്. താൻ ജിവിച്ചുപോന്ന ഒരു സവിശേഷ സംസ്ക്കാരത്തിൽ നിന്നും മറ്റൊ ന്നിലേക്ക് പറിച്ചു നടുകയാണ് എന്ന ചിന്ത ഏതൊരു വ്യക്തിയെ സംബന്ധിച്ചും സംഘർഷാത്മ കത നല്കുന്ന ഒന്നാണ്. കാല ങ്ങളായി വിശ്വസിച്ചാചരിച്ചു പോന്നവ ത്യജിക്കേണ്ടി വരുമ്പോ ഴുള്ള സമ്മർദ്ദവും നിസ്സാരമല്ല. സുസ്ഥിരമായ കുടുംബജീവിത ത്തിന് സ്ത്രീപുരുഷൻമാർ ഒരേ മതത്തിൽ നിന്നാവണം എന്ന പഴ ഞ്ചൻ ചിന്തയാണ് ഹരിക്കുള്ളത്. സ്ത്രീക്ക് നേരിടേണ്ടിവരുന്ന സ്വത്വ പ്രതിസന്ധി കൂടി കഥാ കൃത്ത് എടുത്ത് കാണിക്കുന്നു. മതം മാറ്റത്തിലൂടെ സ്വന്തം വ്യക്തിത്വം തന്നെ അടിയറവ് വയ്ക്കേണ്ടി വരുന്നു എന്ന സത്യം ഷേർളി പിന്നീടാണ് ഉൾക്കൊള്ളുന്നത്. സമൂഹത്തിൽ പ്രധാനമായി കാണുന്ന മൂന്നു മത ങ്ങളെ പ്രതിനിധീകരിക്കുന്നു, ഷേർളി, ഹരി, മുഹമ്മദ് എന്നിവർ. ഇവരെ കൂടാതെ ഹരിയുടെ അമ്മ, ഷേർളിയുടെ അപ്പനും അമ്മച്ചിയും, ചേച്ചി എന്നിവരുടെ സാന്നിദ്ധ്യവും കഥയിലുണ്ട്. മതത്തെ സംബന്ധിച്ച കഥാകാരി യുടെ നിലപാടുകൾ പ്രമേയ ത്തിന്റെ പ്രധാന ഘടകമായി മാറു ന്നു.

രണ്ടുതരം ദൈവശാസ്ത്ര ങ്ങൾക്കിടയിൽ- അടിയുറച്ചു പോയ ക്രിസ്തു മത ബോധ വും- ഏച്ചുകെട്ടലായനുഭ വപ്പെടുന്ന ഹിന്ദുമത വിശ്വാസങ്ങളും- അവളെ സംഘർഷത്തി ലാക്കുന്നു. ഷേർളിക്ക് ഒരി ക്കലും സീതയാകാനാ വില്ല. വെറും ബാഹ്യമായ മാറ്റം മാത്രമേ ഇവിടെ സംഭവിക്കുന്നു ള്ളൂ. ത്രേതായുഗത്തിലെ സ്ത്രീസ്വത്വത്തിന് സംഭവിച്ച അനുഭവങ്ങൾ മറ്റൊരു വിധത്തിൽ ഷേർളിയിലും സംഭവിക്കുന്നതു കൊണ്ടു തന്നെ സീത എന്ന നാമകരണം കഥാകൃത്ത് ബോധ പൂർവ്വം സ്വീകരിച്ചതായിരിക്കും. സ്ത്രീ സാമൂഹിക ചിട്ടവട്ട ങ്ങൾക്കുള്ളിലും മതക്രമത്തിന്റെ ചട്ടക്കൂട്ടിലും ഒതുങ്ങേണ്ടവള ല്ലെന്നും അവൾ ശീലിച്ചതായ ജീവിതക്രമം സാഹ ചര്യങ്ങൾക്കനുസൃതമായി പരി വർത്തനം നടത്തുമ്പോൾ അവ ളിലെ സ്വാതന്ത്ര്യം ബന്ധിക്കപ്പെ ടുന്നു എന്നതും ആ സമ്മർദ്ദം അവളെ ബാധിക്കുന്നതെങ്ങനെ യെന്നതുമാണ് ഇതിലെ ആശയത ലം.

സ്നേഹിച്ച പുരുഷനെ വിവാഹം കഴിയ്ക്കാൻ വേണ്ടി മതം മാറി മറ്റൊരു പേരു സ്വീകരിച്ചു അവരുടെ ആചാര വിശ്വാസങ്ങൾ നിർബന്ധപൂർവ്വം സ്വീകരിക്കേണ്ടി വന്ന ഒരു സ്ത്രീയുടെ ആത്മസംഘർഷങ്ങളുടെ സമ്മർദ്ദങ്ങളുടെ കഥയാണിത്. അവളെ ബാധിച്ച അസ്വാതന്ത്ര്യങ്ങളെ, അസ്വസ്ഥതകളെ, രോഗാവസ്ഥകളെ തരണം ചെയ്യാനുള്ള പോംവഴി ഇതിഹാസ സന്ദർഭവുമായി ബന്ധിപ്പിച്ചാണ് കഥാകാരി ആവിഷ്ക്കരിക്കുന്നത്. ഒടുവിലവൾ തന്റെമേൽ വന്നു വീഴുന്ന സർവ്വ നിബന്ധനകളെയും വലിച്ചെറിഞ്ഞുകൊണ്ട് തന്റെ തൊണ്ടയിൽ കുടുങ്ങി നിന്ന ഉഭയ വ്യക്തിത്വത്തിന്റേതായ അസ്വസ്ഥതയിൽ നിന്ന് കാറിയെടുത്ത ഒരു കഫക്കട്ട ഭൂമിയുടെ വിള്ളലിലേക്ക് കാർക്കിച്ച് തുപ്പുന്നു. രാമായണത്തിലെ സീത ഭൂമിയുടെ പിളർപ്പിലേക്ക് അന്തർദ്ധാനം ചെയ്തെങ്കിൽ സിതാരയുടെ ഷെർളി എന്ന സീത, പുരുഷനും മതവും ചേർന്ന് തന്റെ മേൽ അടിച്ചേൽപിക്കുന്ന ചിന്തകൾക്കുമേൽ കാർക്കിച്ച് തുപ്പി സ്വതന്ത്രയാകുന്നതായാണ് കാണാൻ കഴിയുന്നത്. സ്ത്രീ അവൾ നേരിടുന്ന അധിനിവേശങ്ങളിൽ നിന്ന് നേടിയെടുക്കുന്ന സ്വാതന്ത്ര്യത്തിന്റെ ചിത്രമാണ് ഇവിടെ കാണാനാവുക. സീതയെപ്പോലെ എല്ലാം സഹിച്ച് ത്യജിച്ച് ഭൂമി പിളർന്ന് പോകാൻ സിതാരയുടെ ഷേർളി തയ്യാറല്ല. ഉറച്ച സ്ഥൈര്യത്തോടെ സ്വന്തം ജീവിതം തന്റെ കൈകളിൽ സുഭദ്രമാണ് എന്നും അത് തന്റെ ഇഷ്ടപ്രകാരം ജീവിക്കാനുള്ളതാണെന്നും സിതാരയുടെ ഷേർളി എന്ന സീത നമ്മെ ബോധ്യപ്പെടുത്തുന്നു. ●

---

*പേജ് 17 തുടർച്ച*

ണ്ടാണ് ഏറ്റവും വലിയ സ്ത്രീ വോട്ടർമാരുള്ള നാട്ടിൽ പാർട്ടികളിലും നിയമനിർമാണ സഭകളിലും വനിതാപ്രാതിനിധ്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങളെക്കാൾ നാം പിന്നാക്കം പോയത്. വനിതാ ബില്ല് അവതരിപ്പിക്കാൻ കഴിയാതെയാണ് ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ പതിനഞ്ചാം പാർലമെന്റ് പിരിഞ്ഞത്.

7. ഡൽഹി പീഡനത്തിനിരയായി മരിച്ച പെൺകുട്ടിക്ക് നീതി ലഭിച്ചു എന്നത് നേരാണ് പക്ഷേ സൂര്യനെല്ലി, വിതുര, ഐസ്ക്രീം, കവിയൂർ ... ഈ പട്ടിക ഇപ്പോൾ നിലമ്പൂരിലെത്തിനിൽക്കുകയാണ്. പക്ഷേ പ്രതികളാരും ശിക്ഷിക്കപ്പെടുന്നില്ല. കാരണം, പ്രതികൾ രാഷ്ട്രീയ നേതാക്കന്മാരോ അതിന്റെ പിൻബലമുള്ളവരോ ആണ്. നിയമത്തിന്റെ കുറവല്ല, അത് നടപ്പിലാക്കാൻ കഴിയാത്ത അധികാരിവർഗമാണ് പെണ്ണിന്റെ ശാപം. പീഡനത്തിനിരയായി മരിച്ചുവീഴുന്ന പെണ്ണിനു വേണ്ടി 25പൈസയുടെ മെഴുകുതിരികത്തിക്കുകയല്ല നാം ചെയ്യേണ്ടത്. കുറ്റമാരോപിക്കപ്പെട്ടവൻ എത്ര ഉന്നതനായാലും അവനെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയാണ് വേണ്ടത്. മതജാതി വർഗ രാഷ്ട്രീയ പക്ഷപാതമില്ലാതെ ഇത്തരക്കാരെ മാറ്റി നിർത്താൻ സ്ത്രീ സമൂഹം ജാഗ്രത പാലിക്കണം. ●





നിഷ്സ

**തലവേദനയും** ജലദോഷവും ഇന്നലത്തെ പോലെ ഇന്നും ഉറക്കം കളയുന്നിടത്തേക്ക് തന്നെ. ആരെയൊക്കെയോ പ്രാകിപ്പറഞ്ഞു കൊണ്ട് ആയിഷൂട്ടി എഴുന്നേറ്റിരിപ്പായി. ശ്വാസം ആഞ്ഞൊന്ന് വലിക്കാൻ ശ്രമിച്ചു. മൂക്ക് അടഞ്ഞിരിക്കയാണ്. ഇന്നലെ മൂക്കിന്റെ ഒരു ദ്വാരമെങ്കിലും തുറന്നുകിടപ്പുണ്ടായിരുന്നു. ഇന്നിപ്പോ അതുമില്ല. ഉമ്മയും അനിയനും അപ്പുറത്തെ കട്ടിലിൽ കിടന്ന് സുഖമായി കൂർക്കം വലിച്ചുറങ്ങുന്നു.

ആയിഷു കട്ടിലിൽ നിന്നെഴുന്നേറ്റ് തറയിലെ തണുപ്പിൽ ഇരുന്നു. ചൂടെടുത്തിട്ട് വയ്യ. ഇട്ടിരുന്ന സിൽക്കുടുപ്പും തട്ടവും അഴിച്ചുമാറ്റി. കഴിഞ്ഞ പെരുന്നാളിന് ഉപ്പവാങ്ങിത്തന്നതായിരുന്നു ആ ഉടുപ്പ്. ഉപ്പയോടുള്ള സ്നേഹം കൊണ്ടാണ് താൻ ഇടക്കിടെ അതിടുന്നത്. ഉടുപ്പഴിച്ചു മാറ്റിയപ്പോ എന്തെന്നില്ലാത്ത ആശ്വാസം. ആയിഷു സിമന്റുതറയിൽ അമർന്ന് കിടന്നു. വിയർപ്പ് ശരീരത്തേയും തറയേയും കൂട്ടിയൊട്ടിച്ചു. തന്റെ ശരീരത്തിലെ ചൂടു മുഴുവൻ ഭൂമിയിലേക്കൊഴുകിപ്പോയ ആയിഷൂട്ടി മെല്ലെചിരിച്ചു. കൈകകൾ കാർമേഘം പോലുള്ള മുടിയിഴകളെ വിതിർത്തു.

"എന്തൊരു ഉള്ളാ അന്റെ മുടിയ്ക്ക്" ശമീമതാത്ത എപ്പോഴും അസൂയയോടെ പറയും. അതുകൊണ്ട് തന്നെ തല എളുപ്പം വിയർക്കും.

# ഇത്തിരി കാറ്റും വെളിച്ചവും...



എന്നാലും സാരല്യ പെണ്ണുങ്ങക്ക് മുടി അഴകാണെന്ന് ഉപ്പ എപ്പോഴും പറയാറുണ്ടല്ലോ. അതോർത്തപ്പോ ആയിഷൂട്ടിക്ക് എന്തെന്നില്ലാത്ത ആനന്ദം, മെല്ലെ മിഴികളടച്ചു അവൾ...

ഇടയിലെപ്പോഴോ, അവളുടെ കുഞ്ഞു മേനിക്കിരുവശവും വെളുത്തചിറകുകൾ മുളച്ചു. അവളങ്ങനെ കാറ്റിനൊപ്പം മുകളിലേക്ക് പറന്നു. കാറ്റിൽ പാറിപ്പറന്ന മുടിയിഴകൾ മേനിയിൽ തൊട്ടപ്പോൾ ആയിഷൂട്ടിക്ക് ഇക്കിളിയായ്. അവൾ കുടുകുടെ ചിരിച്ചുകൊണ്ടിരുന്നു. എങ്ങുനിന്നോ വന്ന സുഗന്ധമുള്ള വായു അവളുടെ മനസ്സിനെ കുളിർപ്പിച്ചു.

രാവിലെ ഒരട്ടഹാസം കേട്ടാണ് ആയിഷു കണ്ണുതുറന്നത്. തനിക്ക് ചുറ്റും

ഉമ്മയും, താത്തയും വല്ല്യുമ്മയും ഒക്കെ നിൽക്കുന്നു.

“....എന്താ?”

ആയിഷു തെല്ലദ്ഭുതത്തോടെ എണീറ്റിരുന്നു. ഉമ്മ അവളുടെ മുടിക്ക് കുത്തിപ്പിടിച്ചു.

“പോത്തുപോലെ വളർന്നിട്ട് ഔറത്ത് മറക്കാതെ കിടന്നുറങ്ങുകയോ?”

അപ്പോഴാണ് ആയിഷുവിന് സ്ഥലകാലബോധമുണ്ടായത്.

“ഉമ്മാ ഞാൻ ജലദോഷം വന്നിട്ട്, ചൂടെടുത്തിട്ട്...”

മുഴുവൻ പറയാൻ സമ്മതിക്കാതെ ഉമ്മ അവളെ പിടിച്ചൊരു തള്ള്....

“ഓളെയങ്ങനെ കാട്ടല്ലേ ചെറ്യോളെ, വയ്യാഞ്ഞിട്ടല്ലേ ഓള്...” വല്ല്യുമ്മ പറഞ്ഞു നോക്കി.

“ങ്ങള് ഓളെ ഭാഗം പറയണ്ട, ഇത് എത്രാമത്തെ പ്രാവശ്യാ ചൂടാണെന്നും പറഞ്ഞ് ഓള് ഉടുതുണിയില്ല്യാണ്ട കെടക്കണത്. ഒന്നൂല്യെ രണ്ടാണ്ങ്ങള്ള്ള പൊരയല്ലേ ഇത്.”

ഉമ്മയുടെ അരിശത്തിനുമുന്നിൽ തളർന്ന് വല്ല്യുമ്മ കട്ടിലിലിരുന്നു.

ആയിഷു കരഞ്ഞുകൊണ്ട് ഉടുപ്പെടുത്ത് ധരിച്ചു. കട്ടിലിൽ കിടന്ന തട്ടമെടുത്ത് തലയിൽ ചുറ്റിക്കെട്ടി. അമർത്തിച്ചവിട്ടി കുളിമുറിയിലേക്ക് പോയി.

കയ്യും മുഖവും കഴുകി തിരിച്ചുവരുമ്പോൾ തെക്കെ മുറിയിൽ കിടന്നുറങ്ങുന്ന ബാപ്പുട്ടിക്കായെ നോക്കി. അരയിൽ ചുരുണ്ടുകിടക്കുന്ന കള്ളിമുണ്ട് മാത്രമാണ് വേഷം. തന്നേക്കാൾ ഒരു വയസ്സേ അവനു കൂടുതലുള്ളു. താൻ ഏഴിലും അവൻ എട്ടിലും ആയിഷു ധൈര്യം സംഭരിച്ച് ഉമ്മയുടെ അടുത്തെത്തി.

“ഇക്കാക്ക ഉടുതുണില്ല്യാണ്ടെ കെടക്ക്ണത് ഉമ്മ കാണിണ്ല്യ. ഇന്നെ മാത്രം ന്താ ഇത്ര ചീത്തപറയാൻ?”

ഉമ്മ അടുപ്പിന്റെ ചോട്ടീന്ന് ഒരു വിറകുകൊള്ളിയെടുത്ത് അടിക്കാനോങ്ങി.



“പറയെടീ, ഓന് തലേം മൊലേം ഒക്കെ വളര്ണ്ണ്ടോ? ന്നേക്കൊണ്ടൊന്നും പറയിക്കണ്ട.”

സ്കൂളിൽ പോകാനായി യൂണിഫോം മാറുന്നതിനിടെ ആയിഷു തന്റെ ശരീരത്തിലേക്കൊന്ന് നോക്കി. ഉമ്മ പറയുന്നത് നേരു തന്നെ. തനിക്ക് തല മുടീം മൊലേമൊക്കെ വളര്ന്ന്ണ്ട്. ഇതൊന്നും ഇല്യാർന്നേൽ എത്ര നന്നായിരുന്നു. തന്റെ ഉടലിനും ഒരിത്തിരി കാറ്റും വെളിച്ചവും കിട്ടിയാർന്നു....

സ്കൂൾവിട്ട് വരുന്ന വഴി ആയിഷൂട്ടി ഇത്താത്തക്കൊപ്പം നടക്കാറില്ല. കാരണം ഇത്താത്ത തന്നെ ഇടം വലം തിരിയാൻ വിടൂല. പാടവരമ്പത്തു കൂടി കാറ്റിനോടും ഇലകളോടും പൂക്കളോടുമൊക്കെ കിന്നാരം പറഞ്ഞ് നടക്കാനാണ് ആയിഷൂട്ടിക്കിഷ്ടം. അതൊന്നും ഇത്താത്തക്ക് പിടിക്കൂല. എന്തിന് ആ ആനപ്പാറേടെ മുകളിലൊരിത്തിരി നേരം ഇരിക്കാമെന്ന് പറഞ്ഞാൽ പോലും ഓര് കേൾക്കൂല. തട്ടമൊന്ന് തലയിൽ നിന്ന് മാറിപ്പോയാല്, അപ്പറത്തെ മുനവ്വറലീനോട് ഒന്ന് വർത്താനം പറഞ്ഞാല് ഒക്കെ പൊരേൽ പോയി പറഞ്ഞുകൊടുക്കും. അതുകൊണ്ട് തന്നെ ഇത്താത്തയൊക്കെ നടന്ന് കുറെ ദൂരമെത്തിയെന്നുറപ്പായിട്ടേ ആയിഷു സ്കൂളീന്നെറങ്ങാറുള്ളൂ. പിന്നെ ആടിപ്പാടിയൊരു നടത്തമാണ്. കൂടെ ചിലപ്പോ അടുത്ത വീട്ടിലെ റംലയുമുണ്ടാകും. രണ്ടുപേരും കൂടിയാൽ പിന്നെ ആട്ടവും പാട്ടും ചിരിയും കളിയും തന്നെ. ആയിഷു ശമീമതാത്തയുടെ മുടിഞ്ഞ അനുസരണയെ കളിയാക്കുമ്പോൾ റംല പറയും.

“ഓരെ വിചാരം ഓര് ഖുറാന്റെ നടുപ്പേജാന്നാ. മിണ്ടാപൂച്ചയാ....” കുഞ്ഞു വായിലെ വലിയ വർത്തമാനങ്ങൾക്ക് അവരധികവും തെരഞ്ഞെടുക്കാറുള്ള സ്ഥലം ആനപ്പാറയാണ്. ചുറ്റുവട്ടത്തൊന്നും ആരുമില്ലെങ്കിൽ രണ്ടുപേരും മക്ക

സ്കൂൾവിട്ട് വരുന്ന വഴി ആയിഷൂട്ടി ഇത്താത്തക്കൊപ്പം നടക്കാറില്ല. കാരണം ഇത്താത്ത തന്നെ ഇടം വലം തിരിയാൻ വിടൂല. പാടവരമ്പത്തു കൂടി കാറ്റിനോടും ഇലകളോടും പൂക്കളോടുമൊക്കെ കിന്നാരം പറഞ്ഞ് നടക്കാനാണ് ആയിഷൂട്ടിക്കിഷ്ടം. അതൊന്നും ഇത്താത്തക്ക് പിടിക്കൂല.

നയൊക്കെ അഴിച്ചിട്ട് കാറ്റു കൊണ്ട് തല തണുപ്പിക്കും. പ്രശ്നങ്ങൾ പരസ്പരം പങ്കുവെക്കും. ആയിഷു തന്റെ ഇപ്പോഴത്തെ വിഷമം റംലക്ക് മുൻപിൽ അവതരിപ്പിച്ചു.

"ഈ ചൂട്കാലത്ത് തട്ടത്തിലിങ്ങനെ തലപൊതിഞ്ഞ് വെച്ചിട്ടേ, നിക്ക് ജലദോഷാ റംലാ. തലയിങ്ങനെ വിയർത്ത് വിങ്ങി ആവി പറക്കണ പോലെ തോന്നാ... രാത്രി ഒറങ്ങാ പറ്റണില്യ. ഇനീപ്പം ഇത്തിരി കാറ്റ് കിട്ടാൻ ന്താ ചെയ്യാ..."

റംല പ്രശ്നത്തെ വളരെ ഗൗരവമായിത്തന്നെ കണ്ടതായി തോന്നുന്നു. "തട്ടമൊഴിവാക്കാൻ എന്തായാലും പറ്റില്ല, അത് പടച്ചോൻ ഭാഗത്ത് നിന്ന് വല്യ തെറ്റ്. സ്വർഗം കിട്ടില്ല. മുടി മൊട്ടയടിക്കാനും പറ്റില്ല. മൊഞ്ച് കുറഞ്ഞാലെ നല്ല പുയ്യാപ്ലനെ കിട്ടില്ല. ഇനീപ്പൊ എന്തുചെയ്യും." റംല കണ്ണുകളടച്ച് ചിന്തയിലാണ്ടു ആയിഷൂട്ടിയും ചിന്തിച്ചു. തന്റെ ജീവിതത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച്, ഒന്ന് തീർച്ചയായും എല്ലാ മുസൽമാൻമാരെയും പോലെ സ്വർഗം തന്നെ. രണ്ടാമത്തേത് എല്ലാ പെണ്ണുങ്ങളേയും പോലെ മൊഞ്ചുള്ള പുയ്യാപ്ലനെ കല്യാണം കഴിക്കുക. എന്തിനാണെന്നൊന്നും ആയിഷൂനറിയില്ല. തന്റെ ജീവിതത്തിന്റെ ലക്ഷ്യങ്ങളെ തീരുമാനിച്ചതാരാണെന്നും അറിയില്ല.

ആയിഷൂവിന്റെ സങ്കടങ്ങൾക്ക് എന്തെങ്കിലുമൊരാശ്വാസം കൊടുക്കാനായി റംല പറഞ്ഞുതുടങ്ങി.

"നല്ല ആളുകളെ പടച്ചോന് വല്യ ഇഷ്ടാന്നാ ന്റെ ഉമ്മ പറയാറ്. കഷ്ടപ്പെട്ണോര് കരളുരുകി കരഞ്ഞാ മൂപ്പര് മുന്നീ വന്ന് സമാധാനം ണ്ടാക്കിക്കൊടുക്കും. പക്ഷേ മുന്നീവന്നാലും കാണൂല്ല, ന്നാ പറയണത് കേക്കാം. ന്റെ ഉമ്മാന്റെ മുന്നീ വന്ന്ട്ട്ണ്ട്ത്രെ. അസൂയക്കാര് പറേണത് ഉമ്മാക്ക് ജിന്ന് കൂടിതാന്നാ. അതൊന്നും അല്ലാട്ടോ. ന്റെ ഉമ്മാ പടച്ചോനോട് വർത്താനം പറഞ്ഞേന്റന്ന് മുതലാ ഞങ്ങളോടെ മൊയ്ല്യാരെ ചെലവ് മാസത്തിലൊരിക്കലാക്കീത്. അല്ലെങ്കി ഒന്നരാടം മൊയ്ല്യാർക്ക് തിന്നാന്ണ്ടാക്കി ന്റെ മ്മാക്ക് ഒരൊഴിവൂല്യായ്ന്. അന്ന് പടച്ചോൻ മ്മാനോട് പറഞ്ഞതെന്താന്നറിയോ? മൊയ്ല്യാമാരും ഞമ്മളെപ്പോലുള്ള മനുഷ്യരാണ്, ഓര്ക്കും ചോരേം നീരുംണ്ട്. ഓർക്കുള്ളത് ഓര് വെച്ച്ണ്ടാക്കിത്തിന്നോട്ടെ. കദീജ അതിനും വേണ്ടി നടുവൊടിക്കണ്ടാന്ന്. അധ്വാനിച്ച് തിന്ന്ണോനാ നല്ല മുസൽമാന്ന് പടച്ചോന് ബുദ്ധീണ്ട്. അതോണ്ട്പ്പം ന്റെ ഉമ്മാക്ക് സുഖായി, ഉപ്പാക്ക് കാശും ലാഭം."

ആയിഷു എന്തോ മനസിലുറപ്പിച്ച് എഴുന്നേറ്റ് നടന്നു.

രാത്രി എല്ലാവരും ഉറങ്ങിയെന്നുറപ്പായപ്പോൾ ആയിഷു വല്യുപ്പയുടെ മുറിയിൽ കയറി. വല്യുപ്പ മരിച്ച ശേഷം പഴയ ചില സാധനങ്ങളൊക്കെ വലിച്ചിട്ടിരിക്കുകയാണവിടെ. ലൈറ്റിട്ടതിന് ശേഷം പൊട്ടിപ്പൊളിഞ്ഞ കസേരയൊന്നിൽ ഇരിപ്പുറപ്പിച്ചു. കണ്ണുകളടച്ച് കൈകൾ മുകളിലോട്ടുയർത്തി പ്രാർത്ഥിച്ചു.

"എന്നെ ഈ വേനൽക്കാലത്തിന്റെ വിങ്ങലിൽ നിന്നു നീ രക്ഷിക്കണേ..." തന്റെ പ്രശ്നങ്ങളോരോന്നായി എണ്ണിയെണ്ണിപ്പറഞ്ഞ് ഏങ്ങിക്കരഞ്ഞു. പെട്ടെന്ന് തനിക്കടുത്ത് നിന്ന് "ആയിഷൂ" എന്ന സ്നേഹത്തോടെയൊരു വിളി കേട്ടു ഭയപ്പാടോടെ നിന്ന ആയിഷു ഇങ്ങനെ ചിലത് കേട്ടു.

"പേടിക്കരുത്, ഞാൻ നിന്റെ ദൈവമാണ്. ഞാൻ സ്നേഹമാണിഷ്ടപ്പെടുന്നത്."

"പക്ഷേ, പടച്ചോനെ പേടിക്കണമെന്നാണല്ലോ, മദ്രസ്സയിലെ ഉസ്താദുമാരും വീട്ടീന്ന് ഉമ്മയും പറഞ്ഞുതന്നത്." ആയിഷു ഒരു വിധം പറഞ്ഞൊപ്പിച്ചു.

"പേടിക്കുന്ന ഒന്നിനേയും നിനക്ക് സ്നേഹിക്കാനാവില്ല, പാമ്പിനെ, സിംഹത്തെ... ഒക്കെയല്ലേ പേടിക്കേണ്ടത്. ഞാൻ നിന്റെ ദൈവം. സ്നേഹമാണ് ഇഷ്ടപ്പെടുന്നത്."

"പേടിക്കുന്ന ഒന്നിനേയും നിനക്ക് സ്നേഹിക്കാനാവില്ല, പാമ്പിനെ സിംഹത്തെ... ഒക്കെയല്ലേ പേടിക്കേണ്ടത്. ഞാൻ നിന്റെ ദൈവം. സ്നേഹമാണ് ഇഷ്ടപ്പെടുന്നത്."

"ഞാൻ ചില നിയമങ്ങൾ വെച്ചത് എന്റെ സൃഷ്ടികളുടെ നന്മക്കാണ്. ശരീരമൊക്കെ തുണിയിൽ പൊതിഞ്ഞുവെച്ചാൽ നിങ്ങൾ സുരക്ഷിതരാണ്, മുറിവേൽക്കില്ല, തണുപ്പും പൊടിയുമേൽക്കില്ല... ഇനി ഈ ഉത്തരീയം ആയിഷുവിനെ ശ്വാസം മുട്ടിക്കുന്നുവെങ്കിൽ, ഇത്തിരി കാറ്റും വെളിച്ചവും നീയുമാഗ്രഹിക്കുന്നുവെങ്കിൽ തീർച്ചയായും നിനക്കിതാ ഞാൻ ആശ്വാസം അനുവദിച്ചിരിക്കുന്നു. തീർച്ചയായും ഞാൻ വസ്ത്രങ്ങളിലേക്കല്ല ഹൃദയങ്ങളിലേക്കാണ് നോക്കുന്നത്."

ഉമ്മ അടുക്കളയിൽ പരക്കം പായുന്നതിനിടയിലാണ് ബാഗുപുറത്തിട്ട് ആയിഷു സ്കൂളിലേക്കിറങ്ങിയത്. തിരക്കിനിടയിലും ഉമ്മയത് ശ്രദ്ധിച്ചു. ആയിഷു മക്കനക്കുപകരം കഴുത്തിലൂടെ ഒരു ഷാൾ ഇട്ടിരിക്കുന്നു.

"മക്കന ഇടാതെ എവിടെ പോകുന്നു?" ഉമ്മ രൂക്ഷമായൊന്നു നോക്കി.

"ഇന്നു മുതൽ മഴക്കാലം വരി ന്നിടം വരെ ഞാനിങ്ങനെയേ പോകൂ. തല വിങ്ങിയാലേ എനിക്ക് ജലദോഷം വരും. പടച്ചോൻ തന്യാ പറഞ്ഞത് ഇങ്ങനെ പോയാ മതീന്ന്. മാന്യ മായിട്ട് വസ്ത്രം ധരിച്ചാമതീന്ന്.

"യാ അള്ളാഹ് ഈ പെണ്ണി തെന്തൊക്കെയാണ് പറയുന്നത്. അടുക്കളേടെ ചൂടിലും തല യൊക്കെ മറച്ച് ഞാൻ നിക്കണ കാണ്ണ്ല്യ നിയ്. തല മറക്കാതെ ഇവിടെയിങ്ങനെ നിന്നാല്, പെട്ടെ ന്നാരന്യപുരുഷൻ കേറി വന്നാല് ഞമ്മള തലമുടി കണ്ട ഓന്റെ കണ്ണും കൂടി നരകത്തിലാ വും. ഓര് നരകത്തിലാ വാണ്ടെ നോക്കണ്ടത് ഞമ്മള് പെണ്ണുങ്ങള ല്ലെ." ആയിഷു വിന്റെ കരച്ചിലിനെ വകവെക്കാതെ ഉമ്മ മക്കനയിൽ അവളുടെ തലയെ കെട്ടിപൊതിഞ്ഞു.

അടുക്കളയുടെ ചൂടിനൊപ്പം വേവുന്ന ഉമ്മ ആയിഷുവിനൊന്നും സഹനത്തിന്റെ പ്രതീകമാണ് ആയിഷു എതിർത്തൊന്നും പറ ഞ്ഞില്ല. എല്ലാം നന്മയ്ക്കാണെ ന്നോർത്ത് തന്റെ തലയുടെ കാല ക്കേടിനെ പഴിച്ചു.

അന്നുരാത്രിയിൽ ആയിഷു ദൈവത്തിനു മുന്നിൽ പിണക്കം നടിച്ചു. ജനാലക്കിലിരുന്ന കത്രിക യെടുത്ത് കാർമേഘം പോലുള്ള തന്റെ മുടി ആവും വിധം വെട്ടിയ രിഞ്ഞ് താഴെയിട്ടു.

സ്കൂൾ വിട്ട് വരും വഴി റംല യോടാണ് തല മൊട്ടയടിച്ച വിവരം പറഞ്ഞത്.

"ഞാൻ മൊഞ്ചുള്ള പു യ്യാപ്ലാനെ വേണ്ടാന്ന് വെച്ചു. തത്കാലം എനിക്ക് സുഖമായി ട്ടൊന്നൊറങ്ങിയാ മതി."

"എന്തായാലും വെട്ടിയിട്ട മുടി യൊക്കെ എടുത്ത് കുഴിച്ചിട്ടേക്ക്. അല്ലെങ്കി ഞമ്മളാൾക്കാര് അതി നും വേണ്ടി പള്ളിണ്ടാക്കും." റംല ചിരിച്ചു.

അന്ന് രാത്രി ആയിഷുവിന്റെ ഞരക്കവും മൂളലും കേട്ട് ഉമ്മ എഴുന്നേറ്റു. ഇരുട്ടിൽ തപ്പിത്ത ടഞ്ഞ് ലൈറ്റിട്ടു. ആയിഷുവിന് പൊള്ളുന്ന പനി. ഉമ്മ ആയിഷു വിന്റെ തലക്കൽ ഇരുന്നു. തല യിൽ ഇറുകി കിടന്ന തട്ടം അഴിച്ചു. ആയിഷുവിന്റെ മുടിയി ല്ലാത്ത തലകണ്ട് ഉമ്മയൊന്ന് ഞെട്ടി. ഉമ്മ ഒരു ഗ്ലാസ് വെള്ളം ആയിഷുവിന് നീട്ടി.

"വെള്ളമല്ല, കാറ്റും വെളിച്ചവു മാണ് വേണ്ടത്." ആയിഷു പിറു പിറുത്തു. ഉപ്പ അയൽപ ക്കത്തെ

"മുടിവെട്ടിയരിഞ്ഞ് പുതിയാ പ്ലേനെ വേണ്ട്ന്ന്വെച്ച പോലെ കുറച്ച് കാലം കഴിയുമ്പോൾ തട്ടം ഊരിയെറിഞ്ഞ് നിന്നേം നിന്റെ സ്വർഗ്ഗത്തേം വേണ്ടാന്ന് വെക്കും ഞാൻ..." ആയിഷൂട്ടി ദൈവത്തെ ഭീഷണിപ്പെടുത്തി.

ആലി മുസ്ലിയാരുടെ വീട്ടിൽ പോയി മന്ത്രിച്ചോതിയ വെള്ളവും ചില ദിക്റുകൾ എഴുതിയ കടലാ സ്സുമായി ഓടിയെത്തി."

"ഇതാ മുസ്ലിയാർ മന്ത്രിച്ചോ തിയ വെള്ളം. കുടിച്ചാൽ എളുപ്പം അസുഖം മാറും."

"മൊയ്ലിയാര് തുപ്പിയ വെള്ളം നിക്ക് ബേണ്ട."

ആയിഷു മുഖം തിരിച്ചു. ഉമ്മ ദിക്റുകൾ ഓതി ആയിഷുവിന്റെ തലയിൽ ഊതിക്കൊണ്ടിരുന്നു. ഉമ്മയുടെ വായിൽ നിന്നുവന്ന ചൂടുകാറ്റിൽ ആയിഷു കൂടുതൽ അസ്വസ്ഥയായി. തുറന്നിട്ട ജനലി ലൂടെ അകത്തേക്ക് വരുന്ന നിലാ വിലേക്ക് മിഴികൾ തുറന്ന് ആയിഷു പ്രാർത്ഥിച്ചു.

"മുടിവെട്ടിയരിഞ്ഞ് പുതിയാ പ്ലേനെ വേണ്ട്ന്ന്വെച്ച പോലെ കുറച്ച് കാലം കഴിയുമ്പോൾ തട്ടം ഊരിയെറിഞ്ഞ് നിന്നേം നിന്റെ സ്വർഗ്ഗത്തേം വേണ്ടാന്ന് വെക്കും ഞാൻ..." ആയിഷൂട്ടി ദൈവത്തെ ഭീഷണിപ്പെടുത്തി.

തന്റെ പ്രിയപ്പെട്ട സൃഷ്ടി കൾക്ക് ആശ്വാസത്തിന്റെ ഇത്തിരി കാറ്റും വെളിച്ചവും നൽകാനാകാതെ ദൈവം നിസ്സ ഹായനായപ്പോൾ ആയിഷു തേങ്ങി. കാരണം ആയിഷുവിന്റെ ഹൃദയത്തിൽ നന്മയായി, സ്നേഹമായി ദൈവം നിറഞ്ഞു നിൽപുണ്ടായിരുന്നു. ആയിഷു മോചനമാഗ്രഹിച്ചു.

മാറ്റിയെഴുതാനാവാത്ത ഭ്രാന്തൻ നിയമങ്ങളിൽ നിന്നും പടച്ചോന്റെ പേരിൽ നുണപ റഞ്ഞു നടക്കുന്ന പടപ്പുകൾ നിറഞ്ഞു വരുന്ന ഈ കാലത്തു നിന്നും.... ആയിഷു അലറിക്കരഞ്ഞു. പ്രപഞ്ചത്തിലെ സകല അംശങ്ങളും അതുകേട്ട് ഞെട്ടി. അവ ളിൽ നിന്നിറ്റി വീണ കണ്ണീരി നൊപ്പം പ്രതിധ്വനിച്ച് തേങ്ങി. അവളുടെ ചുറ്റുമുണ്ടായിരുന്ന ഭ്രാന്തൻസമൂഹം പൊതിഞ്ഞു വെച്ച അവളുടെ തലക്കുമുകളിൽ മന്ത്രങ്ങളുരുവിട്ട് ഊതിയതല്ലാതെ അവളിലുറഞ്ഞു കൂടിയ കണ്ണീരു കണ്ടില്ല.


ബുദ്ധിയും ചിന്തയും ഉപയോ ഗിക്കാനറിയാത്ത ഒരു കൂട്ടം ഭ്രാന്തന്മാരെ സൃഷ്ടിച്ചതിൽ പരി തപിച്ച് ദൈവം അവൾക്കു നേരെ കൈകൾ നീട്ടി...

ആ കൈകൾക്കു നേരെ തന്റെ കുഞ്ഞു കരങ്ങൾ നീട്ടു മ്പോൾ ആയിഷുവിന് സന്തോ ഷമേ ഉള്ളൂ. കാരണം അവൾക്ക് രക്ഷപ്പെടണമായിരുന്നു. ഇത്തിരി കാറ്റിലേക്കും വെളിച്ചത്തിലേ ക്കും.

●

**കേസ് ഡയറി**

**സ്മിത.കെ.ബി**



# ചതിക്കപ്പെട്ട ഒരു പെൺകുട്ടിയുടെ കഥ

**ഒരു** തിങ്കളാഴ്ച ഉച്ചയോടടുത്തു അന്വേഷി ഓഫീസിലേക്ക് കുറച്ചുപേർ വന്നു. അതിലൊരാളെ പരിചയമുണ്ട്. ബാക്കി മൂന്നുപേർ തീർത്തും അപരിചിതരാണ്. പരിചയമുള്ളയാൾ വന്ന് വളരെ സ്വകാര്യമായി പറഞ്ഞു "ഒരു സഹായം ചെയ്തു തരണം, ഞങ്ങളുടെ അയൽപക്കത്തുള്ള ഒരു വീട്ടിൽ ദൂരെ നിന്നും ഒരു പെൺകുട്ടി വന്നിട്ടുണ്ട്. അവൾ കരഞ്ഞുകൊണ്ടിരിക്കുകയാണ്. വിളിച്ചിട്ട് അവൾ അന്വേഷിയിലേക്ക് വരുന്നില്ല. അവൾക്ക് ഞങ്ങളെ വിശ്വാസമില്ല." അവർ ഡയൽ ചെയ്ത നമ്പറിൽ വിളിച്ച് ഞങ്ങൾ ആ കുട്ടിയെ സമാധാനിപ്പിച്ചു. അന്വേഷിയിലേക്ക് വരാൻ പറഞ്ഞു. കോഴിക്കോട് ആ കുട്ടിക്ക് തികച്ചും അപരിചിതമായിരുന്നു. ഞങ്ങളിലൊരാൾ പോയി അവളെ കൂട്ടിക്കൊണ്ടു വന്നു. അവൾ പറഞ്ഞ കഥ തികച്ചും കരളലിയിക്കുന്നതായിരുന്നു.

ഹൈദരാബാദിൽ ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന തിരുവനന്തപുരം സ്വദേശിയായ സോന എന്ന ആ പെൺകുട്ടി അവളുടെ കഥ പറഞ്ഞു. നാട്ടിൽ നിന്നും ഹൈദരാബാദിലേക്ക് ഒരിക്കൽ അവധികഴിഞ്ഞ് പോവുകയായിരുന്നു അവൾ. എതിരെയുള്ള സീറ്റിൽ മലയാളിയായ ഒരു യുവാവായിരുന്നു. അയാൾ മിലിട്ടറി സർവ്വീസിൽ ജോലി കിട്ടി ട്രെയിനിങ്ങിനായി ഹൈദരാബാദിലേക്ക് പോവുകയാണ്. ആദ്യമായി പോവുന്നതിന്റെ അങ്കലാപ്പുണ്ട്. അവർ വളരെ വേഗം സുഹൃത്തുക്കളായി. അയാളുടെ പേര് പ്രസാദ്, സ്വദേശം കണ്ണൂർ. ആദ്യമായി ജോലി കിട്ടി പോവുകയാണ്. സ്റ്റേഷനെത്തുമ്പോൾ ഒന്നുപറഞ്ഞു തരണം. അതനുസരിച്ച് സ്റ്റേഷനെത്തിയപ്പോൾ ഉറങ്ങുകയായിരുന്ന അയാളെ അവൾ വിളിച്ചുണർത്തി. നന്ദി പറഞ്ഞുകൊണ്ട് അയാൾ നമ്പർ ചോദിച്ചു. അവൾ നമ്പർ കൊടുത്തു. അങ്ങനെ അവർ പിരിഞ്ഞു. ഫോണിലൂടെ ആ ബന്ധം വളർന്നു. സോനക്ക് ഇന്റർവ്യൂവിനു പോകാനും മറ്റു സഹായങ്ങൾക്കും പ്രസാദ് കൂടെയുണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോൾ പ്രസാദ് തനിക്ക് സോനയെ വിട്ടുപോവാൻ പറ്റില്ലെന്നു പറഞ്ഞ് വിവാഹം കഴിക്കണമെന്ന് വാശിപിടിച്ചു. അവൾ അത് സമ്മതിക്കാത്തതുകൊണ്ട് അയാൾ ആത്മഹത്യക്ക് ശ്രമിച്ചു. പിന്നീടവർ വിവാഹം കഴിച്ച് ഒന്നിച്ച് ജീവിതമാരംഭിച്ചു. വിവാഹം നിയമപരമായല്ല നടത്തിയത്. ഹോട്ടൽ മുറിയിൽ വെച്ച് കൈമുറിച്ച് രക്തതിലകം ചാർത്തിയാണ്. മൂന്നുവർഷം

അവർ ഒന്നിച്ചു ജീവിച്ചു. ഒരു ദിവസം തനിക്ക് ട്രാൻസ്ഫർ ആയെന്നും അവിടെ ചെന്നിട്ട് വിളിക്കാമെന്നും പറഞ്ഞ് പ്രസാദ് പോയി. അതിനു ശേഷം സോന വിളിച്ചപ്പോഴൊക്കെ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു. അറിയാവുന്ന സുഹൃത്തുക്കളോടൊക്കെ അന്വേഷിച്ചു. ആരും വ്യക്തമായി ഒരു വിവരവും പറഞ്ഞില്ല. അങ്ങനെയിരിക്കുമ്പോൾ ഫേയ്സ് ബുക്കിൽ ഒരു ഫോട്ടോ വന്നു. വിവാഹനിശ്ചയത്തിന് മംഗളങ്ങൾ നേർന്നുകൊണ്ട്. ആകെ തകർന്നുപോയ സോന ഫേയ്സ് ബുക്കിൽ ഫോട്ടോ ഷെയർ ചെയ്ത സുഹൃത്തിന്റെ പിന്നാലെ പോയി അന്വേഷണം തുടർന്നു. പ്രസാദിന്റെ വീട് കണ്ണൂരല്ലെന്നും കോഴിക്കോടാണെന്നും അയാളുടെ വിവാഹനിശ്ചയം കഴിഞ്ഞെന്നും മനസ്സിലായി. അഡ്രസ്സ് കണ്ടുപിടിച്ച് പ്രസാദിന്റെ വീട്ടിലെത്തിയ സോനയെ അംഗീകരിക്കാൻ അയാൾ തയ്യാറായില്ല.

അപരിചിതമായ സാഹചര്യത്തിൽ ഒറ്റപ്പെടലിന്റെ വ്യാകുലതയോടെ നിൽക്കുമ്പോഴാണ് അന്വേഷിയിൽ നിന്നു വിളിക്കുന്നതും ഓഫീസിൽ എത്താൻ ആവശ്യപ്പെടുന്നതും. മടിച്ചുമടിച്ചാണ് സോന ഓഫീസിലേക്കു വന്നത്. കൗൺസലിംഗ് ഒരു സെഷൻ കഴിഞ്ഞതോടെ അവളുടെ ഭയം മാറിക്കിട്ടി തുടർന്ന് അന്വേഷിയുടെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കാമെന്ന് സമ്മതിച്ചു. ആദ്യത്തെ ശ്രമം, പാടേ തകർന്നുപോയ സോനയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ളതായിരുന്നു. അതു വിജയിച്ചു. അടുത്തപടിയായി പ്രസാദിന്റെ വീട്ടിലേക്ക് അന്വേഷി പ്രവർത്തകർ പോയി സ്ഥിതിഗതികൾ അന്വേഷിച്ചു. അയൽപക്കക്കാരോടും സംസാരിച്ചു. പ്രസാദിനോടും ബന്ധപ്പെട്ടവരോടും ഓഫീസിൽ വരാൻ ആവശ്യപ്പെട്ടു. നിശ്ചിതദിവസം തന്നെ അവരെത്തി. അയാളുടെ വീട്ടുകാരും വല്ലാത്ത ഒരവസ്ഥയിലായിരുന്നു. സോന പറയുന്ന ഓരോ കാര്യവും പ്രസാദ് നിഷേധിച്ചു കൊണ്ടിരുന്നു. ഒരിക്കലും സോനയെ ഭാര്യയായി സ്വീകരിക്കാൻ തയ്യാറല്ലെന്നും പറഞ്ഞു. അതുകേട്ടതോടെ വീണ്ടും അവൾ വിഷാദത്തിനടിമയായി. പല തവണയായുള്ള കൗൺസലിംഗിലൂടെ അവളെ ധൈര്യവതിയാക്കി. മറ്റു വഴികളെ കുറിച്ച് പറഞ്ഞുകൊടുത്തു. സംഭവം നടന്നത് ഹൈദരബാദിലായതിനാൽ നിയമപരമായി മുന്നോട്ട് പോകുന്നതിന് ചില തടസ്സങ്ങൾ ഉണ്ടായിരുന്നു. അതിനായി ആന്ധ്രാഗവൺമെന്റിന്റെ വനിതാകമ്മീഷനിൽ അംഗമായ സുനിതാകൃഷ്ണനുമായി ബന്ധപ്പെട്ട് എല്ലാ തെളിവുകളും കണ്ടെത്താനും ശേഖരിക്കാനും അന്വേഷിക്ക് കഴിഞ്ഞു. തുടർന്ന് സോന വീണ്ടും ജോലിക്ക് പോകാൻ തുടങ്ങി. ഈ ബന്ധം കാരണം അവളെ വീട്ടുകാർ തീർത്തും ഉപേക്ഷിച്ചതായിരുന്നു. അവരുമായി സംസാരിച്ച് വീട്ടുകാരുമായുള്ള അവളുടെ ബന്ധം സുഗമമാക്കിക്കൊടുത്തു. സഹോദരൻ വന്ന് അവളെ അന്വേഷി ഷോർട്ട് സ്റ്റേഹോമിൽ നിന്ന് കൂട്ടിക്കൊണ്ടുപോയി. എന്തെങ്കിലും ബുദ്ധിമുട്ട് വന്നാൽ അന്വേഷിയിലേക്ക് വിളിക്കണമെന്നും ഒരു ഭയവും വേണ്ടെന്നും ഉറപ്പു നൽകിയാണ് സോനയെ യാത്രയാക്കിയത്. വീട്ടിലെത്തിയതിനു ശേഷം അവൾ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. കേസ് കോടതിയിലെത്തി. പ്രസാദിന് വകുപ്പുതല അന്വേഷണം വന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ അവൾ ഞങ്ങളെ അറിയിക്കാറുണ്ട്. കേസ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

ദീക്ഷ.സി

# കളിപ്പാവകൾ



**സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷത്തു നിന്നു വീക്ഷിക്കുകയും ചിന്തിക്കുകയും അവരിലൊരാളായി നിന്നു കഥ പറയുകയും ചെയ്യുന്നുവെന്നതാണ് സാറാജോസഫിന്റെ കഥകളെ സമീപിക്കുമ്പോൾ അനുഭവപ്പെടുക.**

**മലയാള** ചെറുകഥാ സാഹിത്യത്തെ ദീർഘദൂരം കൈപ്പിടിച്ച് മുന്നോട്ടു നടത്തിച്ച ശക്തമായ രണ്ടു നാരീസാന്നിധ്യങ്ങളാണ് മാധവിക്കുട്ടിയും സാറാജോസഫും. നരൻ കല്പിക്കുന്ന അതിർത്തികൾക്കും സങ്കല്പങ്ങൾക്കുമപ്പുറം സ്ത്രീമനസ്സിനും ശരീരത്തിനുമുള്ള ചോദനകളെ തന്റെ കഥകളിലൂടെ മാധവിക്കുട്ടി ആവിഷ്ക്കരിച്ചിരിക്കുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷത്തു നിന്നു വീക്ഷിക്കുകയും ചിന്തിക്കുകയും അവരിലൊരാളായി നിന്നു കഥ പറയുകയും ചെയ്യുന്നുവെന്നതാണ് സാറാജോസഫിന്റെ കഥകളെ സമീപിക്കുമ്പോൾ അനുഭവപ്പെടുക. നിലനിൽപ്പിന്റെ അടിത്തറയായ പ്രകൃതിയേയും പെണ്ണിനേയും എങ്ങനെ സംരക്ഷിണമെന്നാണ് തന്റെ 'പെണ്ണെഴുത്തിലൂടെ' അവർ സമർത്ഥിക്കുന്നത്.

പ്രമേയതലത്തിൽ സമാനത പുലർത്തുന്ന, മാധവിക്കുട്ടിയുടെ 'കല്യാണി' , സാറാജോസഫിന്റെ 'അശോക്' എന്നീ രണ്ടു ചെറുകഥകളെ താരതമ്യപഠനവിധേയമാക്കുകയാണീ പ്രബന്ധത്തിൽ.

ഈ രണ്ടു കഥകളിലേയും നായികമാർക്ക് സംഭവിക്കുന്നത് ഒരേ അവസ്ഥയാണ്. ഭർത്താവിനോടൊപ്പം കഴിഞ്ഞുകൊണ്ടിരിക്കേ അന്യപുരുഷന്റെ സ്വാർത്ഥമോഹഫലമായി ഒരു സ്ത്രീയുടെ ജീവിതം എങ്ങനെ. ദുരിതമയമായി തീരുന്നുവെന്നതാണ് കല്യാണിയിലും അശോകയിലും പറയുന്നത്. അറിയാത്ത തെറ്റിന് അവരെ ക്രൂരമായി ശിക്ഷിക്കുകയാണ്. പുരുഷൻ അടിച്ചേല്പിക്കുന്ന വി

ധി അവർ എങ്ങനെയാണ് ഉൾക്കൊള്ളുന്നതെന്നു നോക്കാം.


കല്യാണിയിലെ നായിക രാത്രിസവാരിക്കായി കാറുമായി ഇറങ്ങി തിരിച്ചതല്ല. ഭർത്താവിനെ ഓഫീസിലാക്കി വീട്ടിലേക്കു മടങ്ങിയതാണ്. തന്റെ പരിചിതമായ ചുറ്റുപാടുകൾ പെട്ടെന്ന് അപരിചിതവും അരക്ഷിതവുമായി തീരുന്നു. വഴിയിൽ പോലീസുകാർ കൈകാട്ടി വണ്ടിനിർത്തുകയും തുടർന്ന് അറസ്റ്റു ചെയ്യുകയും ചെയ്യുന്നു. പോലീസ് സ്റ്റേഷനിൽ വെച്ച് അവർ മാനസികവും ശാരീരികവുമായ പീഡനങ്ങൾക്ക് വിധേയയാവുന്നു. എന്നിരുന്നാലും അവർ പ്രതീക്ഷ കൈവെടിയാതെ ഭർത്താവിന്റെ വരവും കാത്തിരിക്കുന്നു. പക്ഷേ അവസാനം ഭർത്താവ് അവളെ പരസ്യമായി തള്ളിപ്പറയുകയും വേശ്യ എന്നു പ്രഖ്യാപിച്ചു കൊണ്ട് ഇറങ്ങിപ്പോവുകയും ചെയ്യുന്നു.

ഏതാനും മണിക്കൂറുകൾക്കുള്ളിൽ നടക്കുന്ന നാടകീയ സംഭവപരമ്പരകൾ ആ സ്ത്രീയുടെ ജീവിതം മാറ്റിമറിക്കുന്നു. നാം ഇന്നു കാണുന്ന സദാചാരപോലീസ് തന്നെയാണ് അവളെ ജീവിതപ്രതിസന്ധിയിലേക്ക് തള്ളിവിടുന്നത്. അതുവരെ ആ സ്ത്രീ വെച്ചുപുലർത്തിയിരുന്ന സങ്കല്പങ്ങളും വിശ്വാസങ്ങളും പാടേ തകർന്നുപോകുന്നു. സൽപ്പേര്, കുടുംബം, ദാമ്പത്യം എന്തിനേറെപ്പറയുന്നു തന്റെ പേരുവരെ യഥാർത്ഥത്തിൽ ഏതാണെന്ന് തിരിച്ചറിയാനാവാത്ത അവസ്ഥ; എല്ലാം നഷ്ടപ്പെട്ട അവസ്ഥ.

അശോകയിലും ഇതാണ് സ്ഥിതി. യുദ്ധാനന്തരം, അണ തകർത്തെത്തുന്ന വെള്ളം പോലെ ജേതാവ്. തന്നെ കാണാൻ വരുമെന്നു കരുതിയ സീതയെ തേടിയെത്തിയത് അദ്ദേഹത്തിന്റെ കല്പനയാണ്.

'മുങ്ങ്യോഴുകാലെ വരിക!' അതായത് കുളിച്ച് ഈറനോടെ വരിക; ഒരു വർഷക്കാലം അന്യന്റെ വീട്ടിൽ താമസിച്ച, അവന്റെ നോട്ടങ്ങൾ പതിച്ച ശരീരം കഴുകി. അഴുക്ക് കളഞ്ഞ് ശുദ്ധയായി വരിക!

'അസ്നാതാ ഭ്രഷ്ടുമിച്ഛാമി ഭർത്താരം' – കുളിക്കാതെ തന്നെ ഭർത്താവിനെ കാണണം– എന്ന് സീത ആഗ്രഹം പ്രകടിപ്പിച്ചു കാരണം തന്റെ ശരീരത്തിൽ ഏറ്റിരിക്കുന്നത് അപമാനത്തിന്റേയും ദുഃഖ



ത്തിന്റേയും പൊറ്റകളാണ് ഇതിൽ ഏതാണ് കഴുകി കളയുക. പക്ഷേ ജേതാവിന്റെ കല്പനയാണ് അനുസരിച്ചേ മതിയാവൂ. ഈ കഥയിലുടനീളം സീത രാമനെ ജേതാവ് എന്നുതന്നെയാണ് വിശേഷിപ്പിക്കുന്നത്.

ലങ്കയോട് ഏറ്റുമുട്ടിയത് തനിക്കും തന്റെ കുലത്തിനും ഏറ്റ അപമാനം ഇല്ലാതാക്കാൻ വേണ്ടി മാത്രമാണ് എന്നുപറഞ്ഞ രാമനെ ജേതാവായി മാത്രമേ കാണാൻ കഴിയൂ. തന്റെ അവസ്ഥയറിയേണ്ടാത്ത ദുഃഖം കാണേണ്ടാത്തയാളാണ് ഇപ്പോൾ രാമൻ. തന്നെയൊരു കുറ്റക്കാരിയെപ്പോലെ അദ്ദേഹത്തിനു മുമ്പിലേക്ക് വിളിപ്പിച്ചിരിക്കുകയാണ്. താനിപ്പോൾ അപമാനിതയും തിരസ്കരിക്കപ്പെട്ടവളുമാണ്.

രാമൻ സീതയെ നിറഞ്ഞ സഭയിൽവെച്ച് തള്ളിപറഞ്ഞു. താൻ സർവ്വസ്വമെന്നു കരുതിയതെല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതായി. അമ്മിണിമേനോനും സീതയും ഇവിടെ തുല്യദുഃഖിതകളാണ്.

**കല്യാണി–സീത ചില സമാനതകൾ**

രണ്ടുകഥകളിലും കടന്നുവരുന്ന ഒന്നാണ് സ്വപ്നം. കല്യാണി പലയാവർത്തി ചിന്തിക്കുന്നുണ്ട് ഇതൊന്നും സത്യമല്ല. ഇത് വെറുമൊരു ദുഃസ്വപ്നം മാത്രം. നാളെ രാവിലെ ഉണരുമ്പോൾ ഇതിനെപ്പറ്റി ഭർത്താവിനോടു പറയും എന്നാണ് ആ പരമസാധുവായ സ്ത്രീ ചിന്തിക്കുന്നത്, അവസാനം ഭർത്താവ് വന്നപ്പോൾ അവർ ചോദിക്കുന്നത് വന്നല്ലോ എന്നെ ക്കൊണ്ടുപ്പോകൂ' എന്നാണ് പക്ഷേ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്നുതിരക്കാൻ ഒരു ശ്രമം പോലും അയാൾ നടത്തിയില്ല.

അശോകയിൽ സീത സ്വപ്നം കാണുകയാണ്. ഭർത്താവിന്റെ രൂക്ഷവചനങ്ങൾ മുഴുവനും കേൾക്കും മുമ്പ് ഭൂമി പുത്രി 'കിഴക്കാംതൂക്കായ മലയുടെ മുകളിൽ നിന്ന് പൊടുന്നേനെ കാൽവഴുതി വീണു. അത്യഗാധതയിൽ വിരിഞ്ഞുകിടക്കുന്ന പാറക്കൂട്ടങ്ങളിൽ തട്ടിച്ചിതറും മുമ്പ്, കറുത്ത് രോമാവൃതങ്ങളായ രണ്ടു ബലിഷ്ഠകരങ്ങൾ അവളെ താങ്ങി. കടൽക്കാ

റ്റിന്റെ ഉപ്പും നനവും പേറുന്ന ശബ്ദം അവളോടു പറഞ്ഞു.

എല്ലാ ഐശ്വര്യങ്ങളും ലങ്കക്ക് അവകാശപ്പെട്ടതാണ്. ജേതാവിനാൽ വലിച്ചെറിയപ്പെട്ട മണ്ണ് ലങ്കയാണ്. സീതയും ലങ്കയും ഒന്നു തന്നെയാണ്– ഇവിടെ സി.എൻ.ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മിയിലെ സ്ത്രീജിത നല്ലാത്ത ശ്രീജിതനായ തവണനെ യാണ് കാണാൻ കഴിയുന്നത്.

ജേതാവിനാൽ കയ്യൊഴിഞ്ഞ സ്ത്രീയെ ആശ്വാസവാക്കുകളുമായി സമീപിക്കുന്നത് പരാജിതനാണ്. ഇത് സീതയുടെ ഭ്രമാത്മ കതയാണ് എന്നിരുന്നാലും പരാജിതനേ പരാജയം തിരിച്ചറിയൂ എന്ന അവസ്ഥ വ്യക്തം. ഇതേ സന്ദർഭം തന്നെ കല്യാണിയിലുമുണ്ട്. അമ്മിണിയുടെ ഭർത്താവ് മുറിവിട്ട് പോകുമ്പോൾ അയാളെ പിന്തുടരാൻ ലജ്ജകൊണ്ട് അവളുടെ മനസ്സ് അനുവദിച്ചില്ല. കാരണം അവൾ പരിപൂർണ്ണ നഗ്നയാണ്. അവൾ വേശ്യയാണെന്ന് യാതൊരുവിധ തുടരന്വേഷണങ്ങളും നടത്താതേ സാഹചര്യ തെളിവുകളാൽ അയാൾ സ്ഥാപിച്ചു കഴിഞ്ഞു. മാത്രമല്ല അയാളെ അപ്രകാരം ധരിപ്പിക്കാൻ. മുമ്പേ ഒരുക്കങ്ങൾ പലതും നടന്നിരുന്നു. 'എനിക്കു കത്തുകൾ കിട്ടിയപ്പോൾ ഞാൻ വിശ്വസിച്ചില്ല ഫോണിൽ ഇപ്പോൾ ഒരു സന്ദേശം കിട്ടിയപ്പോഴും ഞാൻ വിചാരിച്ചു വല്ലവരും കളിപ്പിക്കുകയാണെന്ന് നീ ഒരു വേശ്യയാണെന്ന് ഞാൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ' എന്നുപറയുന്നതിൽ നിന്നും വളരെ വ്യക്തമാണ് പോലീസുകാർക്ക് ആളുമാറിയതല്ലെന്ന്. അവരുടെ നിരന്തര നിരീക്ഷണത്തിനും പീഡനങ്ങൾക്കും ആ സ്ത്രീ ഇരയായിരുന്നു. അവർ വേട്ടയാടി ആ സ്ത്രീയെ കെണിയിൽ ചാടിച്ചിരിക്കുകയാണ്. ആകെ തളർന്നുപോയ അവരെയും ആശ്വസിപ്പിക്കുക എന്ന പ്രലോഭനമായെത്തുന്നത് ഇതിന്റെയെല്ലാം കാരണക്കാരനായ മനുഷ്യൻ ത

> 'ഞാൻ കല്യാണിയേയല്ല ഞാൻ അമ്മിണിയാണ്'
> നീ കല്യാണിയാണ് എന്ന് അയാൾ തറപ്പിച്ചു പറയുമ്പോൾ ഞാൻ കല്യാണിയാണോ എന്ന് ചോദിച്ച് അവൾ അസ്തപ്രജ്ഞയായി നിലംപതിക്കുകയാണ്. തന്റെ അസ്തിത്വം നഷ്ടപ്പെട്ടു.

ന്നെയാണ്.

'എന്തിനാണ് നീ കരയുന്നത്, കല്യാണീ? നിന്റെ ഭർത്താവെന്നു പറയുന്ന ആ മനുഷ്യൻ പോയതുകൊണ്ടോ! നിനക്കു ഞാനില്ലേ? എത്ര പഴകിയതാണ് നമ്മുടെ സ്നേഹബന്ധം. അതുള്ളപ്പോൾ നിനക്ക് ദുഃഖിക്കാനെന്താണ് കാരണം?

'ഞാൻ കല്യാണിയേയല്ല ഞാൻ അമ്മിണിയാണ്'

നീ കല്യാണിയാണ് എന്ന് അയാൾ തറപ്പിച്ചു പറയുമ്പോൾ ഞാൻ കല്യാണിയാണോ എന്ന് ചോദിച്ച് അവൾ അസ്തപ്രജ്ഞയായി നിലംപതിക്കുകയാണ്. തന്റെ അസ്തിത്വം നഷ്ടപ്പെട്ടു. എന്നാൽ തന്റെ പുതിയ അവസ്ഥയെ ഉൾക്കൊള്ളാനാകാതെ അവൾ അബോധാവസ്ഥയിലേക്ക് താണുപോകുന്നു.

എന്നാൽ സീതയെ നോക്കൂ. 'നിനക്ക് ലക്ഷ്മണന്റെ കൂടെയോ ഭരതന്റെ കൂടെയോ സുഗ്രീവന്റെ കൂടെയോ വിഭീഷണന്റെ കൂടെയോ കഴിയാം...' പിന്നെ മൂടുപടം മാറ്റി ജേതാവിനെ നിർന്നിമേഷം നോക്കി അയാളുടെ കൺപോളകൾ മെല്ലെ വിറക്കുന്നതും പതുക്കെ കൂമ്പുന്നതും കണ്ടു നിന്നു. പിന്നെ ശക്തമായി മുഴങ്ങുന്ന മണിനാദം പോലെ ലക്ഷ്മണനോടു പറഞ്ഞു:

' എനിക്കായി ഒരു ചിതയൊരുക്കുക'

സീത ചിതയിലേക്കു പ്രവേശിക്കാനൊരുങ്ങുമ്പോൾ മണ്ഡോദരി മാത്രം കടൽത്തീരത്ത് ബലിപിണ്ഡത്തിനായി കാവൽ നിൽക്കുന്നു.

'പാപം ആരുടേതായിരുന്നു? പ്രേമം യാചിച്ച തെറ്റിന് കീഴാള ജാതിക്കാരിയുടെ മൂക്കും ചെവിയുമറുത്തിട്ട ആര്യപൗരുഷത്തിന്റേതോ പകരം വീട്ടാൻ അവന്റെ മണ്ണിലും പെണ്ണിലും കൈവെച്ച കീഴാളനീതിയുടേതോ? പാപഫലം ആരനുഭവിക്കുന്നു

അച്ഛനില്ലാത്ത കുറേ കുഞ്ഞുങ്ങളും വിധവകളും അക്കൂട്ടത്തിൽ നിർഭാഗ്യയായ മണ്ഡോദരിയും. മണ്ഡോദരിയുടെ മംഗല്യസൂത്രം ആദ്യപൗരുഷ കോപാഗ്നി മൂലം ചിതയിലും സീതയുടേത് മനസ്സിലുമാണ് എരിഞ്ഞടങ്ങിയത്. ഫലത്തിൽ രണ്ടും തുല്യം!

സീത ജേതാവിന്റെ മുഖത്തേക്ക് തേജസ്സാർന്ന കണ്ണുകളാൽ ഒരു വട്ടം കൂടി ആഴത്തിൽ നോക്കി. അയാളുടെ സ്പർശമാത്രയിൽ മഴപെയ്തുയർന്ന ഉഴവുചാൽ പോലെ ആർദ്രവും സജ്ജവുമാകാറുള്ള ഭൂമി വറ്റി വരണ്ടത് സീത തിരിച്ചറിഞ്ഞു. ഇനിമേൽ അയാളുടെ കൈകൾ മണ്ണിൽ ഒരു പുളകവും വിതയ്ക്കുകയില്ല. ഇനിയൊരൊറ്റ ചുംബനവും മണ്ണിന്റെ സിരകളിൽ നടുക്കങ്ങളോ നടുക്കങ്ങളിൽ നിന്ന് വന്യസുഗന്ധമോ ഉണർത്തുകയില്ല. ഇനിയെക്കാലവും ഓർക്കാനുള്ളത് പകൽ വെളിച്ചത്തിൽ ജനമധ്യത്തിൽ അവനെറിഞ്ഞ പരുഷവാക്കിന്റെ കൽചീളുകൾ മാത്രം. ആളിക്കത്തുന്ന തീക്കുണ്ഡത്തിലേക്ക് പച്ചശരീരത്തോടെ നടന്നുകയറുന്ന ഈ നിമിഷത്തിന്റെ നടുക്കങ്ങൾ മാത്രം!

ഭൂമിപുത്രി വലതുകാൽവെച്ച് ചിതയിലേക്കു കയറി. ഞാൻ സീത അഗ്നിയെ ശമിപ്പിക്കാൻ കെല്

പാർന്ന മണ്ണ്! അനാദികാലമായി മണ്ണിനുമീതെ വർഷിക്കപ്പെട്ടു കൊണ്ടിരുന്ന മഴകളെ ഉദരത്തിൽ പേറുന്നവൾ. വരുംകാല മഴകളുടെ മാറ്റമില്ലാത്ത നിനവിൽ മനസ്സൂന്നിയവൾ. മഴയും വിത്തും ഏറ്റുവാങ്ങി അഗ്നിയോടു ചേർത്ത് ജീവന്റെ കളിരാർന്ന പച്ചവിരിയിക്കേണ്ടവൾ. സീതക്കു ചുറ്റും അഗ്നിയാളിപ്പടർന്നു. പിന്നെ കാച്ചിയെടുത്ത മണ്ണ് വിത്തും മഴയും കാത്ത് വിശുദ്ധമായി തെളിഞ്ഞു കിടന്നു.

കല്യാണി ബോധരഹിതയായി നിലംപതിച്ചു. എന്നാൽ സീത അഗ്നിയിലേക്ക് ധീരതയോടെ സംയമനത്തോടെ നടന്നുപോയി. ഹെൻട്രിക് ഇബ്സന്റെ 'എ ഡോൾസ് ഹൗസ്' എന്ന നാടകത്തിലെ കഥാപാത്രമായ നോറ പത്തൊൻപതാം നൂറ്റാണ്ടിൽ ഭർത്താവിന്റെ കാട്ടാളനീതിക്കുനേരെ വാതിൽ കൊട്ടിയടച്ച മുഴക്കം ഇപ്പോഴും യൂറോപ്പിൽ കേൾക്കുന്നുണ്ടെങ്കിൽ, ഇന്നും നമ്മുടെ ഓരോ അഗ്നിനാളത്തിലും പരിശുദ്ധിയുടെ പ്രതീകം വിളയാടി നിൽക്കുന്നുണ്ട്.

മണ്ണ് ഉഴുതുമറിച്ച് വിത്തു മുളപ്പിച്ച് വിളവെടുത്ത് ലാഭം കൊയ്യാൻ മാത്രമുള്ളതല്ല; അത് മനുഷ്യകുലത്തിന്റെ നിലനില്പുകൂടിയാണ്. അത് സംരക്ഷിച്ചേ പറ്റൂ. പെണ്ണും അങ്ങനെ തന്നെ. ഇത്രയും പവിത്രതയുള്ള മണ്ണ് തള്ളികളഞ്ഞ ആ കർഷകൻ തന്റെ ജീവിത സൗഭാഗ്യങ്ങളെല്ലാം അതിൽ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്. ●

**ചെറുകഥ**

സരിത കൊമ്മാടത്ത്

# അർത്ഥാന്തരന്യാസം

**അന്ന്**

ആശുപത്രിക്കിടക്കയിൽ അമ്മയുടെ ചൂടുപറ്റി പുതുലോകത്തിന്റെ അപരിചിതത്വം തിരിച്ചറിയാതെ, കരയാനൊരുങ്ങി വീണ്ടും നിദ്രയെ പുൽകി ഞാൻ കിടക്കവെ... അമ്മാവനോടൊപ്പം വന്ന അഞ്ചുവയസ്സുകാരനായ നീ കൗതുകം നിറഞ്ഞ കണ്ണുകളോടെ അരികിൽ വന്ന് മൃദുവായ എന്റെ കവിളിൽ ഉമ്മ തന്ന് എന്നെ സ്വാഗതം ചെയ്തു.

****

വിദ്യാലയത്തിന്റെ ചവിട്ടുപടിയിൽ കാൽതെന്നി വീണ് പൊട്ടിക്കരഞ്ഞതും കണ്ണീർ പുരണ്ട കവിളത്ത് സാന്ത്വനമായ് നീ മുത്തമേകി. 'ഞാനുണ്ട് കൂടെ' എന്ന ഉറപ്പുണ്ടായിരുന്നു ആ മുത്തത്തിന്.

****

കാലം എന്റെ ശരീരത്തിൽ കുങ്കുമം ചാർത്തിയപ്പോൾ അറിയാതെ തമ്മിൽ അകലം വന്ന ഒരു പകലിൽ കുളക്കടവിൽ വെച്ച് കണ്ടുമുട്ടിയപ്പോൾ പൊടിമീശക്കാരനായ നീ അപ്രതീക്ഷിതമായി ചേർത്തുപിടിച്ച് കവിളിൽ ചുംബിച്ച് 'ഞാൻ നിന്റേതാണെന്ന്' മുദ്രവെച്ചു. ആ ചുംബനത്തിന് ലജ്ജയും വികാരവും സൃഷ്ടിക്കാൻ കഴിയുമെന്ന് ഞാനറിഞ്ഞു.

****

കാലം തേർച്ചക്രമുരുട്ടി നിന്റെ വധുവായി മണിയറയിലേക്കാനയിച്ചപ്പോൾ നീ തന്ന ചുംബനങ്ങൾക്ക് കൊടുങ്കാറ്റിന്റെ കരുത്തും സ്നേഹത്തിന്റെ താരള്യവുമുണ്ടെന്ന് ഞാനറിഞ്ഞു.

****

ഇന്ന്

ഈ ആശുപത്രിക്കിടക്കയിൽ നേർത്തുവരുന്ന എന്റെ ശ്വാസഗതിക്ക് കാതോർത്ത് പ്രിയനേ... ഇതാ നീയെന്റെ ചുളിവാർന്ന കവിളുകളിൽ അവസാനമായി ചുംബിക്കുന്നു. ഈ ചുംബനത്തിന് ഇനിയും അവസാനിക്കാത്ത പ്രണയത്തിന്റെ നൈർമല്യവും വിടവാങ്ങലിന്റെ വേദനയുമുണ്ടെന്ന് ഞാനറിയുന്നു.

**രാജലക്ഷ്മി**

# അഭയം

*സമാനചിന്താഗതിക്കാരായ ഒരു കൂട്ടം സ്ത്രീകളുടെ നേതൃത്വത്തിൽ 1993ൽ രൂപം കൊണ്ട അന്വേഷി സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരായി പ്രവർത്തിച്ചു വരുന്നു. ശാരീരിക-മാനസിക പീഡനങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒരത്താണിയാണ് അന്വേഷി. ഇത്തരം അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് കൗൺസലിംഗ്, നിയമസഹായം, ഷോർട്ട് സ്റ്റേഹോം തുടങ്ങിയ സേവനങ്ങൾ അന്വേഷി വാഗ്ദാനം ചെയ്യുന്നു. 2003ലാണ് അന്വേഷി ഷോർട്ട് സ്റ്റേഹോം തുടങ്ങിയത്. ഇക്കഴിഞ്ഞ വർഷങ്ങൾക്കിടയിൽ ധാരാളം സ്ത്രീകൾക്ക് അഭയം കൊടുക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഷോർട്ട്സ്റ്റേഹോം തുടങ്ങിയ കാലം മുതൽ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. കൊല്ലം തോറം അന്തേവാസികളേയും കൊണ്ടുള്ള വീടുമാറ്റം വളരെയധികം പ്രയാസം സൃഷ്ടിക്കുന്നു. കൂടാതെ വാടകയുടെ വർദ്ധനവും വീടുകൾ കിട്ടാൻ നേരിടുന്ന ബുദ്ധിമുട്ടുകളും താങ്ങാനാവാത്ത സാഹചര്യമാണ്. ഇത്തരുണത്തിലാണ് സ്വന്തമായി ഒരു കെട്ടിടം എന്ന ആശയം ഉയർന്നുവന്നത്. 2013 ജനുവരി മുതൽ ഇതിനുവേണ്ടി പല ഗൾഫ് നാടുകളും അന്വേഷി പ്രസിഡണ്ട് അജിത സന്ദർശിക്കുകയും പല സുഹൃത്തുക്കളുടേയും മറ്റ് ഉദാരമതികളുടേയും സംഭാവനകളിലൂടെ വിരിപ്പിൽ എന്ന സ്ഥലത്ത് 8 സെന്റ് സ്ഥലം വാങ്ങി കെട്ടിടം പണി ആരംഭിച്ചിരിക്കുകയാണ്. എത്രയും വേഗം പണി പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതിനുള്ള ധനസമാഹരണത്തിനു വേണ്ടിയാണ് ഇങ്ങനെയൊരു പരിപാടി സംഘടിപ്പിച്ചത്.*




**സ്ത്രീകൾക്ക് സ്വയം അഭിമാനമുണ്ടാവണം അങ്ങനെയാകുമ്പോൾ തന്നെ ഒരു പുരുഷനും നമ്മുടെ അതിർത്തിയിലേക്ക് കടന്നുവരില്ല. നമ്മളാണ് നമ്മുടെ അതിർത്തി നിർണ്ണയിക്കുന്നത്. ഏത് പുരുഷൻ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരണമെന്നുള്ളത് നമ്മൾ തീരുമാനിക്കണം.**

**കഴിഞ്ഞ** പത്തുവർഷമായി വാടക വീടുകളിൽ കഴിഞ്ഞു വന്ന അന്വേഷി ഷോർട്ട് സ്റ്റേഹോമിന് സ്വന്തമായൊരു കെട്ടിടമുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മാർച്ച് 22ന് പാരമൗണ്ട് ടവറിൽ "അഭയം" പരിപാടി നടന്നു. മലയാളത്തിന്റെ പ്രശസ്ത നടൻ മമ്മൂട്ടിയുമൊത്ത് നടത്തിയ അത്താഴവിരുന്നിൽ ധാരാളം പേർ പങ്കെടുത്തു. പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിൽ ഇങ്ങനെയൊരു സംരംഭം ചെയ്യാമെന്ന് പറഞ്ഞപ്പോൾ തനിക്ക് ഇതിന്റെ വിജയത്തെക്കുറിച്ച് ആശങ്കയുണ്ടായിരുന്നതായി ശ്രീ മമ്മൂട്ടി പറഞ്ഞു. നമ്മൾ സമൂഹത്തിലെ വലിയ ആളുകളുമായി ഇടപെടുന്നവരാകുമ്പോൾ സമൂ



ഹത്തിലെ താഴേക്കിടയിലുള്ള ആളുകൾക്ക് വേണ്ടി പ്രവർത്തിക്കുകയും അവരുമായി ഇടപെടുകയും ചെയ്യുന്ന ഒരു സംഘടനക്ക് ഇത്രയും പണം മുടക്കി ഇങ്ങനെയൊരു പരിപാടി നടത്താൻ പറ്റുമോ എന്ന് സംശയമുണ്ടായിരുന്നു. വേറെ സംഘടനയെ ഏല്പിക്കണോയെന്ന് ചോദിച്ചപ്പോൾ അത് വേണ്ടെന്നാണ് അന്വേഷിയുടെ ഭാരവാഹികൾ പറഞ്ഞത്. സമൂഹത്തിലെ വിവേചനം അനുഭവിക്കുന്ന ആളുകൾക്ക് വേണ്ടി പ്രതികരിക്കാനും പ്രതിരോധം തീർക്കാനും ശ്രമിക്കുന്നവരുടെ ഈ ആവശ്യം പൊതുവായിട്ടുള്ളതാണെന്ന് മനസ്സിലാക്കി സഹകരിക്കാനുള്ള മനസ്ഥിതിയാണ് ഇവിടെ കാണുന്നത്.

അതിനുശേഷം സംസാരിച്ച മംമ്ത സ്ത്രീകൾ സ്വയം രക്ഷിക്കാൻ പഠിക്കണം എന്നുപറഞ്ഞു. സ്ത്രീകൾക്ക് സ്വയം അഭിമാനമുണ്ടാവണം അപ്പോൾ തന്നെ ഒരു പുരുഷനും നമ്മുടെ അതിർത്തിയിലേക്ക് കടന്നുവരില്ല. നമ്മളാണ് നമ്മുടെ അതിർത്തി നിർണ്ണയിക്കുന്നത്. ഏത് പുരുഷൻ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരണമെന്നുള്ളത് നമ്മൾ തീരുമാനിക്കണം. അതിർത്തി തീരുമാനിക്കുന്ന രീതിയിലൂടെ പല അതിക്രമങ്ങളും നിർത്താൻ കഴിയും. റെയ്പ് നിർത്താം വീട്ടിലേയും സമൂഹത്തിലേയും അതിക്രമങ്ങൾ അവസാനിപ്പിക്കാം. അങ്ങനെയുള്ള സ്ത്രീകൾക്ക് ഒരു പുതിയ കരുത്താർന്ന തലമുറയെ സൃഷ്ടിക്കാൻ കഴിയുമെന്നവർ പറഞ്ഞു.

അന്വേഷി എന്ന ഈ പ്രസ്ഥാനം ആരംഭിച്ചതു മുതൽ അതിനോട് അടുത്ത് നിൽക്കാൻ ശ്രമിച്ചിട്ടുള്ള, ഇന്നും ശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാളാണ് താൻ എന്ന് ശ്രീ.എം.ടി തന്റെ പ്രസംഗത്തിൽ പറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. നമ്മുടെ നഗരത്തിൽ തന്നെ രക്ഷിതാക്കൾ ഏഴുവയസ്സായ കുട്ടിയെ ഇഞ്ചിഞ്ചായി കൊന്ന ചരിത്രമുണ്ട്. അയൽക്കാരോ സ്കൂളിലെ അദ്ധ്യാപകരോ ഇത് ശ്രദ്ധിച്ചില്ല. ചുറ്റുവട്ടത്തു സംഭവിക്കുന്ന കാര്യങ്ങൾ നമ്മൾ അറിയുന്നില്ല. നമ്മൾ ഒറ്റപ്പെട്ട ദ്വീപുകളായി കഴിയുന്നു. അന്വേഷിയുടെ പ്രവർത്തനത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നതായി ശ്രീ.എം.ടി പറഞ്ഞു.

അടുത്തതായി സംസാരിച്ച അന്വേഷി പ്രസിഡണ്ട് അജിത പ്രശ്നങ്ങളുമായി അന്വേഷിയിലെത്തുന്ന സ്ത്രീകൾ ആത്മഹത്യയുടെ വക്കത്തെത്തിനിൽക്കുന്നവരാണെന്നുപറഞ്ഞു. പോകാനിടമില്ലാത്ത ഈ സ്ത്രീകൾക്ക് പത്ത് വർഷം മുമ്പ് ആരംഭിച്ച ഷോർട്ട് സ്റ്റേ ഹോമിൽ അഡ്മിഷൻ കൊടുക്കുന്നു. അവർക്ക് കൗൺസലിംഗ് ചികിത്സാസഹായം, നിയമസഹായം തുടങ്ങിയവ ലഭ്യമാക്കുന്നു. ഇതുവഴി ധാരാളം സ്ത്രീകളെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള സ്ത്രീകൾക്ക് സ്ഥിരമായ ഒരു ഇടത്താവളം ഒരുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ പരിപാടി സംഘടിപ്പിച്ചത് എന്ന് അവർ ചൂണ്ടിക്കാട്ടി. ●



ശാസ്ത്രം

സീമ ശ്രീലയം



# ഭൗമദിനങ്ങൾ ഓർമ്മിപ്പിക്കുന്നത്...


**വേനലും** മഞ്ഞും മഴയുമൊക്കെയായി ഒരു താളമുണ്ടായിരുന്നു കാലത്തിന്. എന്നാൽ ഇപ്പോൾ കാലത്തിനും കണക്ക് പിഴച്ചുതുടങ്ങിയിരിക്കുന്നു. കാലം തെറ്റിപ്പെയ്യുന്ന മഴയും തണുപ്പില്ലാത്ത ശൈത്യകാലവും ചുട്ടുപൊള്ളിക്കുന്ന വേനലുമൊക്കെ നോക്കി കാലത്തിന്റെ താളപ്പിഴകളെക്കുറിച്ച് പരിതപിക്കുമ്പോൾ എപ്പോഴെങ്കിലും ഓർക്കാറുണ്ടോ നമ്മുടെ തന്നെ ചെയ്തികളുടെ ഫലമാണിതെന്ന്? ഓൺലി വൺ എർത്ത് എന്ന പുസ്തകത്തിൽ പറയുന്നതു പോലെ പൈതൃകസ്വത്തായി നമുക്ക് ലഭിച്ചതല്ല, മറിച്ച് വരും തലമുറകളിൽ നിന്നു കടം വാങ്ങിയതാണീ ഭൂമി എന്ന തിരിച്ചറിവ് നമുക്കില്ലാതെ പോയതിന്റെ അനിവാര്യമായ തിരിച്ചടികളാണിതെല്ലാം.
പൊള്ളിപ്പനിക്കുന്ന ഭൂമിയിൽ നമ്മെ കാത്തിരിക്കുന്നത് ഒരു വല്ലാത്ത കാലം തന്നെയാണ്.
അമേരിക്കയിലെ ആദിമ നിവാസികളായ ദുവാമിഷ് , സുഗ്വാമിഷ് ഗോത്രവർഗ്ഗങ്ങളുടെ തലവനായിരുന്ന സിയാറ്റിൽ മൂപ്പൻ 1854 ൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ലിൻ പിയേഴ്സണ് ഒരു കത്തെഴുതി. തങ്ങളുടെ ജീവന്റെ അംശമായ ഭൂമി കയ്യടക്കാനെത്തിയ വെളുത്തവർഗ്ഗക്കാരോട് ആ ഗോത്രത്തലവൻ പറഞ്ഞ വാക്കുകൾക്ക് കാലങ്ങൾക്കിപ്പുറവും പ്രസക്തി മങ്ങുന്നില്ല. ഈ ഭൂമിയിലെ ഓരോ തളിരിലയും പൂവും പുൽമേടുകളും മണൽത്തിട്ടയും നദികളും തടാകങ്ങളും പർവ്വതശിഖരങ്ങളുമൊക്കെ സർവ്വജീവജാലങ്ങളുടേതുമാണ്. സർവ്വജീവജാലങ്ങളും നമ്മുടെ കൂടപ്പിറപ്പുകൾ തന്നെയാണ്. മണ്ണും വെള്ളവും വായുവും വിൽപ്പനച്ചരക്കാവുന്നതെക്കുറിച്ചും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെക്കുറിച്ചും വരാനിരിക്കുന്ന ഇരുണ്ട



നാളെയെക്കുറിച്ചും ഒക്കെയുള്ള ആശങ്കകൾ സിയാറ്റിൽ മൂപ്പന്റെ വാചകങ്ങളിലുണ്ടായിരുന്നു. മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ ഭൂമിക്ക് ചരമഗീതം രചിക്കുമ്പോൾ ഒരുപാട് ഓർമ്മപ്പെടുത്തലുകളും മുന്നറിയിപ്പുകളുമായാണ് ഓരോ വർഷവും ഏപ്രിൽ 22 ന് ഭൗമദിനം കടന്നുവരുന്നത്. 2100 ഓടെ ഭൂമിയുടെ ശരാശരി താപനില നാലു ഡിഗ്രി സെൽഷ്യസ് എങ്കിലും വർദ്ധിക്കുമെന്നാണ് വിവിധ പഠന റിപ്പോർട്ടുകൾ നൽകുന്ന സൂചന. 2200 ഓടെ താപവർദ്ധന എട്ടു ഡിഗ്രി സെൽഷ്യസ് ആയി ഉയരാനും സാദ്ധ്യതയുണ്ട്. കഴിഞ്ഞ എട്ട് ലക്ഷം വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ അന്തരീക്ഷ കാർബൺ ഡൈ ഓക്സൈഡിന്റെ തോതിൽ റെക്കോർഡ് വർദ്ധനവുണ്ടായ വർഷം കൂടിയാണ് കടന്നുപോയത്. വ്യാവസായിക വിപ്ലവത്തിനു മുൻപ് അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് 278 പിപിഎം ആയിരുന്നെങ്കിൽ ഇന്നത് 400 പിപിഎം കടന്നുകഴിഞ്ഞു. കാർബൺ ഡൈ ഓക്സൈഡ് , മീഥേൻ, നൈട്രസ് ഓക്സൈഡ്, ജലബാഷ്പം, സിഎഫ്സികൾ തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ അതിസാന്നിധ്യമാണ് ഭൂമിയെ ചുട്ടുപൊള്ളിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ ഇപ്പോൾ ആഗോളതാപനത്തിന് ഏറ്റവും കൂടുതൽ കാരണമാവുന്നത് കാർബൺ ഡൈ ഓക്സൈഡ് തന്നെ. ഇതിന്റെ പ്രധാന സ്രോതസ്സാവട്ടെ ഫോസ്സിൽ ഇന്ധനങ്ങളുടെ ജ്വലനവും.അനിയന്ത്രിതമായ വനനാശവും ഫോസ്സിൽ ഇന്ധങ്ങളുടെ ജ്വലനവും ഇങ്ങനെ തുടരുകയും പരിസ്ഥിതി സൗഹൃദ ബദൽ ഊർജസ്രോതസ്സുകളുടെ ഉപയോഗം വ്യാപകമാവാതിരിക്കുകയും ചെയ്താൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ കുതിച്ചുയരും. ആഗോളതാപനത്തിന്റെ കാരണങ്ങളിൽ ഭൂരിഭാഗവും മനുഷ്യന്റെ തന്നെ സംഭാവനയാണെന്ന് ഇന്റർ ഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ റിപ്പോർട്ടും അടിവരയിടുന്നു. അപ്പോഴും റിയോ ഉടമ്പടിയും ക്യോട്ടോ ഉടമ്പടിയുമൊക്കെ നോക്കുകുത്തികൾ മാത്രമായി മാറുന്നു.

ആഗോളതാപനത്തിന്റെ സന്തതിയായ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ ഭൂമിയെ ആത്മഹത്യാമുനമ്പിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്.ഭൂമി പനിച്ചൂടിൽ വിറച്ചും കിതച്ചും തളരുമ്പോൾ ഹിമാലയത്തിലെയും ധ്രുവങ്ങളിലെയും ഗ്രീൻലാന്റിലെയുമൊക്കെ മഞ്ഞ് ഉരുകിത്തീർന്നുകൊണ്ടിരിക്കുന്നു. ഫലമോ? സമുദ്രജലനിരപ്പ് ഉയരും . സമുദ്രം കലിതുള്ളുമ്പോൾ പല താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലാവും. ഒരു ഭാഗത്ത് ഒരു തുള്ളി ദാഹജലത്തിനായി മനുഷ്യൻ പരക്കം പായും.സമുദ്രത്തിൽ ലയിക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കൂടുന്നതിന്റെ ഫലമായി സമുദ്രജലം അമ്ലമയമായിക്കൊണ്ടിരിക്കുന്നു കാലാവസ്ഥാ വ്യതിയാനങ്ങൾ ആവാസവ്യവസ്ഥകളെ തുടച്ചുനീക്കിക്കൊണ്ടുമിരി ക്കുന്നു. മരുഭൂമികളാണെങ്കിൽ വിസ്തൃതമാവുന്നു. ജൈവവൈവിധ്യം മാഞ്ഞുപോവുന്നു. ശുദ്ധജലം അപൂർവ്വ വസ്തുവായി മാറിക്കഴിഞ്ഞു. യു.എൻ കണക്കനുസരിച്ച് ഇപ്പോൾത്തന്നെ 120 കോടിയോളം ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നില്ല. പകർച്ചവ്യാധികളും കൊടും വരൾച്ചയും ഭക്ഷ്യക്ഷാമവും താപതരംഗങ്ങളും ഒക്കെച്ചേർന്ന് ജീവിതം ദുസ്സഹമാവും. മൂന്നാം ലോകരാജ്യങ്ങളിലെ പാവങ്ങളാണ് താപനത്തിന്റെ കെടുതികൾ ഏറ്റവുമധികം അനുഭവിക്കേണ്ടി വരിക. നമ്മുടെ കേരളത്തിപ്പോലും സൂര്യാഘാതവും വറ്റിവരളുന്ന ജലാശയങ്ങളും ടാങ്കർലോറികൾക്കു മുന്നിൽ വെള്ളത്തിനായി നീളുന്ന ക്യൂവുമൊക്കെ സാധാരണസംഭവമായി മാറിക്കഴിഞ്ഞു.

ഹരിത നഗരങ്ങൾ എന്നതാണ് ഈ വർഷത്തെ ഭൗമദിനാചരണ വിഷയം. ജനപ്പെരുപ്പവും ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും അശാസ്ത്രീയമായ വികസനപ്രവർത്തങ്ങളും മലിനീകരണവും ഒക്കെ കാരണം അക്ഷരാർഥത്തിൽ ശ്വാസം മുട്ടിക്കൊണ്ടിരിക്കുകയാണ് നഗരങ്ങൾ. ഇതുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല. നഗരങ്ങളുടെ സുസ്ഥിര വികസനത്തിനുള്ള പദ്ധതികൾ പ്രായോഗികമാക്കി സുസ്ഥിര ഭാവിയിലേക്കുള്ള യാത്ര സുഗമമാക്കാമെന്നും അതിലൂടെ നഗരങ്ങൾക്ക് പരിസ്ഥിതിസൗഹൃദ മുഖം നൽകാമെന്നുമുള്ള സന്ദേശമാണ് ഈ വർഷത്തെ ഭൗമദിനം മുന്നോട്ടുവയ്ക്കുന്നത്. ●




**ഗില്ലാറ്റിൻ**
**കെ.ആർ.മീര**
**കറന്റ് ബുക്സ്, വില : 45 രൂപ**

ഒരു സമ്മർദ്ദിതനാടകവേദിയിലെ കുടിപാർപ്പുകാരാണ് മനുഷ്യർ എന്നതിന് ഈ കഥകൾ അടിവരയിടുന്നു. ചരിത്രം കോമാളിവേഷത്തിൽ മർദ്ദനോപകരണവുമായി പ്രത്യക്ഷപ്പെടുമ്പോൾ കഥകൾകൊണ്ടു തീർക്കാവുന്ന പ്രതിരോധങ്ങളെക്കുറിച്ചെല്ലാം ഈ എഴുത്തുകാരി ബോധവതിയാണ്. ഒരു പക്ഷേ, മലയാളത്തിൽ അധികം മാതൃകകളില്ലാത്ത എഴുത്തുരീതിയാണ് ഈ കഥാകാരികയുടേത്. നർമ്മബോധം പോലും വിലക്കപ്പെട്ട സ്ത്രീലോകത്തിന്റെ പലതരം ഏകാന്തതകളെ ആത്മപരിഹാസത്തോളമെത്തുന്ന നിർമ്മതയോടെ ഈ കഥാകാരി അടയാളപ്പെടുത്തുന്നു. എഴുതിയ കാലത്തു തന്നെ പ്രശസ്തമായ കഥകളുടെ സമാഹാരം




**ജനകീയ സമരങ്ങളിൽ**
**മലബാറിന്റെ പെൺപാതകൾ**
**ഡോ.ടി.കെ.ആനന്ദി**
**കേരളശാസ്ത്രസാഹിത്യ പരിഷത്ത്**
**വില : 60 രൂപ**

നവോത്ഥാന കാലഘട്ടത്തിൽ മലബാറിന്റെ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ അർത്ഥപൂർണ്ണമായ സ്ത്രീസാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. പ്രാദേശികമായ ജനകീയസമരങ്ങളിൽ പങ്കെടുത്ത അത്രയൊന്നും അറിയപ്പെടാത്ത ധാരാളം വനിതകളുണ്ട്. അവരെക്കുറിച്ചാണ് ഈ പുസ്തകം. ആ കാലഘട്ടത്തിലെ സ്ത്രീകളുടെ പദവിയേയും ദൃശ്യതയേയും കുറിച്ചുള്ള നിരീക്ഷണങ്ങളാണിത്.




**ഇനിയും വീടാത്ത ഹൃദയത്തിന്റെ കടം**
**ഗീതാഹിരണ്യൻ**
**ഡി.സി.ബുക്സ്, 50 രൂപ**

"45 വർഷമേ ജീവിച്ചിരുന്നുള്ളൂ. പക്ഷേ ഗീതയുടെ ആന്തരജീവിതത്തിന് പല ജന്മങ്ങളുടെ ആഴവും ഭാവസങ്കീർണ്ണതയുമുണ്ടായിരുന്നു."

**ഒ.എൻ.വി.കുറുപ്പ്**

ഗീതാഹിരണ്യൻ അന്തരിച്ചപ്പോൾ സ്നേഹിച്ചും ജീവിച്ചും മതിവരാത്ത ഒരാത്മാവാണ് നമ്മെ വിട്ടുപിരിഞ്ഞത്. എന്നാൽ നല്ല എഴുത്തുകാർക്കു മാത്രമവകാശപ്പെട്ട മഹനീയമായ ഒരു മരണാനന്തരജീവിതത്തിലേക്കുള്ള ചുവടുമാറ്റമായിരുന്നു അതെന്ന് സാക്ഷ്യപ്പെടുത്തുന്ന ഏതാനും ലേഖനങ്ങളും കവിതകളുമാണ് ഈ സമാഹാരത്തിൽ.
അവതാരിക : **ഒ.എൻ.വി.കുറുപ്പ്**
പിൻകുറുപ്പ് : **സുജാതാദേവി**

# സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം




**അന്വേഷിയുടെ** ഹെൽത്ത് പ്രോജക്റ്റിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിലെ നെഴ്സിംഗ് സ്റ്റുഡൻസിന് 6-3-201ന് കോളേജ് ഓഫ് നെഴ്സിംഗ് ഓഡിറ്റോറിയത്തിൽ വെച്ച് 'സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം' എന്ന വിഷയത്തിൽ സെമിനാർ നടത്തി. അന്വേഷി പ്രസിഡണ്ട് കെ.അജിത അദ്ധ്യക്ഷത വഹിച്ചു. നെഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ശ്രീമതി. നിർമ്മല പരിപാടി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ അവർ ഇത്തരം ക്ലാസ്സുകളുടെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങളുമായി ഇടപെടുന്ന നെഴ്സുമാർ തീർച്ചയായും സ്ത്രീകളുടെ പ്രശ്നങ്ങളെപ്പറ്റിയും മനസ്സിലാക്കണമെന്നും ഇത്തരം ക്ലാസ്സുകൾ നമ്മുടെ കർമ്മമേഖലയിൽ മാത്രമല്ല,അവനവന്റെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും ഉപകാരപ്പെടുന്നവയാണെന്നും പറഞ്ഞു. കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീ.അഷ്റഫ് കാവിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെപ്പറ്റിയും 2005ലെ ഗാർഹികപീഡനനിരോധനനിയമത്തെപ്പറ്റിയും ഈ നിയമപ്രകാരം ലഭിക്കുന്ന സ്ത്രീകൾക്ക് അവകാശങ്ങളെപ്പറ്റിയും സംസാരിച്ചു. പിന്നീട് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആരോഗ്യപ്രവർത്തകരുടെ പങ്കിനെപ്പറ്റിയും ഈ മേഖലയിലെ അന്വേഷിയുടെ ഇടപെടലുകളെക്കുറിച്ചും അന്വേഷി സെക്രട്ടറി പി.ശ്രീജ വിശദമായി സംസാരിച്ചു. അറുപതിലധികം നെഴ്സിംഗ് സ്റ്റുഡന്റ്സ് പങ്കെടുത്ത സെമിനാർ നാലുമണിയോടുകൂടി സമാപിച്ചു.

